# PROJECT ON

# A STUDY ON KALIDASA ABHINJANA SAKUNTHALA BASED ON DESHARUPAKA


*SUBMITTED BY*

*ARYA AJI*

*REG. NO : SM22BHA003*

*M A BHARATANATYAM*

**DEPARTMENT OF BHARATANATYAM**

**ST. TERESA'S COLLEGE, ERNAKULAM**



**AFFILIATED TO M G UNIVERSITY**

**2022-2024**

# സാക്ഷ്യപത്രം

ആര്യ അജി
ഭരതനാട്യ വിഭാഗം
സെന്റ്. തെരേസാസ് കോളേജ്
എറണാകുളം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഭരതനാട്യ ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗീക പൂർത്തീകരണത്തിനായി ആര്യ അജി സമർപ്പിക്കുന്ന "ദശരൂപകത്തെ അടിസ്ഥാനമാക്കിയുള്ള കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തെക്കുറിച്ചുള്ള പഠനം " എന്ന ഗവേഷണ പ്രബന്ധം എന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡോ. ബീന. ഡി
ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്
അസിസ്റ്റന്റ് പ്രൊഫസർ
ഭരതനാട്യ വിഭാഗം
സെന്റ്. തെരേസാസ് കോളേജ്
എറണാകുളം

കോളേജ് സീൽ എക്സ്റ്റേണൽ എക്സാമിനർ

സമർപ്പിച്ച തീയതി :

## സത്യവാചകം

ഈ പ്രബന്ധം ഇതിനു മുമ്പ് ഏതെങ്കിലും സർവ്വകലാശാലയുടേയോ, തത്തുല്യമായ സ്ഥാപനത്തിന്റേയോ ബിരുദത്തിനോ, ഫെലോഷിപ്പിനോ മറ്റേതെങ്കിലും ടൈറ്റിലിനോ, അംഗീകാരത്തിനോ വേണ്ടി എഴുതപ്പെട്ടിട്ടുള്ളതന്നെന്ന് ഇതിനാൽ ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

എറണാകുളം ആര്യ അജി

തീയതി :

# നന്ദി

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ഭരതനാട്യ ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗീക പൂർത്തീകരണത്തിനായി സമർപ്പിക്കുന്ന "ദശരൂപകത്തെ അടിസ്ഥാനമാക്കിയുള്ള കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തെക്കുറിച്ചുള്ള പഠനം" എന്ന ഈ പ്രബന്ധം തയ്യാറാക്കുന്നതിന് എനിക്ക് മാർഗ്ഗനിർദ്ദേശം നൽകി എല്ലാ സഹായ സഹകരണങ്ങളും ചെയ്തു തന്ന ഭരതനാട്യ വിഭാഗം അധ്യാപികയും, വകുപ്പ് മേധാവിയുമായ ഡോ. ബീന. ഡി യോടും മറ്റ് അധ്യാപകരോടും സെന്റ് തെരേസാസ് കോളേജ് ലൈബ്രറിയോടും ഉള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുന്നു.

എറണാകുളം ആര്യ അജി

തീയതി :

# ദശരൂപകത്തെ അടിസ്ഥാനമാക്കിയുള്ള
# കാളിദാസന്റെ അഭിജ്ഞാന
# ശാകുന്തളത്തെക്കുറിച്ചുള്ള
# പഠനം

# ഉള്ളടക്കം


| ക്രമനം. | തലക്കെട്ട് | പേജ് നം |
|---|---|---|
| 1. | ആമുഖം | 7 |
| 2. | അധ്യായം - 1 ദശരൂപകവിധാനം | 8 |
| 3. | അധ്യായം - 2 അഭിജ്ഞാനശാകുന്തളകഥാപാത്രവിവരണം | 28 |
| 4. | അധ്യായം - 3 കാളിദാസ അഭിജ്ഞാന ശാകുന്തളം | 31 |
| 5. | അധ്യായം - 4 പഠനത്തിന്റെ കണ്ടെത്തലുകൾ | 62 |
| 6. | ഉപസംഹാരം | 65 |
| 7. | ഗ്രന്ഥസൂചിക | 66 |

# ആമുഖം

ബി. സി 500–ൽ ഭരതമുനിയാൽ രചിക്കപ്പെട്ട നാട്യകലയുടെ സർവ്വ വിജ്ഞാന കോശമാണ് നാട്യശാസ്ത്രം എന്ന ഗ്രന്ഥം. രംഗകലയുടെ മണ്ഡലത്തിൽ പ്രവർത്തിക്കുന്നവർക്കായിട്ടുള്ള ഒരു അടിസ്ഥാന പുസ്തകമാണ് ഭരതമുനിയുടെ നാട്യശാസ്ത്രം. മുപ്പത്തിയാറ് അദ്ധ്യായങ്ങളായാണ് നാട്യശാസ്ത്രത്തിലുള്ളത്. ഗദ്യപാദ്യങ്ങളടങ്ങിയ ഈ ശാസ്ത്രഗ്രന്ഥത്തിൽ 6000–ത്തോളം ശ്ലോകങ്ങളുണ്ട്. കാവ്യം, വ്യാകരണം, അലങ്കാരം, നൃത്തം, നാട്യം, സംഗീതം, വാദ്യം തുടങ്ങിയ രചയിതാവിനും, സംവിധായകനും, അഭിനേതാക്കൾക്കും ആവശ്യമായ നിർദ്ദേശങ്ങളും നാട്യശാസ്ത്ര ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കുന്നു. അവയിലെ 20–ാം മത്തെ അദ്ധ്യായമായ ദശരൂപകവിധാനത്തിൽ പത്ത് രൂപകങ്ങളെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. നാടകം, പ്രകരണം, അങ്കം, വ്യായോഗം, ഭാണം, സമവകാരം, വീഥി, പ്രഹസനം, ഡിമം, ഈഹാമൃഗം എന്നിവയാണ്. ഇവ പത്തും കഥയേയും, കഥാപാത്ര സ്വഭാവ രീതികളിലും വ്യത്യസ്തങ്ങളാണ്.

ഈ രൂപകങ്ങളുടെ അടിസ്ഥാനത്തിൽ 4–ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തെക്കുറിച്ചാണ് ഈ പഠനം. അഭിജ്ഞാനശാകുന്തളം എഴ് അംഗങ്ങളടങ്ങുന്ന ഒരു സംസ്കൃത നാടകമാണ്. അഭിജ്ഞാനശാകുന്തളം എന്ന ഈ നാടക ഗ്രന്ഥത്തിന് നിരവധി വിവർത്തനങ്ങൾ പലഭാഷകളിലായി വിശദീകരിച്ചിട്ടുണ്ട്. ആദ്യമായി പാശ്ചാത്യ ഭാഷയിൽ തർജ്ജമ ചെയ്ത ആദ്യ നാടകം എന്ന മഹനീയതയ്ക്ക് അർഹനാണ് കാളിദാസന്റെ അഭിജ്ഞാനശാകുന്തളം . 1789–ൽ ആദ്യമായി ഇംഗ്ലീഷ് ഭാഷയിലേക്ക് ഈ നാടകത്തെ തർജ്ജമ ചെയ്തത് വില്യം ജോൺ ആണ്. ശീർഷകത്തിൽ അഭിജ്ഞാന എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ശകുന്തളയുടെ തിരിച്ചറിയലിന്റെ അടയാളം എന്നതാണ്. ആതായത്, കഥാസാരത്തിൽ ഒരു മോതിരത്തെ പരാമർശിക്കുന്നുണ്ട്. അത് കഥയിലെ തന്നെ ഒരു പ്രധാന ഭാഗമാണ്. അഭിജ്ഞാനശാകുന്തളത്തിന്റെ അടിസ്ഥാനവേര് വന്നത് മഹാഭാരതത്തിൽ നിന്നാണ്. വിശ്വാമിത്ര മുനിയുടേയും, മേനകയുടേയും മകളായിരുന്നു ശകുന്തള. കണ്വ മുനിയാണ് അവളെ എടുത്തുവളർത്തിയത്. ഹസ്തിനപുരിയിലെ രാജാവായ ദുഷ്യന്തനെ വിവാഹം കഴിക്കുകയും, പിന്നീട് അവൾ കുരുവംശത്തിന്റെ പൂർവ്വികനായ ഭരതന് ജന്മം നൽകി. എന്നാൽ കാളിദാസൻ ഈ കഥയെ പ്രണയ സാരാംശത്താലും, വിരഹം, ഒത്തുചേരൽ, സമർപ്പണം, നിരവധി കൂട്ടിച്ചേർത്ത് കലയിലെ വിശിഷ്ടമായ ഒന്നാക്കിമാറ്റി. രചന കാലം, ഏതു കാലഘട്ടമെന്ന് വ്യക്തമല്ല. എന്നിരുന്നാൽ കൂടി അദ്ദേഹത്തിന്റെ കാലഘട്ടത്തിനനുസരിച്ച് 2–ാം നൂറ്റാണ്ടിനോ, 4–ാം നൂറ്റാണ്ടിനോ ഇടയിലാണ് എന്ന് കരുതപ്പെടുന്നു.

# അധ്യായം – 1

# ദശരൂപകവിധാനം

ഭരതന്റെ നാട്യശാസ്ത്രം 20-ാം അദ്ധ്യായത്തിൽ പത്തുതരം നാടകങ്ങളുണ്ടെന്ന് പറയുന്നു. സംഗീത സ്വരങ്ങൾ/സ്വരസ്കെയിലുകൾ രൂപപ്പെടുത്തുന്നതുപോലെ വ്യത്യസ്ത വൃത്തികൾ വ്യത്യസ്ത നാടകങ്ങൾ ഉൾക്കൊള്ളുന്നു. സദ്ജയും, മധ്യമവും എല്ലാ കുറിപ്പുകളും ഉൾക്കൊള്ളുന്നതുപോലെ നാടകവും പ്രകരണവും എല്ലാ വൃത്തങ്ങളും ഉൾക്കൊള്ളുന്നു. കൂടാതെ വിഷയാംഗങ്ങളെക്കുറിച്ചും ലാസ്യത്തിന്റെ 10 അംഗങ്ങളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. നാടകം, പ്രകരണം, അങ്കം, വ്യായോഗം, ഭരണം, സമവകാരം, വിധി, പ്രഹസനം, ഡിമം, ഈഹാമൃഗം ഇവയാണ് പത്ത് രൂപകങ്ങൾ

1. **നാടകം :**

അറിയപ്പെടുന്ന ഒരു കഥയാണ് പ്രമേയമായി ഉള്ളത്. ഒരു രാജകീയ മുനിയുടേയും കുടുംബത്തിന്റേയും കഥയുമായി ബന്ധപ്പെട്ട ഉന്നത സ്വഭാവമുള്ള ഒരു അറിയപ്പെടുന്ന നായകൻ. ഒരു നാടകത്തിൽ രാജാക്കൻമാരുടെ കഥയുണ്ട്. വിവിധ രസങ്ങൾ/വികാരങ്ങൾ എന്നിവയുമുണ്ട്.

2. **പ്രകരണം :**

കഥയും നിർമ്മാണവും നായകനും രചയിതാവിന്റെ യഥാർത്ഥ സൃഷ്ടികളാണ് പ്രകരണം. അതിൽ അഞ്ചിൽ കുറയാത്തതും, പത്തിൽ കൂടാത്തതുമായ പ്രവൃത്തികൾ ഉണ്ടായിരിക്കണം.

3. **സമവകാരം :**

സമവകാരത്തിൽ ദേവൻമാരും അസുരന്മാരും കഥ കൈകാര്യം ചെയ്യുന്നു. അതിൽ അങ്കം മൂന്നുമാത്രം. മൂന്നു കപടവും. മൂന്നു ഓട്ടവും. മൂന്നു ശൃംഗാരവും ഉണ്ട്. അതിൽ 12 പ്രധാന കഥാപാത്രങ്ങൾഉണ്ടായിരിക്കും.

4. **ഈഹാമൃഗം :**

ഈഹാമൃഗത്തിൽ കഥാപാത്രങ്ങൾ ദൈവികമാണ്. ഒരു ദിവ്യസ്ത്രീയുടെ പേരിൽ യുദ്ധമാണ് പ്രമേയം. അവളുടെ ദേഷ്യമാണ് വികസിക്കേണ്ടത്. പുരുഷ കഥാപാത്രങ്ങളിൽ പലതും ധീരൻമാരായിരിക്കും.

5. **<u>ഡിമം :</u>**

ഡിമത്തിൽ അറിയപ്പെടുന്ന ഒരു കഥ ഉണ്ടായിരിക്കണം. അതിൽ പ്രസിദ്ധനും, ധരോദാത്തനുമാവണം നായകൻ. അവരിൽ 16 പേരും ഉണ്ടായിരിക്കണം. അതിൽ ശൃംഗാരവും, ഹാസ്യവും ഒഴികെയുള്ള ആറ് രസങ്ങൾ ഉണ്ടായിരിക്കണം.

6. **<u>വ്യായോഗം :</u>**

പ്രസിദ്ധനായ നായകനെ ചുറ്റിപ്പറ്റിയാണ് ഇത് നിർമ്മിക്കേണ്ടത്. കുറച്ച് സ്ത്രീ കഥാപാത്രങ്ങളും ഒരു ദിവസം ദൈർഘ്യമുള്ള സംഭവങ്ങളും നായകൻ ഒരു ദിവ്യനാകരുത്. മറിച്ച് ഒരു രാജകീയ ജ്ഞാനിയായിരിക്കണം.

7. **<u>അങ്കം :</u>**

ഉത്സൃഷ്ടികങ്ക എന്നും ഇതിനെ വിളിക്കുന്നു. ഇവിടെ നായകൻ ദിവ്യന്മാരാകരുത് മറിച്ച് മനുഷ്യരാകണം. പ്രധാനമായും കരുണ രസം ഉണ്ടായിരിക്കണം.

8. **<u>പ്രഹസനം :</u>**

പ്രഹസനം (തമിഴ് ഭാഷയിൽ പരിഹാസം എന്നാണ്). ശുദ്ധം, സങ്കീർണ്ണം എന്നീ രണ്ട് വിധമുണ്ട്. ശുദ്ധമായ പ്രഹസനം ഗുരുക്കൾ, സന്യാസിമാർ, ബുദ്ധമത സന്യാസിമാർ, ബ്രാഹ്മണർ തുടങ്ങിയവരെ പരിഹസിച്ചുകൊണ്ടുള്ള ആക്ഷേപഹാസ്യമാണ്. നർമ്മ സംഭാഷണങ്ങൾ ഇതിൽ ധാരാളം ഉണ്ട്. വേശ്യവൃത്തിക്കാർ, വേലക്കാർ, നപുംസകങ്ങൾ, തെമ്മാടികൾ, ധീരന്മാർ എന്നിവ മാന്യമല്ലാത്ത വസ്ത്രധാരണത്തിൽ പ്രത്യക്ഷപ്പെടുകയും തുറന്ന ആംഗ്യങ്ങൾ കാണിക്കുകയും ചെയ്യുന്നതാണ് സങ്കീർണ്ണം.

9. **<u>ഭാണം :</u>**

ഭാണം അഭിനയിക്കേണ്ടത് ഒരാളാണ്. ഒന്നുകിൽ അത് ഒരാളുടെ സ്വന്തം അനുഭവത്തെയോ, മറ്റേതെങ്കിലും വ്യക്തിയുടെ പ്രവർത്തികളെയോ സൂചിപ്പിക്കുന്നു. രണ്ട് ഇനങ്ങളുണ്ട്. നടൻ ആകാശത്തേക്ക് നോക്കി അദൃശ്യനായ ഒരാളുമായി സംഭാഷണം തുടരാം. അല്ലെങ്കിൽ അയാൾ തന്നെ അനുയോജ്യമായ ആംഗ്യങ്ങളോടെ മറ്റൊരാളുടെ സംഭാഷണം ആവർത്തിക്കുന്നു.

10. <u>**വിഥി :**</u>

ഒരങ്കം മാത്രമുള്ളതാണ് വിഥി. അതിൽ ഉയർന്നതോ (ഉത്തമ പ്രകൃതി), മധ്യമോ (മധ്യമപ്രകൃതി), താഴ്ന്നതോ (അധമപ്രകൃതി) എന്നീ മൂന്ന് പ്രകൃതികളും ഇതിൽ ഉണ്ട്. എല്ലാ രസങ്ങളും അവയുടെ ലക്ഷണങ്ങളും ഇതിൽ വരാം കൂടാതെ 13 അംഗങ്ങളും.

## വീഥ്യാംഗങ്ങൾ

ഉദ്ഘാത്യകം, അവലഗിതം, അവസ്പന്ദിതം, നാളികം, അസൽ പ്രലാപം, വാക്കേളി, പ്രപഞ്ചം, മൃദവം, അധിബലം, ഛലം, ത്രിഗതം, വ്യാഹാരം, ഗണ്ഡം, എന്നിവയാണ് 13 അംഗങ്ങൾ.

## ലാസ്യം

ലാസ്യയ്ക്ക് ഭാണയുടെ രൂപത്തിന് സമാനമായ രൂപമുണ്ട്. അത് ഒരു വ്യക്തിയാണ് പ്രവർത്തിക്കേണ്ടത്. അതിന്റെ പ്രവർത്തനം പ്രകാരണത്തെപ്പോലെ സാങ്കൽപികവും അനേകം മനഃശാസ്ത്രപരമായ അവസ്ഥകളുമായി ബന്ധപ്പെട്ടതുമാണ്. 12 തരം അംഗങ്ങൾ ഇതിലുണ്ട്. ലാസ്യാംഗങ്ങൾ

ഗേയപദം, സ്ഥിതപാഠ്യം, ആസിനം, പുഷ്പഗണ്ഡിതം, പ്രച്ഛേദകം, ത്രിമൂഢകം, സൈന്താവകം, ദ്വിമീഢകം, ഉത്തമോത്തമകം, ഉക്തപ്രത്യുക്തം ഇങ്ങനെ ലാസ്യാംഗങ്ങൾ പത്ത് വിധം.

## ദശരൂപകവിധാനം

ഭരതമുനി ആരംഭത്തിൽ തന്നെ ബ്രാഹ്മണരോട് താൻ പത്തു രൂപങ്ങളേയും അവയുടെ ലക്ഷണങ്ങളും ഭേദങ്ങളും വിവരിക്കുക ആണെന്ന് പറഞ്ഞ് ആരംഭിക്കുന്നു.

*"നാടകം സപ്രകരണ-*
*മങ്കോ വ്യായോഗ ഏവ ച*
*ഭാണഃ സമവകാരശ്ച*
*വീഥീ പ്രഹനസംഡിമഃ*

*ഈഹാമൃഗഞ്ച വിജ്ഞേയ*
*ദശമോ നാട്യലക്ഷണേ*
*ഏതേഷാം ലക്ഷണമഹം*
*വ്യാഖ്യാസ്യാമ്യാനുപൂർവ്വശഃ "*

നാടകം, പ്രകരണം, അങ്കം, വ്യായോഗം, ഭാണം, സമവകാരം, വീഥീ, പ്രഹസനം, ഡീമം, ഈഹാമൃഗം എന്നിവയാണ് ഭരതമുനി നാട്യശാസ്ത്രത്തിൽ വിവരിച്ചിട്ടുള്ള പത്ത് രൂപകങ്ങൾ അധവ ദശരൂപകങ്ങൾ. ഇവ ഓരോന്നിനേയും കുറിച്ചുള്ള വ്യക്തമായ വിശദീകരണവും അവയുടെ ലക്ഷണ സഹിതവും ഭരതമുനി നാട്യ ശാസ്ത്രത്തിൽ നൽകിയിട്ടുണ്ട്. കൈശികാദി വൃത്തികൾ ആണ് കാവ്യങ്ങളുടെ പ്രതിഛായ തന്നെ. അതുകൊണ്ട് തന്നെ ദശരൂപകങ്ങളുടെ പ്രയോഗം ഉത്ഭവം വൃത്തികളിൽ നിന്നുമാണ്. ജാതി ഭേദങ്ങളും ശ്രുതി ഭേദങ്ങൾ മൂലവും സ്വരങ്ങൾ ഗ്രാമങ്ങളായിതീരുന്നത് എപ്രകാരം ആണോ അതുപോലെ തന്നെയാണ് കാവ്യബന്ധങ്ങൾ കൊണ്ടും വൃത്തിഭേദങ്ങൾ കൊണ്ടും രൂപകങ്ങൾ ഉത്ഭവിക്കുന്നത്. സ്വരങ്ങൾ മൂലം ഷഡ്ജഗ്രാമം, മദ്ധ്യമഗ്രാമം എന്നിങ്ങനെ രണ്ട് ഗ്രാമങ്ങൾ ഉണ്ടാക്കുന്നു. അത്തരത്തിൽ വൃത്തികൾ മൂലം ഉണ്ടാകുന്ന രണ്ട് രൂപകങ്ങളാണ് നാടകവും പ്രകരണവും. എല്ലാ വൃത്തികളുടെ സംയോഗവും കൂടാതെ ആവണം എന്ന് അദ്ദേഹം എടുത്തു പറഞ്ഞിട്ടുണ്ട്.

## നാടകം

*"പ്രഖ്യാത വസ്തുവിഷയം*
*പ്രഖ്യാതോദാത്തനായകം ചൈവ*
*രാജർഷിവംശ്യചരിതം*
*തഥൈവ ദിവ്യാശ്രയോപേതം*

*നാനാ വിഭൂതിഭിരുത-*
*മൃദ്ധിവിലാസാദിഭിർഗുണൈശ്ചൈവ*
*അങ്കപ്രവേശകാഢ്യം*
*ഭവതി ഹി തന്നാടകം നാമ"*

പ്രസിദ്ധമായ ഒരു ഇതിവൃത്തമായിരിക്കണം, കൂടാതെ പ്രശസ്തനായ രാജ വംശത്തിൽ ജനിച്ചവനും ധീരോദാത്തനുമായിരിക്കണം പ്രധാന കഥാപാത്രം. ദിവ്യ കഥാപാത്രങ്ങൾ അടങ്ങിയതാവണം, ധർമ്മാർത്ഥകാമമോക്ഷ രൂപങ്ങളായ പല വിധത്തിലുള്ള ഫലങ്ങളും സമ്പൽ സമൃദ്ധിയാലും അലങ്കരിക്കപ്പെട്ടിരിക്കും, അങ്കവിഭാഗങ്ങളും കാമോപഭോഗ ഗുണങ്ങളും ഏതിലാണോ ഉള്ളത് അത് നാട കമെന്ന് പറയാം. രാജാക്കൻമാരിൽ ഉണ്ടാകുന്ന പല വിധ രസങ്ങളും ഭാവങ്ങളും ചേഷ്ടകളും സുഖദുഃഖങ്ങളടങ്ങുന്ന കഥ നാടകത്തിലെ പ്രത്യേകതയാണ്.

അങ്കമെന്നത് മടിതട്ട് എന്ന ശബ്ദമായിട്ടാണ് വിവരിക്കുന്നത്. അർത്ഥത്തെ ഭാവരസാദികൾ കൊണ്ട് പല സംവിധാനത്താലും തന്നിലേക്ക് ഇരുത്തുന്ന പ്രത്യേ കത എന്തെന്നാൽ അധികം നീണ്ടു പോകത്തക്ക വിധത്തിൽ ഉൾക്കൊള്ളുന്ന തുമായിരിക്കണം. കൂടാതെ അങ്കത്തിന്റെ നിർമ്മാണത്തിൽ നായികനായകന്മാർ, ഗുരുജനങ്ങൾ, മന്ത്രി, കച്ചവടക്കാർ തുടങ്ങിയവരുടെ രസഭേദങ്ങൾ ഉൾപ്പെടു ത്തിയിരിക്കണം.

നാടകത്തിനും പ്രകരണത്തിനും കുറഞ്ഞത് അഞ്ചങ്കം ആണ് വേണ്ടത് എന്നിരുന്നാൽ കൂടി പത്തിൽ കൂടുതൽ ആകാനും പാടില്ല. ബീജത്തെ അടി സ്ഥാനപ്പെടുത്തി ഒരങ്കത്തിൽ ഒരു ദിവസത്തെ കാര്യങ്ങൾ ആണ് അടങ്ങുന്നത്. ക്രോധം, വിവാഹം, ശോകം, അത്ഭുതം തുടങ്ങിയവ ഒരങ്കത്തിൽ പ്രത്യക്ഷമാ ക്കേണ്ടതാണ്. രംഗത്ത് പ്രവേശിച്ചവർ രസങ്ങൾക്ക് അനുയോജ്യമായ രീതിയിൽ

തന്നെ ബീജരൂപ അർത്ഥത്തോട് ബന്ധമുള്ള പോലെ തന്നെ പ്രയോഗിച്ച് തിരിച്ച് മടങ്ങേണ്ടുന്നതാണ്. ദൂരദേശത്തേക്കുള്ള യാത്ര കാണിക്കുമ്പോൾ അങ്കമവസാനിച്ച ശേഷം പ്രവേശകാദികളാൽ സൂചിപ്പിക്കേണ്ടുന്നതാണ്. നാടകത്തിലും പ്രകരണത്തിലും നായകനോ, നായികയോ വിവരിച്ച ശേഷമാണ് അങ്കം നിർമ്മിതമാക്കുന്നത് ഒരു വർഷത്തിലധികം നാൾ നടന്ന കാര്യം അങ്കത്തിൽ വിവരിക്കാൻ പാടില്ല. പ്രവേശത്തിൽ ഉത്തമന്മാരോ മദ്ധ്യമന്മാരോ ആയ കഥാപാത്രങ്ങളെ കൊണ്ടുവരുന്നു. സംസ്കൃത ഭാഷയിൽ രചിക്കാത്തതും, പ്രാകൃതഭാഷയിലും പ്രാകൃതാചാരവും ചേർന്നതായിരിക്കണം പ്രവേശകം. പ്രവേശകത്തിൽ കാലവിശേഷത്തിന്റെ ഉത്പത്തിയും വ്യാഖ്യാനത്തിലും, ആരംഭം, കാര്യം, വിഷയം എന്നിവയുടെ പ്രയോജനം വിവരിക്കുന്നു. ചെറുഗദ്യങ്ങൾ ചേർന്നതായാൽ അത് പ്രയോഗത്തിനു ബുദ്ധിമുട്ടുണ്ടാകും.

പ്രയോഗങ്ങളുടെ വൈവിധ്യം മൂലം അങ്കത്തിൽ വേണ്ടുന്ന കാര്യം മുഴുവൻ പറയാൻ കഴിയില്ല. അത്തരത്തിൽ ചുരുക്കി പറയേണ്ടുന്നതാണ്. നാടക പ്രകരണങ്ങളിൽ നായക വധം പാടില്ല. മറ്റ് മദ്ധ്യമത്തിൽ ഉള്ള കഥാപാത്രങ്ങളെ കൊണ്ട് അവതരിപ്പിക്കുന്ന അർത്ഥവത്തായ സൂചകത്തിന് വിഷ്കംഭമെന്നു വിളിക്കാം. ശുദ്ധം, സങ്കീർണ്ണം എന്നിങ്ങനെ നാടകത്തിൽ വിഷ്കംഭം രണ്ട് വിധമാണ്. മദ്ധ്യമ കഥാപാത്രം മാത്രം ഉള്ളവ ശുദ്ധം. അധവയും, മദ്ധ്യമയുമായ കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്നവ സങ്കീർണ്ണം എന്നും അറിയപ്പെടുന്നു. രണ്ടങ്കങ്ങളുടെ ഇടയിൽ തന്നെയും നാടകാരംഭത്തിലും പ്രകരണ നാടകങ്ങളിൽ വിഷ്കംഭം മനസ്സിലാക്കാവുന്നതാണ്. അതിൽ മദ്ധ്യമയും അധമ കഥാപാത്രങ്ങളും ഉൾപ്പെടുത്താവുന്നതാണ്. നാടകത്തിലും പ്രകരണത്തിലും നിരവധി കഥാപാത്ര സാന്നിദ്ധ്യം വേണ്ടതില്ല, നാലോ അഞ്ചോ കഥാപാത്രങ്ങളെ മാത്രം ഉൾപ്പെടുത്തണം. കാവ്യ നിർമ്മാണം പ്രധാനകാര്യം ബന്ധപ്പെടുത്തുന്നത് ഗോപുച്ഛം പോലെ ആയിരിക്കും. ഗോപുച്ഛം എന്നാൽ പശുവിൻ വാൽ പോലെ തന്നെ ശ്രേഷ്ഠ ഭാവങ്ങൾ എല്ലാം അവസാനത്തിലാവണം. രസങ്ങളുടേയും ഭാവങ്ങളുടേയും പല ഘടനകൾ ഉൾക്കൊണ്ട് കൂടാതെ കാവ്യത്തിലും അത്ഭുത രസമടങ്ങിയിരിക്കണം. ഇത്തരത്തിൽ പറഞ്ഞുകൊണ്ട് നാടകം വിശദീകരിക്കുന്നു.

## പ്രകരണം

*"യത്ര കവിരാത്മശക്ത്യാ*
*വസ്തുശരീരശ്ച നായകം ചൈവ*
*ഔത്പത്തീകം പ്രകരുതേ*
*പ്രകരണമിതി തദ്ബുധൈർജ്ഞേയം"*

ഇതിവൃത്തവും നായകനും കവി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. ശ്രേഷ്ഠമായ ഒരു സൃഷ്ടി ഉള്ളതുകൊണ്ട് ഇതിനെ പ്രകരണം എന്ന് വിളിക്കുന്നത്. ഋഷികളുടെ പുരാണങ്ങളിൽ നിന്നുമല്ലാതെ ഏതെങ്കിലും കാവ്യത്തിൽ നിന്നും പ്രസിദ്ധമായ സംഭവം സ്വീകരിക്കാവുന്നതാണ്. കാവ്യത്തിൽ അടങ്ങിയിട്ടുള്ള പല ഗുണങ്ങളും കവി സ്വയം കൽപ്പിച്ചതാവണം. എന്നാൽ മാത്രമേ അത് പ്രകരണമാകൂ. നാടകത്തിൽ പറഞ്ഞിട്ടുള്ള ഇതിവൃത്ത സ്വരൂപവും വൃത്തിവിശേഷങ്ങളും എല്ലാം തന്നെ പ്രകരണത്തിലും ഉണ്ടാവണം. കൂട്ടം ചേർന്ന് കച്ചവടം ചെയ്യുന്നവർ എന്നിവരേയും കുറിച്ചുള്ള വിവിധ കഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടാവും, ധിരോദാത്ത നായകന്മാർ പ്രകരണത്തിൽ പാടില്ല. ദിവ്യന്മാരുടെ കഥകളും, രാജാക്കന്മാരുടെ സുഖഭോഗങ്ങളും പാടില്ല. സാധാരണ ജനങ്ങൾ ഉണ്ടായിരിക്കണം. വിടൻ, ദാസൻ, ചെട്ടി (കച്ചവടക്കാരുടെ ഒരു ജാതി വിഭാഗം ആണ്) എന്നിവരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കണം പ്രകരണത്തിൽ. വേശ്യവിനോദത്തിന് ഉള്ള കാരണം വ്യക്തമായി നൽകിയിട്ടുണ്ടാവണം. കുലസ്ത്രീകളുടെ കഥകൾ ചുരുക്കി പറഞ്ഞത് ഉൾപ്പെടുത്തിയിട്ടുണ്ടാവണം. ബ്രാഹ്മണൻ, മന്ത്രി, ചെട്ടി, പുരോഹിതൻ തുടങ്ങിയവരുടെ കഥയാണ് പ്രകരണത്തിൽ ഉള്ളടക്കമായി വരുന്നതെങ്കിൽ അവയിൽ വേശ്യസ്ത്രീകൾ പാടില്ല. വേശ്യസ്ത്രീകൾ ഉള്ള കഥാസാരം ആയാൽ കുലസ്ത്രീകളും ഉൾപ്പെടുത്താൻ പാടില്ല. തക്കതായ കാരണത്തോടെ വേശ്യാ വിനോദവും കുലസ്ത്രീ സേവനവും ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ ആചാരത്തിനും ഭാഷയിലും യാതൊരു തരത്തിലും മാറ്റം കൊണ്ടുവരാതെവേണം ഇവ പ്രയോഗിക്കേണ്ടത്.

## നാടിക

പ്രകരണ നാടകാദികളുടെ സംയോജനത്തിലെ പ്രസിദ്ധമായതും പ്രകരണത്തിൽ കൽപ്പിക്കപ്പെട്ടിട്ടുള്ളതും യോജിപ്പിച്ചതുമായ മറ്റൊരു രൂപമാണ് നാടിക എന്നത്. പ്രകരണത്തിൽ നിന്നും നാടകത്തിൽ നിന്നും വളരെ വിഭിന്നമായതാണ് നാടിക. പ്രസിദ്ധനായ രാജാവായിരിക്കണം പ്രഥമ കഥാപാത്രം കൂടാതെ ഇതിവൃത്തം കൽപ്പിക്കപ്പെട്ടിട്ടുള്ളതാവണം. അന്തഃപുര സ്ത്രീകളെയോ സംഗീത സദസ്സിലെ സ്ത്രീകളേയോ സംബന്ധിച്ചിട്ടാണ് ഇത് നിർമ്മിക്കേണ്ടത്. അങ്കം അവയിൽ നാലു മാത്രമേ ആകാവുള്ളൂ. കൂടാതെ സ്ത്രീ കഥാപാത്രങ്ങൾ അത്യധികമായി വേണം. കൈശികി വൃത്തിക്കു പ്രാധാന്യം ഏറെ ഉള്ളതായിരിക്കണം. അവയുടെ അംഗങ്ങളും വേണ്ട വിധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടാകണം. ക്രോധം, പ്രസന്നത, കാപട്യം ഇവയെല്ലാം കോർത്തിണക്കിയതായിരിക്കണം. നായകന്റെ പ്രധാന പത്നിയും രാജ്ഞിയും പരിവാരങ്ങളും അടങ്ങിയതായിരിക്കണം. ഇവയാണ് ഉപരൂപകമായ നാടികയെ വിശേഷിപ്പിച്ചിരിക്കുന്നത്. ഭരതന്റെ പ്രസ്ഥാപനങ്ങൾക്കുശേഷം ബ്രാഹ്മണർ മറുപടിയായി ഇപ്രകാരം പറയുന്നു. നാടക പ്രകരണങ്ങളുടെ സംയോഗമായ സൃഷ്ടിയായതുകൊണ്ട് നാടിലക്ഷണത്തിനു ശേഷമാണ് നാടക പ്രകരണങ്ങളുടെ ലക്ഷണം പൂർണ്ണതയിലെത്തിയത് എന്ന്.

## അങ്കം (ഉൽസൃഷ്ടകാങ്കം)

ഉൽസൃഷ്ടികാങ്കത്തിന്റെ ഇതിവൃത്തം പ്രസിദ്ധവും അപ്രസിദ്ധവും ആവാം. നായകൻ ദിവ്യനാകരുത് പകരം മനുഷ്യനായിരിക്കണം. കരുണ രസത്തിന് കൂടുതൽ പ്രാധാന്യം ഉള്ളതായിരിക്കണം ഉള്ളടക്കം. സ്ത്രീ വിലാപം ധാരാളമായി ഉണ്ടാവണം കൂടാതെ യുദ്ധത്തിൽ ആഞ്ഞു പ്രഹരിക്കുന്നവരും പിന്തിരിഞ്ഞവരും ഉണ്ടാവേണ്ടതാണ്. വെറുപ്പ് സൂചിപ്പിക്കുന്ന വാക്കുകളും ഇതിൽ അനിവാര്യമാണ്. സന്തോഷത്തോടുകൂടിയ വിവിധ ചേഷ്ടകൾ ഇതിലുണ്ടായിരിക്കണം. സാത്വതി, കൈശികി, ആരഭടി എന്ന മൂന്നു വൃത്തിയും ഉണ്ടാവാൻ പാടില്ല. ഈ കാവ്യ ഇതിവൃത്തം ഭാരതവർഷത്തിൽ നടന്നതായി വിവരിക്കേണ്ടതാണ്. ഭാരതവർഷം

വേണമെന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ദേവന്മാർക്ക് വിധിച്ചിട്ടുള്ള മറ്റു കാലങ്ങളിൽ എല്ലാ പ്രദേശങ്ങളും ശുഭഗന്ധമുള്ളതും സവർണ്ണമയവുമാണ്. ഭാരതമൊഴികെയുള്ള വർഷങ്ങളിൽ അല്ലലോ അഴലോ ഉണ്ടായിരിക്കില്ല. ദേവൻമാരുടെ വാസസ്ഥലമായ പുരാണ പരാമർശം ഉള്ള പർവ്വതങ്ങളിൽ എല്ലായ്പ്പോഴും സുഖഭോഗങ്ങളേ ഉണ്ടാകൂ. ഭാരതഖണ്ഡത്തിലാണ് കർമ്മങ്ങളുടെ ആരംഭം. ഇപ്രകാരമാണ് ഉൽസൃഷ്ടികാങ്കത്തിന്റെ ലക്ഷണങ്ങൾ.

## വ്യായോഗം

*"വ്യായോഗസ്തു വിധജ്ഞൈഃ*
*കാര്യഃ പ്രഖ്യാതനായകശരീരഃ*
*കല്പസ്ത്രിജനയുക്ത-*
*സ്ത്യേകാഹകൃതസ്തഥാ ചൈവ്"*

ഒരു ദിവസത്തെ സംഭവമാണ് കഥാസാരമാവുന്നത്. നായകൻ പ്രസിദ്ധനാകണം സ്ത്രീകഥാപാത്രം കുറച്ച് മാത്രമേ പാടുള്ളൂ. സമവകാരത്തിലെ പോലെ വ്യായോഗത്തിലും പുരുഷന്മാർ തമ്മിൽ മല്ലടിക്കുന്നുണ്ട്. കൂടാതെ ഒരങ്കംമാത്രമേ ആകാവൂ. വ്യായോഗത്തിൽ നായകൻ ദിവ്യനാകാൻ പാടില്ല. പകരം രാജർഷിയായിരിക്കണം. ഇതാണ് വ്യായോഗത്തിന്റെ ലക്ഷണം വിവരിക്കുന്നത്.

## ഭാണം

*"ആത്മാനുഭൂതശംസി*
*പരസംശ്രയവർണ്ണനാവിശേഷസ്തു*
*വിവിധാശ്രയോ ഹിഭാണോ*
*വിജ്ഞേയസ്ത്വേകഹാര്യശ്ച്"*

എല്ലാ കഥാപാത്രങ്ങളെ ഒരാൾ തന്നെചെയ്യുന്നതാണ് ഭാണത്തിന്റെ പ്രധാന പ്രത്യേകത. തന്റെ അനുഭവം, അന്യരുടെ വിവരണങ്ങളും ഉൾക്കൊള്ളുന്നതും

തുടങ്ങിയ വിവിധ വിഷയത്തെ അടിസ്ഥാനമാക്കിയ രൂപകമാണ് ഭാണം എന്നത്. ചോദ്യോത്തര രൂപത്തിൽ സന്നിദ്ധമായതു അന്യരുടെ വാക്കുകൾ തന്നിലാക്കിയതുമാകണം ഭാണത്തിൽ. ഒരങ്കം മാത്രമായും, നിരവധി ചേഷ്ടകളോടുകൂടിയതുമായിരിക്കണം. ഇത്രയുമാണ് ഭാണത്തിന്റെ ലക്ഷണം ഭരതൻ വിവരിക്കുന്നത്.

## സമവകാരം

*"ദേവാസുരബീജകൃതഃ*
*പ്രഖ്യാതോദാത്തനായകശ്ചൈവ*
*ത്ര്യങ്കസ്തഥാ ത്രികപട-*
*സ്ത്രീവിദ്രവഃ സ്യാത് ത്രിശൃംഗാരഃ*
*ദ്വാദശനായകബഹുളോ*
*ഹ്യഷ്ടാദര നാഡികാപ്രമാണശ്ച"*

ദേവാസുര സംഭവമായിരിക്കണം സമവകാരത്തിലെ കഥാസാരം. പ്രസിദ്ധനും ഉദാത്തനുമായിരിക്കണം നായകൻ. മൂന്നു അങ്കങ്ങൾ മാത്രമേ സമവകാരത്തിൽ പാടുള്ളൂ മുമ്മൂന്നു കാപടവും, ഓട്ടവും, ശൃംഗാരവും ഉൾപ്പെട്ടിട്ടുണ്ടാകണം. നായകന്മാർ പന്ത്രണ്ടു പേരുണ്ടായിരിക്കണം സമവകാരത്തിൽ പതിനെട്ട് നാഴിക സമയ ദൈർഘ്യത്തിൽ നടന്ന സംഭവമായിരിക്കണം ഇതിവൃത്തം.

ഒന്നാമങ്കത്തിൽ പന്ത്രണ്ടു നാഴിക സമയമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാമങ്കത്തിൽ ഹാസ്യം, ഓട്ടം, കാപട്യം, വിഥ്യാംഗങ്ങൾ, കാമശൃംഗാരോചിതമായ സ്ത്രീ കഥാപാത്രം എന്നിവരേയും ഉൾപ്പെടുത്തിയിരിക്കണം. രണ്ടാമത്തെ അങ്കത്തിന് നാലു നാഴികയും മൂന്നാമങ്കത്തിൽ ഒരു നാഴിക സമയ ദൈർഘ്യമാണ് പറഞ്ഞിട്ടുള്ളത്. നാഴിക എന്നാൽ ഒരു ദിവസത്തിന്റെ പകുതി സമയം ആണ്. അത്തരത്തിലാണ് വിവിധ അങ്കങ്ങളിൽ ഉപയോഗിക്കേണ്ടുന്ന നാഴികയുടെ കണക്ക് പറഞ്ഞിട്ടുള്ളത്. സമവകാരത്താൽ അതിന്റെ പേര് പോലെ തന്നെ സമവകീർണ്ണങ്ങൾ ആയിരിക്കണം എന്ന് വച്ചാൽ തമ്മിൽ ബന്ധമുണ്ടാകാൻ

പാടില്ല. ഓരോ അങ്കത്തിലും വിവിധ കാര്യങ്ങൾ ആയിരിക്കണം ചർച്ച ചെയ്യേണ്ട ത്. സമവകാരത്തിൽ ഉൾപ്പെടുത്തേണ്ട മൂന്നുതരം ഓട്ടങ്ങൾ ആണ് വെള്ളപൊക്കം, കൊടുങ്കാറ്റ്, അത്തരത്തിൽ ഉള്ള പ്രകൃതിക്ഷോപത്താൽ ഉള്ള ഓട്ടവും, ആനയുടെ മർദ്ദനവും അതുമൂലമുണ്ടാകുന്ന ഓട്ടവും, യുദ്ധം, നഗര നിരോധനം മുതലായവ ഓട്ടവുമാണ്. സുഖദുഃഖങ്ങളുടെ ഉത്ഭവത്തിനു കാരണമായ മൂന്നു വിധത്തിലുള്ള കപടം ആണ് സമവകാരത്തിൽ പറയുന്നത്. ഒന്നാമതായി ഇതിവൃത്തത്തിന്റെ ഗതിയെ അനുസരിച്ച് മനസ്സറിവോടെ ചെയ്യുന്ന ചതി. രണ്ടാമതായി ദേവയോഗത്തിൽ കൂട്ടികലരുന്ന ചതി. മൂന്നാമതായി മറ്റൊരുവൻ ചതിച്ചതുമൂലം തിരികെ ചെയ്യുന്ന ചതി. സമവകാരത്തിൽ ധർമ്മ ശൃംഗാരമെന്നാൽ ഏതൊരു ശൃംഗാരത്തിലാണോ പുണ്യ പ്രാപ്തി ഉണ്ടാകുന്ന തരത്തിൽ വിവിധ വ്രതങ്ങളോടും, ക്ലേശകരം നേരിടുകയും ചെയ്ത് ആത്മ ശ്രേയസ്സ് കൈവരുന്നത് അതാണ് ധർമ്മ ശൃംഗാരം. അർത്ഥശൃംഗാരം എന്നാൽ കാര്യസിദ്ധിയിൽ ഉള്ള അഭിലാഷം മൂലം ഉണ്ടാകുന്നവായാണ്. കാര്യങ്ങൾ വിവിധങ്ങളായാൽ അർത്ഥശൃംഗാരവും. അത്തരത്തിലാവാം പരസ്പരം അനുരാഗ നിമിത്തം സ്ത്രീപുരുഷന്മാർ രഹസ്യമായ കൂടികാഴ്ചയിലുണ്ടാകുന്ന് കാമശൃംഗാരം. ഉഷ്ണിക്ക് ഗായത്രി തുടങ്ങിയ ഛന്ദസ്സുകളിലെ ബന്ധ ചുരുളുകളിൽ ഉള്ള വൃത്തങ്ങൾ സമവകാരത്തിൽ ഉപയോഗിക്കണം.

## പ്രഹസനം

പ്രഹസനം രണ്ട് വിധമാണ് ശുദ്ധവും, സങ്കീർണ്ണവും, മഹർഷി സിദ്ധൻ, ബ്രാഹ്മണർ എന്നിവരോടോ, അതല്ലെങ്കിൽ മറ്റ് ആരോടെങ്കിലും ഹാസ്യ പ്രാധാന്യമുള്ള സംഭാഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടാകും. നീച കഥാപാത്രങ്ങളായിരിക്കണം ഇപ്രകാരം സംഭാഷണം ചെയ്യേണ്ടുന്നത് കൂടാതെ ധാരാളം ഹാസ്യം കലർന്ന വാക്കുകളും വേണം. ഭാഷയിലും ആചാരങ്ങൾക്കും യാതൊരു വിധത്തിലും വിരൂപത്വം പ്രത്യക്ഷമാകരുത്. ഹാസ്യാംഗമായ വ്യഭിചാരി ഭാവങ്ങൾക്ക് വേണ്ട ഇടം നൽകേണ്ടത് അനിവാര്യമാണ്. പരിമിതമായ ഒരു ഇതിവൃത്തം പ്രഹസനത്തിന് ആവശ്യമാണ്. അങ്ങനെ ഉള്ള പ്രഹസനത്തെ ശുദ്ധം എന്ന് വിളിക്കു

ന്നു. വേശ്യ, വിടൻ, നപുംസകൻ എന്നിവർ അടങ്ങിയിട്ടുള്ളതും ചേഷ്ടകളും വേഷാഭരണങ്ങളും കാഴ്ചയിൽ ഉൾക്കൊള്ളിച്ചതുമായ പ്രഹസനമാണ് സങ്കീർണ്ണം. ലോകത്തിൽ നടക്കുന്നതുമായ കാര്യങ്ങളും വ്യാജപ്രവൃത്തിയും പ്രയോഗിക്കാവുന്നതാണ്. ധൂർത്തവിടന്മാരുടെ വിപരീത സംഭാഷണങ്ങൾ അതിൽ ഉണ്ടായിരിക്കണം. വീഥിയിൽ വിവരിച്ചിരിക്കുന്ന അംഗങ്ങൾ പ്രഹസനത്തിലും ആവശ്യാനുസരണം പ്രയോഗിക്കാവുന്നതാണ്.

## ഡീമം

*"പ്രഖ്യാതവസ്തുവിഷയഃ*
*പ്രഖ്യാത്യോദാത്തനാകശ്ചൈവ*
*ഷഡ്രസലക്ഷണയുക്ത-*
*ശ്ചതുരങ്കോ വൈഡീമഃ കാര്യഃ "*

ഡീമത്തിൽ ഇതിവൃത്തം പ്രസിദ്ധമായതാവണം. നായകൻ ധീരോദാത്തനുമായിരിക്കണം. ആറ് രസങ്ങൾ മാത്രം ഉൾപ്പെടുത്തിയതാവണം. കൂടാതെ നാല് അങ്കം മാത്രമേ പാടുള്ളൂ. ഈ വിധേനയാണ് ഡീമം നിർമ്മിക്കേണ്ടത്. ശൃംഗാരവും ഹാസ്യവും ഒഴിവാക്കിയുള്ള ആറ് രസങ്ങളാണ് വേണ്ടത്. ഡീമത്തിലെ കാവ്യം രസത്തിന്റെ തേജസ്സ് ഉണ്ടായിരിക്കണം. ഇടിമുഴക്കം, ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം, യുദ്ധം, ആകമണം, മർദ്ദനം, ഇവയുടെ പ്രയോഗങ്ങൾ ഡീമത്തിലുണ്ടായിരിക്കണം. മായപ്രയോഗങ്ങളും, ഇന്ദ്രജാലങ്ങളും ഉൾപ്പെടുത്തുകയും വേണം. ദേവന്മാരും, നാഗത്താന്മാരും, രാക്ഷസർ, പിശാചുക്കൾ ഇവരെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടാവണം. പതിനാറ് നായകന്മാരും സാത്യകി, ആരഭടി എന്ന രണ്ട് വൃത്തികളും ഇവയെല്ലാം ഉൾപ്പെടുത്തിയതാവണം ഡീമം.

## ഈഹാമൃഗം

*"ദിവ്യപുരുഷാശ്രയകൃതോ*
*ദിവ്യസ്ത്രീകാരണോപഗതയുദ്ധ*
*സുവിഹിത വസ്തുനിബദ്ധോ*
*വിപ്രകൃയകാരകശ്ചൈവ*

*ഉദ്ധതപുരുഷപ്രായഃ*
*സ്ത്രീരോഷഗ്രന്ഥിതകാവ്യബന്ധശ്ച*
*സംക്ഷോഭവിദ്രവകൃതഃ*
*സംഫോടകൃതസ്തഥാ ചൈവ-*

*സ്ത്രീഭേദനാപഹരണാ-*
*വമർദ്ദനപ്രാപ്തവസ്തുശൃംഗാരഃ*
*ഈഹാമൃഗസ്തു കാര്യഃ*
*സുസമാഹിത കവ്യബന്ധശ്ച്"*

ദിവ്യന്മാരായിരിക്കണം നായക കഥാപാത്രങ്ങൾ, ദിവ്യസ്ത്രീ കാരണമായ യുദ്ധം ഉണ്ടായിരിക്കണം, കഥാപാത്രങ്ങൾ ഉദ്ധതന്മാരായ നായകന്മാരായിരിക്കണം. ഇതിവൃത്തത്തിനു കൃത്യമായ ബന്ധം വേണം. ആവശ്യത്തിനു അനുയോജ്യമായ കാരണങ്ങൾ ഉണ്ടാവണം. സ്ത്രീ നിമിത്തമായ കോപത്തെക്കുറിക്കുന്നതാവണം കാവ്യസാരം. മനക്ഷോപം, കുത്ത്, സ്ത്രീയെ തട്ടിക്കൊണ്ട് പോകൽ, മർദ്ദിക്കൽ ഇവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടാവണം. ശൃംഗാര പ്രാധാന്യവും ഇതിവൃത്തത്തിൽ ഉണ്ടാവണം. നല്ല കാവ്യബന്ധത്തോടുകൂടിയതുമാകണം ഇതിവൃത്തം. ഇവയാണ് ഈഹാമൃഗത്തിന്റെ ലക്ഷണങ്ങൾ. ഒരു ഏകാങ്ക നാടകത്തിലെ പോലെ തന്നെ കാര്യവും നായകനും വൃത്തികളും രസങ്ങളും ഒക്കെ തന്നെയാണ് ഈഹാമൃഗത്തിലും വേണ്ടത്. ദേവസ്ത്രീകളുടെ സമാഗമനം ഇതിലെ ഒരു പ്രത്യേകതയാണ്. നായകന്മാരുടെ വധിക്കപ്പെടുന്ന സമയത്തിൽ വ്യാജ കാര്യങ്ങൾ മൂലം യുദ്ധത്തിനു അവസാനം വരുത്തണം. ഈഹാമൃഗലക്ഷണങ്ങൾ ഇത്രമാത്രമാണ്.

## വീഥി

*"വീഥി സ്യാദേകാങ്കാ*

*തഥൈകഹാര്യാ ദ്വിഹാര്യാ വാ*

*അധമോത്തമമദ്ധ്യാഭി-*

*രുക്താ സ്വാത് പ്രകൃതിഭിസ്തിസൃഭിഃ*

*സർവ്വരസലക്ഷണാഢ്യം*

*യുക്താ ഹ്യംഗൈസ്ത്രയോദശിഭിഃ "*

വീഥിയിൽ ഒന്നിൽ കൂടുതൽ അങ്കങ്ങൾ പാടില്ല. ഒന്നോ രണ്ടോ കഥാപാത്രങ്ങളിലായി മാത്രം ഒതുങ്ങിയതുമായിരിക്കണം. മൂന്ന് പ്രകൃതികളായ ഉത്തമ, മദ്ധ്യമ, അധമ എന്നിവയും ഉൾപ്പെട്ടിട്ടുണ്ടാവണം. രസങ്ങളും അവയുടെ മുപ്പത്താറ് ലക്ഷണങ്ങളും അടങ്ങിയതാവണം വീഥിയുടെ ഉള്ളടക്കം. പതിമൂന്ന് അങ്കങ്ങളുടെ പ്രയോഗം വിവരിച്ചിട്ടുണ്ടാവണം.

## വീഥ്യാംഗങ്ങൾ

"ഉദ്ഘാത്യകാവലഗിത-

വസ്ചന്ദ്രിനനാള്യ സത്പ്രലാചശ്ച

വാക്കേള്യഥ പ്രപഞ്ചോ

മൃദവാധിബലേ ഛലം ത്രിഗതം

വ്യാഹാരോ ഗണ്ഡശ്ച

ത്രയോദശാംഗാന്യു ദാഹൃതാന്യസ്യാഃ

അംഗാനാം വക്ഷ്യേഹം

ലക്ഷണമധുനാ യഥോദ്ദേശം"

## വീഥ്യാംഗങ്ങൾ

1. ഉദ്ഘാത്യകം
2. അവലഗിതം
3. അവസ്പന്ദിതം
4. നാലിക
5. അസൽ പ്രലാപം
6 വാക്കേളി
7. പ്രപഞ്ചം
8. മൃദവം
9. അധിബലം
10. ഛലം
11. ത്രിഗതം
12. വ്യാഹാരം
13. ഗണ്ഡ

എന്നിവയാണ് 13 വീഥ്യാംഗങ്ങൾ

1. **ഉദ്ഘാത്യകം :**

ജനങ്ങൾക്ക് പദാർത്ഥം മനസ്സിലാകാത്ത പക്ഷം അവ മറ്റൊരു പദങ്ങളോട് സംയോജിപ്പിക്കുന്നതാണ് ഉദ്ഘാത്യകം

2. **അവലഗിതം :**

ഒരു കാര്യം മൂലം മറ്റൊരു കാര്യം കൈക്കലാക്കുന്നതാണ് അവലഗിതം.

3. **അവസ്പന്ദിതം :**

ശുഭമായതോ അശുഭമായതോ ആയ അർത്ഥത്തെ പരിഹസിക്കപ്പെട്ടാൽ ബുദ്ധിസാമർത്ഥ്യം മൂലം അർത്ഥത്തെ മാറ്റി വിവരിക്കുന്നത് അവസ്പന്ദിതം.

4. **നാളിക :**

നാമാശരൂപേണ കളിയാക്കുന്നതാണ് നാളിക

5. **അസ്സൽപ്രലാപം :**

മൂർക്കന്മാരോട് ഗുണകരമായത് ഉപദേശിക്കുന്നത് അവരെ അവയെ നിരസ്സിക്കുന്നതും അസൽ പ്രലാപം.

6. **വാക്കേളി :**

ചോദ്യോത്തരരൂപേണ ഉള്ള കളിയാണ് വാക്കേളി.

7. **പ്രപഞ്ചം :**

ഒരുവന്റെ ഗുണത്തിന് വേണ്ടി രണ്ട് പേര് ഹാസ്യരൂപത്തിൽ സ്തുതി രൂപമായ വചനം പറയുന്നത് ആണ് പ്രപഞ്ചം.

8. **മൃദവം :**

വാദ പ്രതിവാദത്തിൽ ബുദ്ധിമൂലം ഗുണത്തെ ദോഷമായും, ദോഷത്തെ ഗുണമായും പ്രസ്ഥാവിക്കുന്നതാണ് മൃദവം.

9. **അധിബലം :**

അവരുടെ സംഭവത്തിൽ മഹത്തായ വചനവും അവയുടെ ഉത്തരവും പറയുമ്പോൾ അന്യൻ പറഞ്ഞ വസ്തുത അതിശയിക്കുന്ന പക്ഷം ഇരുവരും അവരുടെ പക്ഷത്തിന് ബലം കൂടുന്നത് അധിബലം.

10. **ഛലം :**

ഹാസ്യരൂപമായ കോപം തോന്നും വിധം വേറെ അർത്ഥ ത്തിൽ വാക്കുകൾ പറയുന്നത് ഛലം

11. **ത്രിഗതം :**

വാക്കുകളിലെ ശ്രുതിയുടെ സാമ്യം മൂലം ഹാസ്യ രൂപത്തിലും അല്ലാതെയും പല അർത്ഥങ്ങളും യോജിപ്പിച്ചു കാണിക്കുന്നത് ത്രിഗതം.

12. **വ്യാഹാരം :**

ചിരിപ്പിക്കാൻ വേണ്ടി എന്തെങ്കിലും പറയുന്നത് വ്യാഹാരം.

13. **ഗണ്ഡം :**

ദേഷ്യത്തോടെയും കുഴപ്പിക്കുന്ന രീതിയിലും ചർച്ചയിലും തെറ്റായ ആരോപണം ചെയ്തുകൊണ്ട് വാക്കുകൾ ആക്ഷേപിച്ച് പറയുന്നത് ഗണ്ഡം.

മേൽപറഞ്ഞ പതിമൂന്ന് അംഗങ്ങളുടെ ശാസ്ത്ര നിർദ്ദേശങ്ങളും അതാതു കഥാപാത്രങ്ങളുടെ സ്വഭാവത്തിന് യോജിച്ചതുമായ എല്ലാ രസങ്ങളും ഭാവങ്ങളോടും കൂടിയ രൂപമാണ് വീഥി. രണ്ട് വിധം ഉണ്ട് ഒറ്റയ്ക്ക് നിർവ്വഹിക്കുന്നതും ഇരുവരും ചേർന്ന് നിർവ്വഹിക്കുന്നതും.

## ലാസ്യം

നാടകത്തിൽ ലാസ്യത്തിന് വേറേ അംഗങ്ങൾ ഉപയോഗിക്കുന്നുണ്ട്. വീഥിയിൽ നിന്ന് ഉത്ഭവിച്ചവയാണ് അവ. ഭാണത്തിലെ പോലെ തന്നെ ഒറ്റയ്ക്ക് ചെയ്യേണ്ടവയാണ്. ഭാണത്തിലെ പോലെ ഒരു കഥാപാത്രം മാത്രം പ്രയോഗിക്കുന്നതു പ്രകരണത്തിലെ പോലെ ലാസ്യം കൃത്യമായ കാര്യത്തോടുകൂടിയ വിവിധ ഭാവങ്ങളോട് കൂടിയതുമായിരിക്കണം.

## ലാസ്യാംഗങ്ങൾ

*"ഗേയപദം സ്ഥിതപാഠ്യ മാസിനം പുഷ്പഗണ്ഡികാ*
*പ്രച്ഛേദകസ്ത്രീമൂഢശ്ച സൈന്ധവാഖ്യം ദ്വിമൂഢകാ*
*ഉത്തമോത്തമകം ചേവമുക്തം പ്രത്യുകതമേവച*
*ലാസ്യേ ദശവിധം ഹ്യേതദംഗനിർദ്ദേശ ലക്ഷണം"*

### പത്ത് ലാസ്യാംഗങ്ങൾ

1. ഗേയപദം
2. സ്ഥിതപാഠ്യം
3. ആസിനം
4. പുഷ്പഗണ്ഡിക
5. പ്രച്ഛേദകം
6. ത്രിമൂഢകം

7. സൈന്ദവകം

8. ദ്വീമൂഢകം

9. ഉത്തമോത്തമകം

10. ഉത്ത പ്രത്യുക്തം

1 **ഗേയപദം :** ഗേയപദം എന്നാൽ ഗായകർ വീണവായിച്ചു കൊണ്ട് ഇരിപ്പിടത്തിൽ ഇരുന്ന് ചുരുങ്ങിയ രീതിയിൽ ലാസ്യാഭിനയങ്ങൾ ഇല്ലാതെ പാടുന്നതിനെയാണ്.

2. **സ്ഥിതപാഠ്യം :** വിരഹം പൂണ്ട നായിക കാമത്തിന്റെ തീവ്രമായ ദുഃഖത്തിന്റെ പീഠത്തിൽ ഇരുന്ന് ക്ഷീണം പൂണ്ട് പറയുന്നത് സ്ഥിതപാഠ്യം.

3. **ആസിസം :** ചിന്തയോടും ദുഃഖത്തോടും കൂടി ശരീരം അലങ്കരിക്കാതെ വക്രതയോടെ നോക്കുന്നത് ആസിസം.

4. **പുഷ്പഗണ്ഡിക :** സഖികളുടെ വിനോദത്തിന് വേണ്ടി സ്ത്രീ പുരുഷ വേഷം പൂണ്ട് ലളിത സംസ്കൃതം പറയുന്നത് പുഷ്പഗണ്ഡിക.

5. **പ്രച്ഛേദകം :** നിലാവേറ്റ് അസഹനീയമായ സ്ത്രീകൾ അപ്രിയം ആയവരിൽ പോലും ആസക്തരായിരിക്കുന്നത് ആണ് പ്രച്ഛേദകം.

6. **ത്രിമൂഢകം:** മൃദുലമായ പദങ്ങൾ കോർത്തിണക്കി സമവൃത്തങ്ങൾ ചേർത്ത് പുരുഷ ഭാവത്തിൽ അഭിനയിക്കുന്നത് ത്രിമൂഢകം.

7. **സൈന്ധവകം :** വ്യവസ്ഥ മറന്നു അംഗീകൃത വാക്കുകൾ കൊണ്ട് വ്യക്തതയോട് പറയുന്നത് സൈന്ധവകം.

8. **ദ്വിമൂഢകം :** മംഗളകരമായ ഗീതം അഭിനയിച്ചു നാലു കോണിലേക്ക് നടക്കുകയും ഭാവരസങ്ങൾ മനസ്സിലാക്കുന്ന രീതിയിൽ വ്യാജ ചേഷ്ടകൾ ചെയ്യുന്നത് ദ്വിമൂഢകം.

9. **ഉത്തമോത്തമകം :** വിവിധ ശ്ലോകങ്ങൾ ഇടകലർത്തി പല രസങ്ങൾ ചേർത്തും ലീലാവിലാസങ്ങളും മറ്റും പലതും ഇടകലർന്നിട്ടുള്ള ലാസ്യാംഗമാണ് ഉത്തമോത്തമകം.

10. **ഉത്തപ്രത്യുക്തം :** ദേഷ്യത്തിലും പ്രസന്നതയിലും നിന്ദ വാക്കുകൾ പറഞ്ഞും വ്യത്യസ്ത ഗീതങ്ങൾ ചോദ്യോത്തര രീതിയിൽ ആവിഷ്ക്കരിക്കുന്നത് ഉക്തപ്രത്യുക്തം

ഇതോടെ ഭരതമുനിയുടെ 20-ാം അദ്ധ്യായമായ ദശരൂപകവിധാനം അവസാനിച്ചു രൂപകങ്ങളുടെ ലക്ഷണസഹിതം വിവരിച്ചു കഴിഞ്ഞു.

# അധ്യായം – 2

## അഭിജ്ഞാനശാകുന്തള

## കഥാപാത്ര വിവരണം

കാളിദാസൻ എഴുതിയ പ്രശസ്ത നാടകമാണ് അഭിജ്ഞാന ശാകുന്തളം. പ്രാചീന സംസ്കൃത നാടകത്തിന്റെ ഒരു സാങ്കേതിക രീതിയിലാണ് കാളിദാസൻ ഈ നാടകം രചന നടത്തിയിട്ടുള്ളത്. സ്ത്രീ കഥാപാത്രങ്ങൾ, വിദൂഷകൻ, മറ്റ് സേവകർ തുടങ്ങിയവർ സംബന്ധിക്കുന്നതും സംഭാഷണങ്ങളും വ്യക്തമാക്കിയിരിക്കുന്നു. ഈ മഹാ സാഹിത്യത്തിന്റെ രചനാകാലം വ്യക്തമല്ല എന്നിരുന്നാൽ കൂടി കാളിദാസന്റെ കാലത്തിന്റെ അടിസ്ഥാനത്തിൽ ക്രി.മു ഒന്നാം നൂറ്റാണ്ടിനും ക്രി.വ അഞ്ചാം നൂറ്റാണ്ടിനും ഇടയിലാണ് എന്ന് പറയപ്പെടുന്നു. കാളിദാസ നാടകങ്ങളിൽ ഏറ്റവും പ്രാചീനം നേടിയതും നിരവധി വിവർത്തനങ്ങൾ പല ഭാഷയിൽ രചിക്കപ്പെട്ട കൃതിയാണ് അഭിജ്ഞാനശാകുന്തളം. കാളിദാസൻ ഈ രചന നടത്തിയെങ്കിലും നാടകത്തിലെ ഒരോ ഭാഗവും പിന്നീട് എടുത്ത് വീണ്ടും പരിഷ്ക്കരിച്ചിട്ടാണ് പതിനെട്ടു വർഷത്തിനുശേഷം ഈ കൃതിയുടെ പരിപൂർണ്ണ പതിപ്പ് പ്രസിദ്ധീകരിച്ചതെന്ന് ഒരു ഐതീഹ്യം ഇതിനുണ്ട്.

ഇതിഹാസ ഗ്രന്ഥമായ മഹാഭാരതത്തിൽ ശകുന്തളയേയും മറ്റും പരാമർശിക്കുന്നുണ്ട്. വ്യാസനാൽ രചിക്കപ്പെട്ട മഹാഭാരതത്തിൽ പതിനെട്ട് പർവ്വങ്ങളാണുള്ളത്. അതിൽ ആദ്യപർവ്വത്തിലാണ് , ആദ്യ അധ്യായമായതുകൊണ്ടാവണം ഈ അദ്ധ്യായത്തിന് ആദിപർവ്വം എന്ന് കൊടുത്തിരിക്കുന്നത്. ഇതിൽ നിരവധി കഥകൾ വിവരിക്കുന്നതിനാൽ സംഭവ പർവ്വം എന്ന മറ്റൊരു പേരിലും ഇത് അറിയപ്പെടുന്നു. ആദിപർവ്വത്തിൽ 228 അദ്ധ്യായങ്ങളും 8984 പദ്യങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നത്. വേദവ്യാസന്റെ പ്രധാനശിഷ്യനായ ഉഗ്രശ്രവസ്സിന്റെ സംഭാഷണരീതിയിലാണ് ആദ്യപർവ്വത്തിന്റെ ആരംഭം. ആദിപർവ്വത്തിൽ 19 ഉപപർവ്വങ്ങൾ അടങ്ങിയിട്ടുണ്ട്. അവയിലെ 7-ാം ഭാഗമായ സംഭവ പർവ്വത്തിൽ 65-142 അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്നു. ദ്രോണാചാര്യൻ, കൃപാചാര്യൻ, അശ്വത്ഥാമാവ് തുടങ്ങിയവരുടെ കഥ ദുഷ്യന്തന്റെയും ശകുന്തളയുടേയും അവരുടെ പുത്രനായ ഭരതന്റെ ജനനകഥയും പിന്നീട് ഭരതന്റെ രാജകുമാരനാകുന്നു. പൗരവവംശത്തിന്റെ കഥകൾ, പാണ്ഡവ സഹോദരന്മാർ വനത്തിലേക്ക് പിൻവാങ്ങുന്നു. കുന്തിയുടെ സ്വയം വരം കൗരവരുടേയും പാണ്ഡവരുടേയും തമ്മിലുള്ള സംഘർഷം ഈ ഭാഗത്ത് നിന്നാണ് കാളിദാസൻ അഭിജ്ഞാനശകുന്തളം എന്ന നാടകം രചിച്ചത്. അത് കൂടാതെ ബുദ്ധ ജാതക കഥകളിലും ഈ പരാമർശങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നു.

കഥയുടെ പ്രധാന ആശയം കാളിദാസൻ കഥയുടെ ശീർഷകത്തിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്. അഭിജ്ഞാനശാകുന്തളം പലതരത്തിലായ വകഭേദങ്ങൾ ഉണ്ട്. ശീർഷകന്റെ അർത്ഥം ശകുന്തളയുടെ അംഗീകാരത്തെ സൂചിപ്പിക്കുന്നു. അതിനാൽ വിവർത്തനം അംഗീകൃത ശകുന്തളയുടേതായിരിക്കാം. ചിലപ്പോൾ ശകുന്തളയുടെ അടയാളം എന്നു ശീർഷകം സൂചിപ്പിക്കുന്നുണ്ടാകാം. പ്രസി ² o‫ł ϵW h rh À¯ ɬ § ƒ nÂ \ mSł ¯ ns â i oÀj ł § ƒ nÂ "ദി ലോസ്റ്റ് റിംഗ്" എന്നിവ ഉൾപ്പെടുത്തുന്നു.

## കഥാപാത്ര വിവരണം

- ദുഷ്യന്തൻ - ഹസ്തിനപുരത്തിന്റെ രാജാവ്
- സൂതൻ - രണ്ടു ശിഷ്യന്മാരും വൈഖാനസനും
- ശകുന്തള - കണ്വന്റെ വളർത്തുപുത്രിയാണ് പ്രധാന നായിക കഥാപാത്രം
- സഖിമാർ - പ്രിയംവദയും, അനസൂയയും
- വിദൂഷകൻ - രാജാവിന്റെ തോഴനായ മാഢവ്യൻ
- പരിവാരങ്ങൾ - യവനസ്ത്രീകൾ
- ദ്വാരപാലകൻ - രൈവതകൻ
- സേനാപതി - ഭദ്രസേനൻ
- മഹർഷികുമാരന്മാർ - നാരദനും, ഗൗതമനും
- അന്തഃപുരപരിചാരകർ - കരഭഷൻ, യജമാനശിഷ്യന്മാരും
- ഗൗതമി - ശകുന്തളയുടെ വളർത്തമ്മ
- കണ്വശിഷ്യന്മാർ - ശാർങ്ഗരവനും, ശാരദ്യതനും
- കശ്യപൻ - കണ്വൻ, കുലപതി, ശകുന്തളയെ എടുത്തു വളർത്തിയ മഹർഷി
- കഞ്ചുകി - വാതായനൻ
- പരിജനങ്ങൾ - ദ്വാരപാലികമാർ, വിശ്വസ്തപരിചാരിക വേത്രവതി
- സോമരാതൻ - പുരോഹിതൻ
- ശിപായിമാർ - ജാനുകനും, സൂചകനും
- നഗരാധിപന്മാർ - രാജസ്യാലൻ മിത്രാവസു
- മുക്കുവൻ
- അപ്സരസ്ത്രീ - മേനകയുടെ സഖിയായ സാനുമതി
- ഉദ്യാനപാലികമാർ - മധുരികയും പരഭൃതികയും
- ദേവേന്ദ്രസാരഥി - മാതലി
- തപസ്വിനിമാർ - സുവ്രത
- സർവ്വദമനൻ - ദുഷ്യന്തന്റേയും ശാകുന്തളയുടേയും പുത്രൻ
- മാരിചൻ - കാശ്യപപ്രജാപതി ഇന്ദിരയുടെ പിതാവ്
- ദാക്ഷായണി
- മാരീചശിഷ്യൻ - ഗാലവൻ

# അധ്യായം - 3

# കാളിദാസ അഭിജ്ഞാന ശാകുന്തളം

## ഒന്നാമങ്കം

### പ്രസ്താവന

നാന്ദിക്ക് ശേഷം സൂത്രധാരൻ പ്രവേശിക്കുന്നു. തുടർന്ന് വേദിയിൽ സൂത്രധാരൻ നാന്ദിയെ വിളിക്കുന്നു. ചമഞ്ഞുകഴിഞ്ഞെങ്കിൽ വന്നാലും എന്ന് പറയുന്നു. നടി വേദിയിൽ പ്രവേശിച്ചിട്ട് താൻ വന്ന വിവരം അറിയിക്കുന്നു. തുടർന്ന് സൂത്രധാരനും നടിയും തമ്മിലുള്ള സംഭാഷണമാണ് വേദിയിൽ അവതരിപ്പിക്കുന്നത്. ഇരുവരും തമ്മിൽ തമ്മിൽ ആര്യേ എന്ന സംബോധനയോട് ആണ് സംസാരിക്കുന്നത്. സൂത്രധാരൻ നടിയോട് സദസ്സിന്റെ പ്രത്യേകതയെ പറയുന്നു. പണ്ഡിതന്മാർ നിലകൊള്ളുന്ന സദസ്സാണ് ഇത്. ഇവിടെ കാളിദാസൻ രചിക്കപ്പെട്ട അഭിജ്ഞാന ശാകുന്തളം നാടകം അഭിനയിക്കേണ്ടിയിരിക്കുന്നു. അതിലെ ഓരോ വേഷങ്ങൾക്കും വേണ്ട ശ്രദ്ധകൾ ചെലുത്താനായി സൂത്രധാരൻ നടിയോട് ആവശ്യപ്പെടുന്നു. നടി മറുപടിയായി താങ്കൾ വേണ്ടുംവണ്ണം ഏർപ്പാടുകളെല്ലാം ചെയ്തതുകൊണ്ട് ഒന്നിനും കുറവു വരികയില്ലല്ലോ. തുടർന്ന് കാവ്യസംഭവം താൻ വിവരിക്കാം എന്ന് സൂത്രധാരൻ പറയുന്നു. അങ്ങ് ആരാഞ്ഞാലും എന്ന് നടിയുടെ മറുപടിക്ക് പകരമായി സൂത്രധാരൻ നടിയോട് സദസ്സിന് കേൾക്കാൻ ഇമ്പം ഉളവാക്കുന്ന ഒരു ഗാനം ആലപിക്കാൻ ആവശ്യപ്പെടുന്നു. ഈയിടെ ആരംഭിച്ച ഗ്രീഷ്മവർഷത്തെക്കുറിച്ചുള്ള ഗാനം പാടാൻ കഴിയുന്നു. ഉപഭോഗങ്ങൾക്ക് ധാരാളം വകയുള്ളതാണ് ഈ ഋതുവിൽ. തുടർന്ന് നടി ആലപിക്കുന്നു.

*"ഈഷച്ചുംബിതാനി ഭ്രമരൈഃ സുകുമാരകേസരശിഖാനി*
*അവതംസയന്തി ദമമാനാഃ പ്രമദാഃ ശീർഷകുസുമാനി"*

സൂത്രധാരൻ പാട്ടിനെ പുകഴ്ത്തുന്നു. രാഗത്തിൽ ലയിച്ച് ഗാനത്തിലെ രംഗം ചിത്രരൂപേണ പോലെ ആയിരിക്കുന്നു. ഏത് നാടകാവതരണത്തിലൂടെയാണ് പണ്ഡിതന്മാരെ സ്വീകരിക്കേണ്ടത് എന്ന് ചോദിക്കുന്നു. നടി മറുപടി

യായി അഭിജ്ഞാന ശാകുന്തളം അപൂർവ്വ നാടകമാണെന്നത് ഓർമ്മിപ്പിക്കുന്നു. തനിക്ക് തൽക്കാലത്തേക്ക് മറവി ഉണ്ടായതായി സൂത്രധാരൻ പറയുന്നു. എന്തു കൊണ്ടെന്നാൽ അദ്ദേഹം മറുപടിയായി ഇപ്രകാരം പറഞ്ഞു.

*"തവാസ്മി ഗീതരാഗേണ ഹരിണാ പ്രസഭം ഹൃതഃ*

*ഏഷ രാജേവ ദുഷ്യന്തഃ സാരംഗേണതിരംഹസാ"*

തുടർന്ന് രണ്ടുപേരും വേദിയിൽ നിന്നും പോകുന്നു. ഇതോടുകൂടി പ്രസ്താവന കഴിഞ്ഞു. ഒന്നാമങ്കത്തിൽ കാളിദാസന്റെ ശാകുന്തളയുടെ കഥ ആരംഭിക്കുന്നു.

തുടർന്ന് തേരിൽ ഏറി ദുഷ്യന്ത മഹാരാജാവ് കുലച്ച വില്ലും കൈയ്യി ലേന്തി മാനിനെ പിന്തുടർന്ന് വരുന്നു. കൂടാതെ രാജാവിന്റെ കൂടെ അദ്ദേഹ ത്തിന്റെ സൂതനും പ്രവേശിക്കുന്നു. സൂതൻ രാജാവിനേയും നോക്കി ഒരു കവിത രൂപേണ പറയുന്നു.

*"ഇക്കൃഷ്ണസാരമതിലങ്ങു കുലച്ച ചാപം*

*കൈക്കൊണ്ടീടുന്നൊരു ഭാമാനിലുമിങ്ങു*

*ദൃഷ്ടി ചേർത്തീടവേ മുഖമൃഗാനുഗനാം*

*പിനാകി പ്രത്യക്ഷനായി വിലസുന്നതു കണ്ടീടുന്നേൻ"*

രാജാവ് സൂതനോട് തങ്ങൾ ഇത്രദൂരം മാനിനെ പിന്തുടർന്നിട്ടും അത് ദൃഷ്ടിപ്പെടാത്തത്ര ദൂരത്താണല്ലോ എന്ന് രാജാവ് ചോദിക്കുന്നു. ഭൂമിക്ക് നിര പ്പില്ലാത്തതിനാൽ കടിഞ്ഞാൺ മുറുക്കി തേരിന്റെ വേഗത കുറച്ചതാണ് എന്ന് സൂതൻ. രാജാവ് തുടർന്ന് കടിഞ്ഞാൺ അയച്ചുവിടാൻ പറയുന്നു. തുടർന്ന്

രാജാവിന്റെ കൽപ്പനയിൽ കടിഞ്ഞാൺ അയക്കുന്നു. തുടർന്ന് കുതിരകളുടെ വേഗത സൂര്യാശ്വങ്ങൾക്കും ഇന്ദ്രാശ്വങ്ങൾക്കും അധീതമായിരിക്കുന്നു. രാജാവ് ശരം തൊടുക്കാൻ തുടങ്ങവേ ഇടയ്ക്ക് തപസ്വിനികൾ വന്നു. മഹാരാജാവേ അതിനെ വധിക്കരുത്. അത് ആശ്രമ മൃഗമാണെന്ന് വ്യക്തമാക്കുന്നു. രാജാവ് തേർ തിർത്താനായി ആജ്ഞാപിക്കുന്നു. തുടർന്ന് വൈഖാനസൻ രണ്ട് ശിഷ്യ ന്മാരോട് ഒപ്പം വേദിയിൽ പ്രവേശിക്കുന്നു. തൊടുക്കാൻ ഒരുങ്ങിയ അസ്ത്രം രാജാവ് പിൻവലിക്കുന്നു. തുടർന്ന് വൈഖാനസൻ രാജാവിനെ പ്രശംസിക്കു ന്നു.

''ചേരും പുരുകുലം പിറന്നൊരു ഭവാനിത്
തനിക്കു ചേർന്ന തനയൻ ജനിക്കും ചക്രവർത്തിയായി''

രാജാവ് വണങ്ങി താൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു എന്നുപറയുന്നു. വൈഖാസനൻ ദുഷ്യന്തനോട് താൻ ഇവിടെ ചമത പറിക്കുവാനായി വന്നവ രാണ്. മാലിനി നദി തടത്തിലെ കണ്വന്റെ ആശ്രമം ഉണ്ട് അവിടെ വന്ന് അതിഥി സൽക്കാരം സ്വീകരിച്ചാലും എന്നു പറയുന്നു. രാജാവ് തുടർന്ന് അദ്ദേഹം അവിടെ ഉണ്ടോ എന്ന് ആരാഞ്ഞു. വൈഖാനസനൻ മറുപടിയായി അദ്ദേഹം അതിഥി സത്ക്കാരത്തിനായി പുത്രിയെ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോ ഴാണ് ശാന്തി ചെയ്യുന്നതിനായി സോമതീർത്ഥത്തിലേക്ക് പോയത്. തുടർന്ന് രാജാവ് ആത്മശുദ്ധിക്കായി ആശ്രമദർശനത്തിനായി ഗമിക്കുന്നു. വൈഖാന സൻ ശിഷ്യന്മാരോടൊത്ത് മടങ്ങുന്നു. തുടർന്ന് രാജാവ് ആശ്രമപരിസരത്തെ വർണ്ണിക്കുന്നു.

അൽപ്പ ദൂരം പോയശേഷം തപോവനവാസികൾക്ക് അസൗകര്യം ഉണ്ടാ വാതെ ഇരിക്കാൻ താൻ ഇവിടെ ഇറങ്ങാം എന്നും പറയുന്നു. വിനീതവേഷമ ണിഞ്ഞു വേണം തപോവനത്തിൽ പ്രവേശിക്കേണ്ടത് എന്ന് കരുതി വില്ലും

മറ്റ് ആഭരണങ്ങളും സൂതനെ ഏൽപ്പിക്കുന്നു. താൻ മടങ്ങി എത്തുമ്പോഴേക്കും കുതിരയെ നനച്ചുകൊണ്ട് വരാൻ ആജ്ഞാപിച്ചു. അങ്ങനെ ദുഷ്യന്ത മഹാരാജാവ് ആശ്രമത്തിൽ പ്രവേശിക്കുന്നു. അദ്ദേഹം തെക്കുവശത്ത് ആരുടെയോ സംസാരം ശ്രദ്ധിച്ച് അവിടേക്ക് ചെല്ലുന്നു. മുനികന്യകമാർ കുടങ്ങളിൽ ജലം എടുത്ത് മരങ്ങൾ നനയ്ക്കുന്നത് കാണുന്നു. തുടർന്ന് അദ്ദേഹം ഒരു മരത്തിന്റെ പിന്നിൽ നിന്ന് ഇവ നോക്കി കാണുന്നു. തുടർന്ന് ശകുന്തളയും രണ്ട് സഖിമാരും വേദിയിൽ പ്രവേശിക്കുന്നു. അനസൂയ ശകുന്തളയോട് പറയുന്നു. മുല്ലപ്പൂവ് പോലെ കോമളമായ നിന്നെക്കൊണ്ടാണല്ലോ ഈ വൃക്ഷങ്ങളെ നനയ്ക്കാൻ നിയോഗിക്കുന്നത്. അതിനർത്ഥം താതകശ്യപനും നിന്നെക്കാൾ പ്രിയപ്പെട്ടത് ഇവരു തന്നെ. തന്റെ പിതാവിന്റെ കല്പന മാത്രമല്ല തനിക്കു ഇവയോടു സഹോദര സ്നേഹമാണ് ഉള്ളത്. രാജാവ് വൃക്ഷത്തിന്റെ മറവിൽ നിന്ന് എല്ലാം കാണുന്നുണ്ടായിരുന്നു. ശകുന്തളയെകണ്ട് ഇതാണോ കണ്വപുത്രി ശകുന്തള? എന്ന് അദ്ദേഹം ആലോചിക്കുന്നു.

ഇതിനിടെ ശകുന്തള അനസൂയയോടും പ്രിയംവദയോടും തന്റെ വലംകൈ മുറുകിയിരിക്കുകയാണ് തനിക്ക് അത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നും, അതൊന്ന് അയച്ച് കെട്ടാൻ ആവശ്യപ്പെടുന്നു. അനസൂയ അയച്ചുകെട്ടുന്ന സമയം പ്രിയംവദ ആകട്ടെ ചിരിച്ചുകൊണ്ട് കുപവിജ്രംബത്തിനു കാരണമായ സ്വന്തം യൗവനത്തെ വേണം പഴിക്കേണ്ടത് എന്ന് അവൾ പറയുന്നു. രാജാവ് അത് കേട്ട് ഈ അവൾക്ക് അലങ്കാരമാകുന്നില്ല എന്നാൽ ആവില്ല എന്നുപൂർണ്ണമായി പറയാനുംകഴിയില്ല. ശകുന്തള മുമ്പോട്ട് നോക്കിയിട്ട് ഇലഞ്ഞിതൈ തന്നെ പരിഭ്രമത്തോടെ വിളിക്കുന്നതായി തോന്നുന്നു എന്നു പറഞ്ഞ് അവൾ അവിടേക്ക് ചെല്ലുന്നു. പ്രിയംവദ പറയുന്നു. അവിടെ നിന്നും മാററുത് നിന്നിൽ വൃക്ഷത്തിന്റെ വള്ളി ചുറ്റി ശോഭയോടെ പ്രകാശിക്കുന്നു. ഇതിനു മറുപടിയായി ഇതുകൊണ്ടാണ് നീ പ്രിയംവദയായതെന്ന ശകുന്തള പറയുന്നു. ഇത് കണ്ടും കേട്ടും ഇരുന്ന രാജാവ് പറയുന്നു പ്രിയം അല്ല പ്രിയംവദ പറഞ്ഞതിനോട് അദ്ദേഹം യോജിക്കുന്നു. തുടർന്ന് ശകുന്തളയുടെ രൂപഭംഗി രാജാവ്

വർണ്ണിക്കുന്നു. ചെന്തളിരിനൊപ്പമധുരം ഉള്ളതായി അവളെ വർണ്ണിക്കുന്നു. അവളുടെ ഭുജം ചെറുശാഖകളോട് സാമ്യം കാണിക്കുന്നു. പൂമലർ പോലെ മനോഹരം. പുമേനിയാകെ തികഞ്ഞ താരുണ്യം. പ്രിയംവദ ശകുന്തളയോടായി പറയുന്നു. തേന്മാവിൽ തനിയെ പടർന്ന് വധുവായി തീർന്ന മുല്ല ഇതാ നിൽക്കുന്നു. വനജ്യോത്സനേ എന്നു വിളിക്കപ്പെടുന്ന ഇതിനെ മറന്നോ. ശകുന്തള മറുപടിയായി എന്നാൽ ഢാൻ എന്നെയും മറക്കണം അത്രേം പ്രിയപ്പെട്ടതാണ് അത്. ശകുന്തള അതിന്റെ അടുക്കൽ ചെന്ന് അതിനെ പിടിച്ചുനോക്കുന്നു. ഇതുകണ്ട പ്രിയംവദ പുഞ്ചിരിച്ചുകൊണ്ട് അനസൂയയോട് പറയുന്നു. ശകുന്തള എന്തുകൊണ്ടാണ് വനജ്യോത്സനയെ തലോടുന്നത് എന്തിനെന്നറിയുമോ? അനസൂയ ഇല്ലെന്ന് പറയുന്നു. പ്രിയംവദ മറുപടിയായി അവൾക്കും ഇതുപോലെ അനുയോജ്യനായ വരനെ ലഭിച്ചാൽ കൊള്ളാം എന്നുള്ള മോഹത്താലാണ്. ശകുന്തള ലജ്ജിതയായി അത് നിന്റെ മനസ്സിന്റെ മോഹമാണെന്ന് പറയുന്നു. രാജാവിന്റെ മനം ശകുന്തളയെ രാജ്ഞിയാക്കി കഴിഞ്ഞിരുന്നു ഇതിനോടകം. ശകുന്തളയെക്കുറിച്ച് കൂടുതൽ അറിയാൻ അദ്ദേഹം ആഗ്രഹിക്കുന്നു. വെള്ളമൊഴിച്ചുകൊണ്ടിരുന്ന മുല്ലയിൽ നിന്നും ഒരു വണ്ട് ശകുന്തളയുടെ കുസമം പോലെയുള്ള മുഖത്തിന് നേരേ പായുന്നു. രാജാവ് ആഗ്രഹത്തോടെ നോക്കി വണ്ടിനോടായി ഇപ്രകാരം പറയുന്നു.

അവളുടെ മൃദുവായ മേനിയിൽ തൊട്ട് അവളുടെ കാതിൽ തന്റെ കാര്യം ഓതുന്നവിധം മുരളുക. കൈവീശി കുടയുമ്പോൾ നുകരുന്ന സത്തായ ആ ബിംബാധരം. ശകുന്തള പലയിടത്തായി മാറുന്നു എന്നിട്ടും അത് അവളെ വിടുന്നുണ്ടായിരുന്നില്ല. സഖിമാരോട് തുണയ്ക്കായി ആവശ്യപ്പെടുന്നു. സഖിമാർ പരിഹാസരൂപേണ ഞങ്ങളാണോ തുണയ്ക്കുക നിന്നെ ദുഷ്യന്തനെ വിളിച്ചു കേണു മേൽക നീ. അദ്ദേഹം രാജാവല്ലേ ഈ തപോവനത്തെ കാക്കേണ്ടുന്നതും അദ്ദേഹം തന്നെ. സഖിമാർ ചിരിക്കുന്നു. ഇതുകേട്ട മാത്രയിൽ ഒളിച്ചിരുന്ന രാജാവ് അവിടേക്ക് വരുന്നു. സഖിമാർ രാജാവിനെ കണ്ട് സംഭ്രമിച്ചു. ആപത്ത് ഒന്നുമില്ല തങ്ങളുടെ സഖി വണ്ടിന്റെ ശല്യത്താൻ പേടിച്ച് അവശത

യായതാണ്. രാജാവ് ശകുന്തളയോടായി തപസ്സ് വേണ്ടും വിധം നടക്കുന്നില്ലേ എന്ന് ചോദിക്കുന്നു. ശകുന്തള മൗനം പാലിക്കുന്നു. അദ്ദേഹത്തെ അവർ ആതിഥ്യ മര്യാദയോട് തന്നെ സ്വീകരിക്കുന്നു. അനസൂയ അദ്ദേഹത്തോട് പാലച്ചുവട്ടിൽ വിശ്രമിക്കാനായി ആവശ്യപ്പെടുന്നു. രാജാവിന്റെ നിർദ്ദേശപ്രകാരം ശകുന്തളയും സഖിമാരും ഇരിക്കുന്നു. ശകുന്തള ചിന്താകുലയായി അദ്ദേഹത്തെ കണ്ടയുനെ തന്റെ മനസ്സിൽ തപോവന വിരോധിയായ വികാരം മനസ്സിൽ കടന്നു കേറിയ തെന്താണ് എന്ന് അവൾ ചിന്തിക്കുന്നു. പ്രിയംവദ അനസൂയയോട് സ്വകാര്യ മായി ഇദ്ദേഹം ആരായിരിക്കും എന്ന് ചോദിക്കുന്നു. ഇരുവരും സംശയത്തോട് കൂടിയിരിക്കുന്നു. അനസൂയ രാജാവിനോട് താങ്കൾ ഏത് രാജവംശത്തെ അലങ്ക രിക്കുന്നതെന്ന് ചോദിക്കുന്നു.

വ്യാകുലമായ മനസ്സിനോട് ശകുന്തള ആശ്വാസരൂപമായി ഇപ്രകാരം പറ യുന്നു. നീ ആലോചിക്കുന്നത് എന്താണോ അത് അനസൂയ ചോദിച്ചിരിക്കുന്നു. രാജാവ് താൻ ദുഷ്യന്തൻ ആണെന്ന വിവരം വിട്ടുപറയാതെ അവളോട് പുരുവം ശരാജാവ് ധർമ്മാധികാരിയായി നിയമിച്ചിട്ടുള്ള ആളാണ് ക്രിയകളിൽ വിഘ്നം കൂടാതെ നടക്കുന്നുണ്ടോ എന്ന വിവരം അന്വേഷിക്കാൻ അയച്ചതാണെന്ന് അദ്ദേഹം പറയുന്നു. ശകുന്തളയിൽ ശൃംഗാരലജ്ജ ഉണ്ടാക്കുന്നു. സഖിമാർ രാജാ വിന്റെയും ശകുന്തളയുടേയും ഭാവം കണ്ട് ഇപ്രകാരം പറയുന്നു. ശകുന്തളേ, പിതാവ് ഉണ്ടായിരുന്നെങ്കിൽ എന്ന് പറയുന്നതിന് കോപത്താൽ ശകുന്തള എന്നാ ലെന്താ എന്ന് ആരാഞ്ഞു. തന്റെ ജീവിത സർവ്വസവും കൊടുത്ത് അതിഥിയെ തൃപ്തനാക്കുമായിരുന്നു. ശകുന്തള മറുപടിയായി നിങ്ങൾ മനസ്സിൽ വെച്ച് പറ യുന്നവയാണ് ഇത്. രാജാവ് സഖിമാരോട് ശകുന്തളയെക്കുറിച്ച് ചോദിക്കാൻ തുടങ്ങുന്നു. അവർക്ക് ഈ അപേക്ഷ ഒരു അനുഗ്രഹമാണെന്ന് പറയുന്നു. കശ്യ പൻ നിത്യബ്രഹ്മചാരിയാണല്ലോ. നിങ്ങളുടെ സഖി അദ്ദേഹത്തിന്റെ മകളാ ണെന്നും പറയുന്നു. അത് എപ്രകാരമാണ് എന്ന് രാജാവ് ചോദിക്കുന്നു. സഖി മാർ മറുപടിയായി കുശികഗോത്രത്തിൽ വിശ്വാമിത്രൻ എന്ന മഹാപ്രഭാവനായ രാജർഷിയുണ്ട്. അദ്ദേഹത്തിന്റെ പുത്രിയാണ് തങ്ങളുടെ സഖി കശ്യപൻ അവളെ

എടുത്തു വളർത്തിയ വളർത്തച്ഛനാണ്. രാജാവിന് ഉപേക്ഷിക്കുക എന്ന് വാക്ക് വളരെ കൗതുകം ജനിപ്പിച്ചു. ആദ്യം മുതൽ കേൾക്കാൻ ആഗ്രഹിക്കുന്നു എന്ന് അദ്ദേഹം പറയുന്നു. തുടർന്ന് അനസൂയ പറയാൻ തുടങ്ങി. പണ്ട് രാജർഷി ഉഗ്രമായ തപസ്സ് ചെയ്യുന്നതിൽ ദേവന്മാർക്ക് ഭയം ഉണ്ടായി. മേനക എന്ന അപ സരസ്ത്രീയെ തപസ്സ് മുടക്കാനായി പറഞ്ഞയച്ചു. തുടർന്ന് വസന്തകാലത്തിന്റെ മൂർദ്ധന്യം മൂലവും മനസ്സു മയക്കുന്ന മേനകയുടെ ആകൃതി മൂലവും ബാക്കി പറയാൻ അനസൂയയ്ക്ക് ലജ്ജയുണ്ടായി. രാജാവ് മറുപടിയായി ശേഷം മനസ്സി ലായി, അപ്സരസ്ത്രീയിൽ ഉണ്ടായതാണ് ശകുന്തള.

അതുകൊണ്ട് തന്നെ ഇവൾക്ക് ഇത്ര തേജസ്സ്. മനുഷ്യസ്ത്രീയിലുണ്ടാ കാത്ത മനോഹരമായ രൂപം ആണ് ഇത്. ശകുന്തള തലതാഴ്ത്തിനിന്നു. എന്നി രുന്നാൽ കൂടി രാജാവിന് വീണ്ടും മനഃക്ലേശം ഉണ്ടായി. പ്രിയംവദ ശകുന്തള യേയും രാജാവിനേയും നോക്കി പുഞ്ചിരിച്ച് അങ്ങയ്ക്ക് ഇനിയും എന്തോ ചോദി ക്കാനുണ്ടെന്ന് തോന്നുന്നല്ലോ? അദ്ദേഹം മറുപടിയായി ശകുന്തളയ്ക്കും സന്യാസ ജീവിതം തന്നെയാണോ എന്നത് അദ്ദേഹം ചോദിക്കുന്നു. പ്രിയംവദ പിതാവ് ഇവൾക്ക് അനുരൂപനായ ഒരു വരനെ നൽകണം എന്നാണ് ആഗ്രഹം ആയി നടക്കുന്നു. രാജാവിന്റെ മനസ്സിലെ ശങ്ക ഒഴിഞ്ഞു. ശകുന്തള ദേഷ്യത്തോടെ പോകുന്നു. പ്രിയംവദ അവളെ പിടിച്ചു നിർത്തുന്നു. തന്റെ സഖിക്കുവേണ്ടി രണ്ട് വൃക്ഷം നനച്ചിട്ടുണ്ട് എന്ന് പറയുന്നു. രാജാവ് ശേഷം തന്റെ മോതിരം അവൾക്ക് നീട്ടുന്നു. മോതിരത്തിൽ നാമമുദ്ര കൊത്തിയത് ശ്രദ്ധിക്കുന്നു. രാജാവ് പിന്നീട് പറഞ്ഞു അത് രാജാവിന്റെ വകയായി കിട്ടിയിട്ടുള്ളതാണ്. പ്രിയംവദ പറഞ്ഞു അപ്രകാരമെങ്കിൽ അങ്ങയുടെ കൈയ്യിൽ ഇരിക്കട്ടെ എന്ന് പറയുന്നു. താപസിമാരോടായി ദുഷ്യന്ത മഹാരാജാവ് തപോവനത്തിൽ വന്നിരിക്കുന്നു എന്ന് പൗരന്മാർ പറയുന്നു. സഖിമാർ കാട്ടാനയുടെ വിവരണം കേട്ട് ഭയപ്പെടുന്ന താങ്കൾക്ക് പോകണം എന്ന് പറയുന്നു. ശകുന്തള പോകുന്നതിൽ താമസ്സം ഉണ്ടായി രാജാവ് തപോവനത്തിൽ താവളം ഉറപ്പിക്കാൻ ശ്രമിക്കുന്നു. അദ്ദേഹ ത്തിന് പോകുവാൻ കഴിയാതെയായിരിക്കുന്നു.

# രണ്ടാം അങ്കം

തുടർന്ന് വിദൂഷകൻ പ്രവേശിക്കുന്നു. അദ്ദേഹം വിഷാദഭാവത്തിൽ പറയുന്നു. വേട്ടക്കാരൻ രാജാവിന്റെ തോഴനായി തീർന്നത് തന്റെ കർമ്മഫലമായി കണക്കാക്കുന്നു. രാജാവാകട്ടെ മാനിന്റേയും, പന്നിയുടേയും, കടുവയുടേയും പുറകേ ഒരു കാട്ടിൽ നിന്നും മറ്റൊരു കാടുകളിലേക്ക് പോകുന്നു. ഇലകൾ അഴുകിയതും, ചവർപ്പുമുള്ള കാട്ടുപുഴയിലെ ചൂടുവെള്ളമാണ് അദ്ദേഹം ദാഹ ശമിനിയായി കുടിക്കുന്നത്. ചുട്ട മാംസവുമാണ് ഭുജിക്കുന്നതും. അദ്ദേഹത്തിന്റെ പിന്നാലെ ഓടി താൻ വശംകെട്ടതായി പറയുന്നു. എന്നാൽ ഇപ്പോഴാകട്ടെ കുന്നിൻ മേലെ കുരു പുറപ്പെട്ടിരിക്കുന്നു. അവിടെ മാനിനെ ഓടിച്ച് തപോവന ത്തിൽ എത്തി ശകുന്തള എന്ന തപോവന കന്യകയിൽ അനുരക്തനായി ഇപ്പോൾ തിരിച്ചു മടങ്ങാതെ അവിടെ തന്നെ താമസിക്കുന്നു. രാത്രിമുഴുവൻ അവളെ ചിന്തിച്ചു ചിന്തിച്ചു നേരം വെളുപ്പിച്ചു എന്ന് അദ്ദേഹം വ്യക്തമാക്കുന്നു. തുടർന്ന് തപോവനസ്ത്രീകൾ ഇങ്ങോട്ടേക്ക് വരുന്നു. രാജാവ് താൻ എന്താ ണ് അസ്വാ ധീനമായി നിൽക്കുന്നതെന്ന് ചോദിക്കുന്നു. തോഴരെന്താണ് കണ്ണിൽ കുത്തി കണ്ണീരിന്റെ കാരണം തിരക്കുന്നത് എന്ന് വിദൂഷകൻ പറയുന്നു. രാജാവിന് അതിന്റെ കാര്യഗൗരവം വ്യക്തമായില്ല. അത് വ്യക്തമാക്കാനായി വിദൂഷകൻ മറ്റൊന്ന് പറയുന്നു. ആറ്റുവഞ്ചി കൂനന്റെ മട്ട് കാണിക്കുന്നത് എന്തിനാലാണ് തന്റെ സാമർത്ഥ്യമോ, നദിവേഗത മൂലമോ രാജാവ് മറുപടിയായി അതിനു കാരണം നദി വേഗതമൂലമാണ് എന്നു പറയുന്നു. രാജ്യകാര്യങ്ങൾ ഉപേക്ഷിച്ച് കൊടുങ്കാട്ടിൽ കാട്ടാളവൃത്തി അനുഷ്ഠിക്കുന്നതാണല്ലോ അങ്ങയ്ക്ക് പ്രിയം. അതിനാൽ ഇന്നൊരുദിവസമെങ്കിലും തന്നെ വിശ്രമിക്കാൻ അനുവദിക്കാന്ഡ ആവശ്യപ്പെടുന്നു. രാജാവ് ചിന്തിക്കുന്നു തനിക്ക് കണ്വപുത്രിയെ ഓർത്തിട്ട് വേട്ടയ്ക്ക് പോവാൻ മനസ്സനുവദിക്കുന്നില്ല.

വിദൂഷകനോട് രാജാവ് വിശ്രമശേഷം തന്നെ ഒരു കാര്യത്തിൽ അങ്ങ് സഹായിക്കണം എന്ന് ആവശ്യപ്പെടുന്നു. തുടർന്ന് ദ്വാരപാലകനോടായി രാജാവ് സേനാപതിയെ കൂട്ടിക്കൊണ്ട് വരാനായി അവശ്യപ്പെടുന്നു. തുടർന്ന് ദ്വാരപാല

കൻ സേനാപതിയുമായി തിരികെ എത്തുന്നു. സേനാപതി രാജാവിനോടായി കാട്ടിലെ മൃഗങ്ങളെ തെളക്കുട്ടി കഴിഞ്ഞിരിക്കുന്നു. അങ്ങ് എന്താണ് വരാൻ താമസിക്കുന്നതെന്ന് ചോദിക്കുന്നു. രാജാവ് മറുപടിയായി തന്നെ നായാട്ടുകൊണ്ടുള്ള ക്രമക്കേടുകൾ ചൂണ്ടിക്കാട്ടി മാഢവ്യൻ ഉത്സാഹത്തിൽ ഭംഗം വരുത്തിയിരിക്കുന്നു. സേനാപതി വിദൂഷകനോട് സ്വകാര്യമായി അങ്ങ് പറഞ്ഞതിൽ ദൃഢമായി പിടിച്ചുകൊള്ളുക എന്ന് പറഞ്ഞതിനുശേഷം രാജാവിനോടായി ഈ മൂർഖൻ എന്തുവേണമെങ്കിലും പറയട്ടെ അങ്ങ് ഒരു ദൃഷ്ടാന്തമാണല്ലോ എന്ന് പറയുന്നു.

രാജാവ് സേനാപതിയോടായി കാട് തെളിയിക്കാൻ പോയ ഭടന്മാരോടും തപോവനവാസികൾക്ക് ഉപദ്രവത്തിനിടയാക്കാതെ പടയാളികളേയും ഏവരേയും തിരികെ വിളിക്കൂ എന്ന് പറയുന്നു. രാജാവ് പരിവാരങ്ങളോടായി നായാട്ടുവേഷം മാറ്റാനായി ആവശ്യപ്പെടുന്നു. വിദൂഷകനും രാജാവും കൂടി പാറയിന്മേൽ ഇരിക്കുന്നു. രാജാവ് വിദൂഷകനോടായി തന്റെ ആശ്രമ അങ്കണത്തിലുള്ള ശകുന്തളയെക്കുറിച്ചാണ് ആലോചിക്കുന്നത്. വിദൂഷകൻ ഇദ്ദേഹത്തിനു അവസരം കൊടുക്കാൻ പാടില്ല എന്ന് ചിന്തിക്കുന്നു. എന്നിട്ട് അദ്ദേഹം ഇപ്രകാരം പറയുന്നു. ഒരു താപസകന്യകയെ ആഗ്രഹിക്കുന്നത് അങ്ങയ്ക്ക് യോജിച്ചതല്ല. തിരസ്ക്കരിക്കേണ്ട കാര്യങ്ങളിൽ പൗരന്മാരുനടെ മനസ്സ് പ്രവർത്തിക്കുകയില്ല എന്ന് രാജാവ് പറയുന്നു. തുടർന്ന് അദ്ദേഹം ശകുന്തളയെ പുകഴ്ത്തി പറയുന്നതിന് വിദൂഷകൻ രാജാവിനെ പരിഹാസരൂപേണ ഇപ്രകാരം പറയുന്നു. പെരിന്തൽപ്പഴം തിന്നു ചെടിച്ചവന് വാളൻപുളിയിൽ രുചിതോന്നും എപ്രകാരം ആണോ അപ്രകാരം അങ്ങേയ്ക്കും ഉള്ളത്. താങ്കൾ അവളെ കണ്ടിട്ടില്ല അതുകൊണ്ടാണ് ഇപ്രകാരം പറയുന്നത്. അങ്ങയിൽ വിസ്മയം ജനിപ്പിച്ചതിൽ അവൾ അത്ര മനോഹരി തന്നെയായിരിക്കണം.

രാജാവ് അവളെക്കുറിച്ച് തന്റെ തോഴനോട് വിവരിക്കുന്നു. വിദൂഷകൻ രാജാവിനോടായി ഏതെങ്കിലും വനവാസിയുടെ കൈയ്യിൽ അകപ്പെടുന്നതിനു മുന്നേ അങ്ങ് ചെന്നാലും കൂടാതെ അവൾക്ക് അങ്ങയോടുള്ള പെരുമാറ്റം എപ്രകാരമായിരുന്നു. തമ്മിൽ പിരിയുന്ന മാത്രയിൽ ലജ്ജയുണ്ടായിട്ടും ആ ഭാവം വെളി

പ്പെടുത്താതെ നാലടി നടക്കുന്നതിന് മുമ്പ തന്നെ കാലിൽ ദർഭമുന തറച്ച തായി വെറുതെ നടിച്ചു. തിരിഞ്ഞു നോക്കി അവൾ തന്നെ എന്ന് രാജാവ് വിശ ദമാക്കി. തപസികൾക്ക് ഇനി ഉപദ്രവം ഒന്നും ഉണ്ടാകില്ല എന്ന് അദ്ദേഹം വിദു ഷകൻ പറയുന്നു. എന്നാൽ തപസ്വിനികളിൽ ചിലർ നമ്മെ കണ്ടിരിക്കുന്നു. എന്ന കാരണത്താലാണ് നാം ഇനി ആശ്രമത്തിൽ പ്രവേശിക്കേണ്ടത് എന്ന് രാജാവ് ചോദിക്കുന്നു. വിദൂഷകൻ ആശ്രമത്തിൽ കയറായി ഒരുപായം പറയു ന്നു. അങ്ങ് രാജാവല്ലേ, താപസികരോട് ഒരു  കരം വരിനെല്ല് ആവശ്യത്തി നായി പോകൂ. രാജാവിന്റെ ധാർമ്മികത വ്യക്തമാക്കി കൊണ്ട് അദ്ദേഹം ഇപ്ര കാരം പറയുന്നു. താപസ്വികൾ തരുന്നതിന് രത്നരാശികളേക്കാൾ വിലയുണ്ട്. തുടർന്ന് രണ്ട് മഹർഷി കുമാരൻമാർ പ്രവേശിക്കുന്നു. മഹർഷിമാർ രാജാവിന് ഫലങ്ങൾ സമർപ്പിച്ചശേഷം തുടർന്ന് മഹർഷിമാർ രാജാവിനോട് കണ്വമഹർഷി ഇല്ലാത്തതുകൊണ്ട് യാഗവിഘ്നം ഉണ്ടാകുന്നതിനാൽ രാക്ഷസന്മാർക്ക് എതി രായി അങ്ങ് ആശ്രമവാസികൾക്ക് കാവലുണ്ടവണം. രാജാവ് സന്തുഷ്ടനാകു ന്നു. അങ്ങേയ്ക്ക് ഇത് അനുകൂലമായത് എന്ന് വിദൂഷകൻ ചിന്തിക്കുന്നു. രാജാവ് രക്ഷയ്ക്കായി സജ്ജീകരണം ഒരുക്കാനായി ആജ്ഞാപിക്കുന്നു. പക്ഷകർത്ത്യ ത്തിനായി പോകാൻ ഒരുങ്ങവെ കരഭകൻ എഴുന്നെള്ളുന്നു. നാലുദിവസം വ്രതം കാലം കൂട്ടുന്നു അതിനാൽ ഉണ്ണി ഇവിടെ എത്തണം എന്ന് അമ്മത്തമ്പുരാക്ക ന്മാരിൽ നിന്നുള്ള അറിയിപ്പും ലഭിക്കുന്നു. തുടർന്ന് രാജാവ് തന്റെ കാര്യവിവര ങ്ങൾ അറിയിച്ച് പുത്രസ്ഥാനത്തു നിന്ന് അവർക്ക് വേണ്ടത് അനുഷ്ഠിക്കണം. രാജാവ് വിദൂഷകന്റെ കൈയ്യിൽ പിടിച്ച് താൻ ആശ്രമത്തിൽ പോകുന്നത് തപ സ്വികന്യകയ്ക്കുവേണ്ടി അല്ല എന്ന് വിദൂഷകനെ പറഞ്ഞ് മനസ്സിലാക്കുന്നു. തുടർന്ന് ഏവരും പോകുന്നു.

## മൂന്നാം അങ്കം

മൂന്നാമങ്കത്തിന്റെ ആരംഭത്തിൽ യജമാന ശിഷ്യൻ പ്രവേശിക്കുന്നു. ഇപ്ര കാരം പറയുന്നു. ദുഷ്യന്ത മഹാരാജാവ് മഹാനുഭാവനാണെന്നും, അദ്ദേഹ ത്തിന്റെ ആശ്രമപ്രവേശത്തോടെതന്നെ വിഘ്നം എല്ലാം തീർന്ന പോലെ. ദർഭ പ്പുല്ല്  ഋത്വിക്കുകൾക്ക് നൽകാം. പ്രിയംവദ ഇല കളയാത്ത താമരവളയങ്ങളും,

രാമച്ചം എന്നിവയെല്ലാം കൊണ്ടുപോകുന്നത് ശകുന്തളയ്ക്ക് വളരെ സുഖമില്ലാതെ ആയിരിക്കുന്നു. ശീതോപചാരങ്ങൾ ജാഗ്രതയോടുകൂടി ചെയ്യണം. അവൾ കുലപതിയുടെ പ്രാണനാണ്. അവൾക്കുള്ള യാഗതീർത്ഥം ഗൗതമിയുടെ പക്കൽ നൽകാം. രാജാവ് നെടുവീർപ്പിട്ട് ഇപ്രകാരം മന്മദഭഗവാനോടായി പറയുന്നു. അങ്ങും ചന്ദ്രനും വിശ്വസ്ത വേഷം അണിഞ്ഞ് കാമി ജനങ്ങളെ വഞ്ചിക്കുകയാണ്. യാഗകർമ്മങ്ങൾ അവസാനിച്ചാൽ സദസ്യന്മാർ തന്നെ വിശ്രമിക്കാൻ അനുവദിക്കും എന്നാൽ ഇവിടെ ഇരുന്ന് എപ്രകാരം തന്റെ മുഷിച്ചിൽ തീർക്കും എന്ന് ആലോചിക്കുന്നു. തന്റെ സഖിയെ കാണാതെ നിവർത്തിയില്ല വെയിൽ കടുത്ത ഈ നേരം അവൾ സഖിമാരോട് ഒത്ത് മാലിനി തീരത്തായിരിക്കും അങ്ങോട്ടേക്ക് ഗമിക്കാം. രാജാവ് സന്തോഷവാനായി തന്റെ സഖിയെ കണ്ടമാത്രയിൽ തന്നെ അവൾ പാറപ്പുറത്ത് പൂമെത്തയിൽ കിടക്കുന്നു. സഖിമാർ ശുശ്രൂഷയിലും ഉണ്ട്. സഖിമാർ ശകുന്തളയോട് ഈ താമര ഇലകൊണ്ട് വീശീട്ട് സുഖം തോന്നുന്നുണ്ടോ നിനക്ക്? തോഴിമാർ എന്നെ വീശുകയാണോ എന്ന ശകുന്തളയുടെ മറുപടിയിൽ സഖിമാർ പരിഭ്രാന്തരായി. രാജാവ് ഇവയെല്ലാം കേൾക്കുന്നുണ്ടായിരുന്നു. ശകുന്തളയ്ക്ക് ബലക്കേട് കൂടുതലായി തോന്നുന്നു. ഈ സുഖമില്ലായ്മ വെയിൽ കാരണമോ, മന്മഥൻ നിമിത്തമോ? പ്രിയംവദ സ്വകാര്യമായിട്ട് അനനൂയയോടായി പറയുന്നു. ആ രാജർഷിയെ ആദ്യമായി കണ്ട അന്നുമുതൽ ശകുന്തളയ്ക്ക് ഈ മനോരാജ്യത്തിന്റെ മട്ടു കാണുന്നുണ്ടല്ലോ. അതിനാൽ ആകുമോ ഈ അസ്വസ്ഥത ശകുന്തളയ്ക്ക്? അനസൂയ തനിക്കും അതിൽ സംശയമുണ്ട്. ശകുന്തളയോടായി ചോദിക്കുന്നു. രാജാവ് ഇത് കേട്ട് തന്റെ സംശയം തന്നെ അനസൂയയിലും ഉണ്ടായത്. ശകുന്തളയ്ക്ക് തന്റെ മനോരഥം പുറത്തറിയരുതെന്ന് വലിയ നിർബന്ധമുണ്ട്. എന്ന് അവൾ വിചാരിക്കുന്നു. പ്രിയംവദയും അനസൂയയുടെ ചോദ്യത്തെ അനുകൂലിക്കുന്നു. ശകുന്തളയ്ക്ക് ലാവണ്യം കൊണ്ടുള്ള കാന്തിവിശേഷം പോയിട്ടില്ല എന്നു മാത്രം. രാജാവ് പ്രിയംവദയെ അനുകൂലിക്കുന്നു. താൻ മറ്റാരോടാണ് പറയേണ്ടത് എന്ന് ശകുന്തള പറയുന്നു. സ്നേഹിതരോടായി പങ്ക് വെച്ചാൽ തന്റെ ദു:ഖത്തിന്റെ തീവ്രത കുറയില്ലേ, എന്ന് സഖിമാർ ചോദിക്കുന്നു. തുടർന്ന് ശകുന്തള തന്റെ മനോവ്യഥ സഖിമാ

രോടായി പറഞ്ഞു രാജർഷിയെ എന്ന് കാണാൻ ഇടയായോ അന്ന് മുതൽ അദ്ദേഹത്തോടുള്ള അഭിലാഷം കൊണ്ട് തനിക്ക് ഈ അവസ്ഥയുണ്ടായി. രാജാവ് സന്തോഷത്തോടെ കാതിന് ഇമ്പം ഉളവാക്കുന്നത് താൻ കേട്ടിരിക്കുന്നു. തന്റെ പേരിൽ ദയ തോന്നത്തക്കവിധം അദ്ദേഹത്തോട് പെരുമാറണം എന്നായി ശകുന്തള പറയുന്നു. രാജാവിന്റെ സംശയം ഒക്കെ തീർക്കും വിധം പറഞ്ഞുകഴിഞ്ഞിരിക്കുന്നു. പ്രിയംവദയും, അനസൂയയും ശകുന്തളയുടെ ഈ അവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുന്നു. സഖിയുടെ ഇച്ഛ നടക്കുന്നതിനായി എന്താണ് ഒരു ഉപായം എന്ന് അനസൂയ ചോദിക്കുന്നു. അദ്ദഹത്തിനായി ഒരു കാമലേഖനം എഴുതാനായി ശകുന്തളയോട് സഖിമാർ ആവശ്യപ്പെടുന്നു. അത് താൻ രാജർഷിയുടെ പക്കൽ എത്തിക്കാം. ശകുന്തളയുടെ മനസ്സിൽ അദ്ദേഹം തന്നെ തള്ളിക്കളയുമോ എന്നൊരു ഭയം ഉണ്ടാകുന്നു. രാജാവ് ഇത് കേട്ട മാത്രയിൽ ഭവതി മോഹിച്ച ആൾ ഭവതിയെ കാത്തുനിൽക്കുന്നു എന്ന് പറയുന്നു. നിന്റെ ഗുണങ്ങളെ നീ അപമാനിക്കുകയാണോ എന്ന് സഖിമാർ ചോദിക്കുന്നു. ശകുന്തള ശ്ലോകം ആലോചിച്ചിരിക്കുന്നു എന്നാൽ എഴുതാൻ ഉള്ള വസ്തുവകകൾ ഒന്നും തന്നെയില്ലല്ലോ എന്ന് പറയുന്നു. താമരയിലയിൽ നഖത്താൽ എഴുതാം എന്ന് പ്രിയംവദ പറയുന്നു. ശകുന്തള അപ്രകാരം ചെയ്തിട്ട് അർത്ഥം യോജിച്ചുവോ എന്ന് ശ്രദ്ധിക്കാൻ ആവശ്യപ്പെടുന്നു.

ശകുന്തള ഇപ്രകാരം വായിക്കുന്നു.

നിന്നുടെ ചിത്തമറിഞ്ഞില്ലെന്മനമോ മാരദേവനിരവുപകൽ നിർദ്ദയ, നീറ്റുന്നു തുലോം നിങ്കൽച്ചേരും മനോരഥംമൂലം ഇത്രയും കേട്ടമാത്രയിൽ തന്നെ അദ്ദേഹം വേഗം തന്നെ പ്രവേശിക്കുന്നു. സഖിമാർ രാജാവിനെ കണ്ട് എഴുന്നേറ്റ് സ്വാഗതം അറിയിക്കുന്നു. ശകുന്തള എഴുന്നേൽക്കാൻ ശ്രമിക്കുമ്പോൾ രാജാവ് വേണ്ട ശ്രമപ്പെടേണ്ട എന്ന് പറയുന്നു. പാറയുടെ ഒരു ഭാഗത്ത് ഇരിക്കാനായി അനസൂയ ആവശ്യപ്പെടുന്നു. തുടർന്ന് ശകുന്തള ലജ്ജിക്കുന്നു. രാജാവ് ശകുന്തളയോടായി പറയാൻ തോന്നുന്നത് പറയാതെ ഇരുന്നാൽ പശ്ചാതാപത്തിനിടയാവും. പ്രിയംവദ രാജാവിനോടായി പ്രജകൾക്ക് എന്ത് ബുദ്ധിമു

ട്ടുണ്ടായാലും അത് മാറ്റുന്നതല്ലേ രാജാവിന്റെ ധർമ്മം. രാജാവിന് അതിനേക്കാൾ ഉപരി മറ്റൊന്നില്ല എന്ന് അദ്ദേഹം പറയുന്നു. പ്രിയംവദ ഇപ്രകാരം പറയുന്നു. തന്റെ സഖിയെ മന്മഥഭഗവാൻ ഇപ്രകാരം ആക്കിയിരിക്കുന്നു. ഇവളെ അങ്ങ് അനുഗ്രഹിച്ച് പ്രാണരക്ഷ ചെയ്താലും എന്ന് പറയുന്നു. രാജാവും തന്റെ മനസ്സിലെ ആഗ്രഹവും വ്യക്തമാക്കി. അനസൂയ രാജാവിനോടായി രാജാക്കൻമാർക്ക് ഭാര്യമാർ നിരവധിയാണെന്നാണ് കേട്ട് കേൾവി. തങ്ങളുടെ ഈ സഖിയെ ബന്ധുജനങ്ങൾക്ക് ശോചിക്കാത്ത വിധത്തിൽ അങ്ങ് നിർവ്വഹിക്കണം എന്ന് പറയുന്നു. രാജാവ് മറുപടിയായി ഒന്ന് കാഞ്ചനയാകുന്നതോഴിയും മറ്റൊന്ന് ഈയുറ്റതോഴിയും അവയാണ് തനിക്ക് ഇരുപത്നിമാർ എന്നു പറയുന്നു. സഖിമാർ സന്തുഷ്ടരായി. പ്രിയംവദ ചുറ്റും നോക്കി. ഒരു മാൻകുട്ടി ഓടുന്നു. തന്റെ അമ്മയെ കാണാഞ്ഞിട്ടാവും സഖിമാരേയും കൂട്ടി അതിനെ തള്ളയുടെ പക്കൽ കൊണ്ടുവിടാം. ശകുന്തള ആരെങ്കിലും ഒരാൾ തനിക്കു തുണയായി ഇവിടെ ഇരിക്കാൻ ആവശ്യപ്പെടുന്നു. സഖിമാർ ശകുന്തളയെ നോക്കി പരിഹസിക്കുന്നു. ഭൂമിയുടെ ഒടുക്കം വരെ തുണയായിട്ടുള്ള ആൾ നിന്റെ അടുത്ത് ഉള്ളത്. രാജാവ് ശകുന്തളയോട് പരിഭ്രമിക്കേണ്ട താൻ വേണ്ടതു ചെയ്യാം. ശകുന്തള എഴുന്നേൽക്കാൻ ഭാവിക്കുമ്പോൾ രാജാവ് ശകുന്തളയോട് പറയുന്നു. വെയിലാറിയിട്ടില്ല നിന്റെ ശരീരസ്ഥിതി മോശമല്ലേ, നീ വിശ്രമിക്കൂ.. രാജാവ് ശകുന്തളയെ വർണ്ണിക്കുകയാണ് വീണ്ടും. കമലത്തിൽ ദളപാളികൊണ്ടുമൂടിയ മാറിടം. തുയിൽ മെത്തിടുന്ന അംഗങ്ങളോടുകൂടി മലർമെത്ത വെടിഞ്ഞു വെയിലത്തങ്ങു ഗമിക്കുന്നത് യുക്തമായതാണോ ഇപ്രകാരം പറഞ്ഞ് തടഞ്ഞു നിർത്തുന്നു. ശകുന്തള പരിഭ്രമിക്കുന്നു. ശകുന്തളയോട് രാജാവ് ഭയപ്പെടേണ്ട എന്ന് പറയുന്നു. ധർമ്മജ്ഞനായ കുലപതി ഇതറിഞ്ഞാൽ നിന്റെ പേരിൽ കുറ്റം ആരോപിക്കുകയില്ല. ഗാന്ധർവ്വ വിധി പ്രകാരം വിവാഹം നടന്നിട്ടുള്ള രാജർഷി കുമാരെക്കുറിച്ച് പണ്ടുള്ള നാളുകളിൽ നിജബന്ധുവർഗ്ഗം കൊണ്ടാടിയിരുന്നതായി കേൾവിയുണ്ട്. ശകുന്തള ഇവയെല്ലാം കേട്ടശേഷം സമ്മതിക്കുന്നു. ഇപ്പം തന്നെ വിടാൻ ആവശ്യപ്പെടുന്നു. രാജാവ് വിട്ടയക്കാം എന്ന് പറഞ്ഞ ഉടനെ ശകുന്തള എപ്പോഴാണെന്ന് ആരാഞ്ഞു. രാജാവ് ശകുന്ത

ളയെ ചുംബിക്കാൻ മുഖം ഉയർത്താൻ ഭാവിക്കുന്നു. ശകുന്തള മുഖം തിരിച്ചുകള യുകയും ചെയ്തു. അതേസമയം അണിയറയിൽ ഇപ്രകാരം കേൾക്കുന്നു. ചക്ര വർത്തി, രാത്രി അടുക്കുന്നു. കൂട്ടുപിരിയാൻ ഒരുങ്ങിക്കൊള്ളൂ. ശകുന്തള സംഭ്രമ ത്തോടെ രാജാവിനോട് തന്റെ ദേഹസ്ഥിതി അന്വേഷിക്കാൻ ആര്യ ഗൗതമി ഇങ്ങോ ട്ടേക്ക് വരികയാണ്. താങ്കൾ ഈ വൃക്ഷത്തിനിടയിൽ മറഞ്ഞിരുന്നാലും. രാജാവ് ശകുന്തളയുടെ വാക്കുകേട്ട് മറഞ്ഞ് നിൽക്കുന്നു. ഗൗതമിയും സഖിമാരും ജല പാത്രം എടുത്തുകൊണ്ട് രംഗത്ത് പ്രവേശിക്കുന്നു. തുടർന്ന് ഗൗതമി ശകുന്തള യുടൈ ദേഹസ്ഥിതിയെപ്പറ്റി തിരക്കുന്നു. തനിക്ക് ഇപ്പോൾ ഭേദമുണ്ടെന്ന് ശകു ന്തള പറയുന്നു. ഗൗതമി ശകുന്തളയുടെ തലയിൽ തീർത്ഥം തളിച്ചിട്ട് വേഗം ഭേദം ആകുമെന്ന് പറയുന്നു. സന്ധ്യായാകാറായി ആശ്രമത്തിലേക്ക് പോകാം എന്ന് പറയുന്നു. ശകുന്തള ചിന്തിക്കുകയാണ് തനിക്ക് സങ്കോചമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ പശ്ചാത്തപിക്കുന്നത് എന്തിനാണ്. ഒന്നുരണ്ട് അടി നടന്നിട്ട് തിരിഞ്ഞ് വള്ളിക്കുടിലിനോട് യാത്ര പറയുംപോലെ നോക്കുന്നു. ദു:ഖഭാവത്തോടുകൂടി മറ്റുള്ളവരോട് ഒത്ത് നടന്നു നീങ്ങുന്നു. ഇതേസമയം രാജാവ് നെടുവീർപ്പെടു ത്തിട്ട് ആഗ്രഹ സാധിക്കുന്നതിന് ഇത്തരത്തിൽ വിഘ്നം നേരിടേണ്ടി വരും തനി ക്കാകട്ടെ പോകാൻ സാധിക്കുന്നില്ല അൽപ്പനേരം തന്റെ പ്രിയതമ വിശ്രമിച്ച കുടിൽ തന്നെ ഇരിക്കാം എന്ന് പറഞ്ഞ് അവിടെ ഇരിക്കുന്നു. തുടർന്ന് രാജാവ് പോകു ന്നു.

## നാലാം അങ്കം

നാലാമങ്കത്തിന്റെ ആരംഭം തന്നെ അനസൂയ പ്രിയംവദയോടായി ശാകുന്ന തളയ്ക്ക് ഗാന്ധർവ്വ വിധിപ്രകാരം ഭർതൃസംസർഗ്ഗം ലഭിച്ചതിൽ മനസ്സു സന്തോ ഷിക്കുന്നു എന്നു പറയുന്നു. എന്നിരുന്നാലും തനിക്ക് മനസ്സിന് എന്തോ ശങ്ക ഉള്ളതായി അറിയിക്കുന്ന. പ്രിയംവദ എന്താണെന്ന് ചോദിക്കുന്നതിനു മറുപടി യായി യാഗകർമ്മത്തിന്റെ അവസാനത്തിനുശേഷം രാജാവ് രാജധാനിയിലേക്ക് പോയാൽ ഇവിടുത്തെ വർത്തമാനം അദ്ദേഹം ഓർക്കുമായിരിക്കുമോ? ഇങ്ങനെ യുള്ള മഹാനുഭാവന്മാർക്ക് പ്രകൃതിഗുണം ഇല്ലാതെയിരിക്കില്ല. അച്ഛൻ വന്നു കാര്യ ങ്ങൾ അറിഞ്ഞാൽ എപ്രകാരം ആകുമെന്ന് പ്രിയംവദ ചോദിക്കുന്നു. എന്നാൽ

അനസൂയ പറയുന്നത് അദ്ദേഹത്തിന് ഇതിൽ സമ്മതം ആയിരിക്കും കാരണം അവളെ ഗുണവാനായ ഒരു വരനു കൊടുക്കണം എന്നല്ലേ അദ്ദേഹത്തിന്റെ ആശയും. അത് ഈശ്വരൻ തന്നെ നടത്തിയതിൽ അദ്ദേഹം സന്തോഷവാനായിരിക്കും. പ്രിയംവദ പൂക്കൂടയിൽ നോക്കി പൂജയ്ക്ക് വേണ്ടുന്ന പൂക്കൾ പറിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് പറഞ്ഞ് അണിയറയിൽ നിന്നും ഹേ, ഞാൻ ഇതാ വന്നിട്ടുണ്ട് എന്ന് ആരോ പറയുന്നു. സഖിമാർ ഇരുവരും ചെവിയോർത്തിട്ട് അതിഥിയുടെ വിളിയായിട്ട് തോന്നുന്നു എന്ന് പറഞ്ഞ് പ്രിയംവദ ശകുന്തള പർണ്ണശാലയിൽ ഉണ്ടല്ലോ എന്ന് പറയുന്നു. ഇപ്പോഴത്തെ മട്ടിൽ മനസ്സിവിടെ ആയിരിക്കില്ല എന്നു പറഞ്ഞ് പൂവ് പറിക്കുന്നത് നിർത്തി പുറപ്പെടുന്നു. അണിയറയിൽ നിന്നും കോപത്താൽ അതിഥികളെ നീ അപമാനിക്കുകയാണോ എന്ന് ചോദിക്കുന്നു. മുനിയെ മാനിക്കാതെയും, ഞാൻ ഇവിടെ വന്നത് കാണാതെ ധ്യാനിച്ചുകൊണ്ട് നിന്നവനെ നിൻബന്ധം അവൻ സർവ്വവും മറന്നുപോകട്ടെ എന്ന് ശപിക്കുന്നു. സഖിമാർ ഇവ കേൾക്കുന്നു. പ്രിയംവദ സങ്കോചത്തോടെ ശകുന്തള മനസ്സിന്റെ ഭ്രമത്തിലകപ്പെട്ട് ഏതോ ഒരു മാന്യനെ പൂജിക്കാതെ തെറ്റുചെയ്തിരിക്കുകയാണ്. സൂക്ഷിച്ച് നോക്കിയിട്ട് അത് ശുണ്ഠിക്കാരനായ ദുർവ്വാസാവ് മഹർഷിയാണ് അവളെ ശപിച്ചിട്ട് പോകുന്നത്. അനസൂയ പ്രിയംവദയോടായി നീ കാൽക്കൽ വീണ് അദ്ദേഹത്തെ തിരികെ കൊണ്ടുവരൂ താൻ വേണ്ട സത്ക്കാരങ്ങൾ ഒരുക്കാം. പ്രിയംവദ പോകുന്നു. തുടർന്ന് അനസൂയയുടെ കാലിടറി കൈയ്യിലുണ്ടായിരുന്ന പൂക്കൂട താഴെ വീഴുന്നു. തുടർന്ന് പ്രിയംവദ പ്രവേശിച്ചിട്ട് കർക്കശ സ്വഭാവം ഉള്ള അദ്ദേഹം ആരുടെയെങ്കിലും വാക്കു കേൾക്കുമോ എന്നാൽ അദ്ദേഹത്തിന് ഒരൽപ്പം അലിവ് തോന്നിക്കാനേ കഴിഞ്ഞുള്ളൂ. തിരികെ വരാനായി അദ്ദേഹത്തിന് മനസ്സുണ്ടായില്ല. അപ്പോൾ പരമാർത്ഥം അറിയാതെ പുത്രിയുടെ അപരാധം പൂർവ്വഭക്തിയോർത്ത് ക്ഷമിക്കണം എന്ന് ഉണർത്തിച്ചു. പിന്നീട് അദ്ദേഹം അഭിജ്ഞാനമായ എന്തെങ്കിലും ആഭരണം കാണിച്ചാൽ ശാപമുക്തി ഉണ്ടാകും എന്ന് പിറുപിറുത്തുകൊണ്ട് അന്തർദ്ധാനം ചെയ്തു. രാജർഷി പുറപ്പെടുന്ന സമയം ഓർമ്മയ്ക്കായി തന്റെ പേര് കൊത്തിയ മുദ്രമോതിരം ശകുന്തളയുടെ പക്കൽ ഉണ്ട്. ശാപമുക്തിക്കുള്ളത് അവളുടെ പക്കൽ തന്നെയുണ്ടെന്ന് അനസൂയ സൂചിപ്പിക്കുന്നു. തേവാരത്തിനായി ഇരു സഖിമാരും ചുറ്റി നടക്കു

ന്നു. അവിടെ ശകുന്തളയാകട്ടെ ഇടതു കൈയ്യ് താടിയും താങ്ങി തന്റെ പതിയെ ചിന്തിച്ച് ചിത്രം പോലെ നിൽക്കുന്നു. ഇവൾ തന്നെ തന്നെ മറന്ന് നിൽപ്പാണ്. പിന്നെയാണ് അതിഥിയെ? ഈ സംഭവം നാം ഇരുവർ മാത്രം അറിഞ്ഞാൽ മതി എന്ന് അനസൂയ പറയുന്നു.

## അങ്കാരംഭം

ഉറങ്ങി എഴുന്നേറ്റ ഭാവത്തിൽ കണ്വശിഷ്യൻ വേദിയിൽ പ്രവേശിക്കുന്നു. തീർത്ഥവാസത്തിനുശേഷം വന്ന കശ്യപഭഗവാൻ തന്നെ നേരം പുലർന്നുവോ എന്ന് നോക്കിവരാൻ അജ്ഞാപിച്ചിരിക്കുന്നു. തിര മാറ്റാതെ തന്നെ അനസൂയയും സംവദിക്കുന്നുണ്ട്. ഗുരുവിനോട് പ്രഭാതമായ വിവരം അറിയിക്കാൻ ശിഷ്യൻ പോകുന്നു. രാജാവ് ശകുന്തളയോട് കാണിക്കുന്നത് മര്യാദയല്ല എന്നും പതിവു ജോലികൾക്കായി പോലും തന്റെ കൈകാലുകൾ അനങ്ങുന്നില്ല എന്നിട്ട് അവൾ കാമദേവനേയും പഴിക്കുന്നു. തന്റെ സഖിക്ക് ഈ വിധി വരുത്തിയതിൽ അഥവാ ദുർവ്വാസാവിന്റെ ശാപം മൂലമായേക്കാം ഇല്ലെങ്കിൽ പിന്നെ അത്രത്തോളം സംസാരിച്ച അദ്ദേഹം ഒരു എഴുത്തെങ്കിലും അയക്കാതിരിക്കുമോ? അവൾ ചിന്തിക്കുന്നു. മോതിരം അദ്ദേഹത്തിന് അയച്ചു കൊടുത്താലോ എന്ന് ആലോചിക്കുന്നു. താത കാശ്യപനെ വിവരം ഉണർത്തിക്കുവാൻ ധൈര്യം കിട്ടുന്നും ഇല്ല. അപ്പോൾ പ്രിയംവദ പ്രവേശിച്ചിട്ട് സന്തോഷത്തോടെ സഖി വേഗം വന്നാലും ശകുന്തളയെ ഭർത്തൃഗൃഹത്തിലേക്ക് യാത്രയാക്കാൻ പോകാം. അനസൂയ അത് കേട്ട് ഞെട്ടി. അതെങ്ങനെയെന്ന് ചോദിക്കുന്നു. പ്രിയംവദ മറുപടിയായി പറയുന്നു. സുശയനം തിരക്കാൻ താൻ ശകുന്തളയുടെ പക്കൽ പോയിരുന്നു. ലജ്ജിച്ചു തല താഴ്ത്തി നിന്ന അവളോട് താതകാശ്യപൻ ആലിംഗനം ചെയ്തു ഇപ്രകാരം പറയുന്നു. □പുകകൊണ്ട് കണ്ണു മറഞ്ഞിരുന്നു എങ്കിലും ഹോമാതാവ് ഹോമിച്ചത് ഭാഗ്യവശാൽ അഗനിയിൽ തന്നെ പതിച്ചു. അവളെ ഋഷികളെ കൂട്ടി ഇന്നു തന്നെ ഭർത്തൃഗൃഹത്തിലേക്ക് അയക്കാം എന്ന് പറഞ്ഞിരിക്കുന്നു. അദ്ദേഹത്തോടാരാണ് ഈ വിവരം ഒക്കെ അറിയിച്ചതെന്ന അനസൂയ ചോദിക്കുന്നു. അഗ്നിഹോത്രഗൃഹത്തിൽ പ്രവേശിച്ചപ്പോൾ ഒരു അശരീരി കേട്ടതാണ് എന്ന് പ്രിയംവദ ഉണർത്തിക്കുന്നു. അനസൂയ സന്തോഷത്തോടെ പ്രിയംവദയെ ആലിംഗനം ചെയ്തു എന്നാൽ ശകുന്തളയെ ഇന്നു തന്നെ അയക്കുമല്ലോ എന്ന സങ്കടം തന്നെ അലട്ടുന്നു. നമ്മുടെ

സങ്കടം എപ്രകാരം എങ്കിലും മാറ്റാം ആ പാവത്തിന് സുഖക്കേടൊഴിയട്ടെ എന്ന് പ്രിയംവദ ആശ്വസിപ്പിക്കുന്നു. മാങ്കൊമ്പിൽ തൂക്കിയിരിക്കുന്ന ചിരട്ട കുടുക്കയിൽ ഇതിലേക്ക് വേണ്ടി സൂക്ഷിച്ച ഇലഞ്ഞിമാല എടുത്ത് കൈയ്യിൽ വയ്ക്കുന്നു. എന്നിട്ട് അനസൂയ മംഗളക്കുറിക്കൂട്ടുണ്ടാക്കാനായി ഗോരോചന തീർത്ഥത്തിലെ മണ്ണും, കറുകനാമ്പ് ശേഖരിക്കാനായി പോകുന്നു. അനസൂയ പോകുകയും പ്രിയംവദ കുടുക്കയിൽ നിന്ന് മാല എടുത്തു പോകുന്നു. അണിയറയിൽ നിന്നും ഗൗതമി, ശാർങ്ഗരവൻ മുതൽപേരോട് ശകുന്തളയെ കൂട്ടിക്കൊണ്ടുപോകാനായി ഒരുങ്ങിക്കൊള്ളാൻ പറയൂ. പ്രിയംവദ ചെവിയോർത്തിട്ട് അനസൂയയോടായി വേഗത്തിലാകാനായി പറയുന്നു. ഹസ്തിനപുരിയിലേക്ക് യാത്രയാക്കാനായി ഋഷികളെ വിളിക്കുന്നു. എന്ന് പറയുന്നു. അനസൂയ കൂറിക്കൂട്ടോടുകൂടി പ്രവേശിക്കുന്നു. പ്രിയംവദ നോക്കിയിട്ട് ശകുന്തളയെ താപസിമാർ തലയിൽ അരിയിട്ട് അനുഗ്രഹിക്കുന്നത് കാണുന്നു. അങ്ങോട്ടേക്ക് ഇരുവരും പോകുന്നു. താപസിമാരിൽ ഒരാൾ നിനക്കു ഭർത്താവിന്റെ ബഹുമാനം സൂചിപ്പിക്കുന്ന പട്ടമഹർഷി സ്ഥാനം കിട്ടട്ടെയെന്ന് അനുഗ്രഹിക്കുന്നു. മറ്റൊരാളാകട്ടെ അവൾക്ക് വീരനായ പുത്രൻ ജനിക്കട്ടെയെന്ന് അനുഗ്രഹിക്കുന്നു. മൂന്നാമതൊരാൾ ഭർത്താവ് നിന്നെ ആദരിക്കട്ടെ എന്ന് അനുഗ്രഹിക്കുന്നു. തുടർന്ന് ഗൗതമി ഒഴികെ മറ്റ് താപസിമാർ ഒക്കെ പോകുന്നു. സഖിമാർ ശകുന്തളയുടെ പക്കൽ ഓടിച്ചെല്ലുന്നു. അവളുടെ അരികെ ഇരുന്ന് മംഗളോപകരണങ്ങൾ എടുത്തുകൊണ്ടിരിക്കുന്നു. കുറിയിടുവാനായി ശരിയായി ഇരിക്കുവാൻ പറയുന്നു. ശകുന്തളയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ തൂകുന്നു. ചമയിപ്പിക്കുന്നത് പതിവുള്ളതാണെങ്കിലും ഇപ്പോൾ ബഹുമാനിക്കേണ്ടതായിരിക്കുന്നു. ഇനി ചമയ്ക്കുന്നത് ദുർലഭമാകുമല്ലോ എന്ന് ചിന്തിക്കുന്നു. സഖിമാർ കണ്ണുനീർ തുടച്ചിട്ട് ഈ ശുഭകരമായ അവസരത്തിൽ കണ്ണുനീർ പൊഴിക്കുന്നത് ഉചിതമല്ല എന്ന് പറയുന്നു. ആഭരണങ്ങളുമായി മുനികുമാരന്മാർ പ്രവേശിച്ചിട്ട് ആര്യയെ ചമയിക്കാൻ ഇതാ ആഭരണങ്ങൾ എന്നു പറയുന്നു. ഗൗതമി വിസ്മയത്തോടെ ഇവയെല്ലാം എവിടെനിന്നാണ് സങ്കൽപ്പ ശക്തിയിൽ നിന്നുണ്ടായവയാണോ എന്ന് ചോദിക്കുന്നു. താതകശ്യപന്റെ പ്രഭാവത്താൽ ഉണ്ടായതാണ് അദ്ദേഹത്തിന്റെ ആജ്ഞ പ്രകാരം ശകുന്തളയ്ക്കുവേണ്ടി വൃക്ഷങ്ങളിൽ നിന്ന്

പൂവ് പറിക്കാനായി പോയി. ചുറ്റാനായിട്ടുള്ള ഉടയാട ഒരു മരം നൽകുന്നു. ചരണ ചെഞ്ചാറു ചാർത്തീടുവാൻ മറ്റൊരു മരം നൽകുന്നു. വനദേവതമാർ കരങ്ങൾ അർപ്പിച്ചു മറ്റു ഭൂഷണങ്ങൾ. പ്രിയംവദ ഇവയെല്ലാ കേട്ട് വനദേവതമാരുടെ അനുഗ്രഹം നിനക്ക് ഭർത്തൃഗൃഹത്തിൽ അനുഭവിക്കാൻ പോകുന്ന രാജലക്ഷ്മിയുടെ സൂചനയാണ്. ശകുന്തള ഇത് കേട്ട് ലജ്ജിക്കുന്നു. മുനി കുമാരൻമാർ വനദേവത തന്ന വസ്തുത താതകശ്യപനെ അറിയിക്കുന്നതിനായി പോകുന്നു. സഖിമാർ ആഭരണങ്ങൾ അണിയിച്ചുകൊണ്ട് തനിക്ക് ആഭരണം അണിയിക്കുന്നതിൽ പ്രാവീണ്യം അല്പം കുറവാണ്. ചിത്രങ്ങളിലും മറ്റും ദർശിച്ചപോലെ അണിയിക്കുകയാണ് എന്ന് പറയുന്നു. ആഭരണഭൂഷാദികൾ അണിഞ്ഞ ശേഷം ശകുന്തള വെൺപട്ട് ധരിക്കുന്നു. ഗൗതമി ശകുന്തളയോടായി അച്ഛനെ വന്ദിക്കാൻ ആവശ്യപ്പെടുന്നു. ശകുന്തള ലജ്ജയോടുകൂടി പിതാവിനെ വന്ദിക്കുന്നു. താതകാശ്യപൻ ഹോമം കഴിഞ്ഞ അഗ്നികളെ വലം വയ്ക്കുവാൻ പറയുന്നു. പ്രദക്ഷിണയ്ക്ക് ശേഷം യാത്രയ്ക്കായി അദ്ദേഹം ശാർങ്ഗരവനെ വിളിക്കുന്നു. അദ്ദേഹം തപോവന വൃക്ഷങ്ങളോടായി നിങ്ങളെ നനയ്ക്കാതെ സ്വയം ജലപാനം ചെയ്യുകയില്ലിവൾ, നിങ്ങൾ പുതുതായി പൂക്കുന്ന നാൾ ഇവൾക്ക് ഉത്സവമമാകുന്നു. വനദേവതമാർ ജ്ഞാനികളെപ്പോലെ തന്നെ നിന്നോട് സ്നേഹമുള്ളതിനാൽ ഈ അവസരത്തിൽ അനുഗ്രഹം തൂകുന്നു. വന്ദിച്ചാലും എന്ന് ഗൗതമി പറയുന്നു.ശകുന്തള ചുറ്റിനടന്നിട്ട് സഖിമാരോടായി ആര്യപുത്രനെ കാണാനായുള്ള ആഗ്രഹം അതിയായി ഉണ്ടെങ്കിലും ആശ്രമം വിട്ട് പോകാൻ തോന്നുന്നില്ല എന്ന് പറയുന്നു. നിനക്ക് മാത്രമല്ല നിന്നെ പിരിയാൻ പോകുന്ന ആശ്രമത്തെ നീ നോക്കി കാണൂ എന്ന് സഖിമാർ പറയുന്നു. പെട്ടെന്ന് ശകുന്തള ഓർത്തിട്ട് വനജ്യോത്സനയോട് യാത്രപറയാനായി പോകുന്നു. ശകുന്തള വനജ്യോത്സനയെ സഖിമാരുടെ പക്കൽ ഏൽപ്പിക്കുന്നു. സഖിമാർ ദു:ഖത്തോടെ ഞങ്ങളെ നീ ആരുടെ പക്കൽ ഏൽപ്പിക്കാൻ പോകുന്നു. താതകശ്യപൻ പറയുന്നു : നിങ്ങൾ വേണം ശകുന്തളയെ ആശ്വസിപ്പിക്കാവാനായി ശകുന്തള ചുറ്റും നോക്കി, ഗർഭിണിയായ മാൻപേട, സുഖമായി പ്രസവിച്ചാൽ തന്നെ ആ വൃത്താന്തം അറിയിക്കണം എന്ന് പിതാവിനോട് പറയുന്നു. തുടർന്ന് ശകുന്തളയെ പിന്തുടർന്ന മാൻപേടയോടായി തള്ള മരിച്ചുപോയിട്ട് നിന്നെ ഞാൻ വളർത്തി ഇനി അച്ഛൻ നിന്നെ നോക്കിക്കൊള്ളും എന്ന് പറഞ്ഞ് കരഞ്ഞുകൊണ്ട് പോകു

ന്നു. ശാർങ്ഗരവൻ ഇപ്രകാരം പറയുന്നു. ജലം കാണുന്നതുവരെ ബന്ധുമിത്രാദികൾ അനുഗമിക്കണമെന്നാണല്ലോ വിധി. സരസ്സിന്റെ തീരമായിരിക്കുന്നു. സന്ദേശം അരുൾചെയ്ത് യാത്രയായാലും. മഹാരാജാവ് ദുഷ്യന്തനുവേണ്ടിയുള്ള സന്ദേശം കാശ്യപൻ അരുളിചെയ്യുന്നു. കാശ്യപൻ ശകുന്തളയോടായി ഇപ്രകാരം പറയുന്നു. നമുക്ക് വാസം വനത്തിലാണെങ്കിലും ലൗകീകപരിജ്ഞാനമുണ്ട്. ശകുന്തള ഇവിടെവച്ചു തന്നെ സഖിമാരെ പിരിയുകയാണോ എന്ന് ചോദിക്കുന്നു. എന്തിനാണ് അധൈര്യപ്പെടുന്നത് എന്ന് കാശ്യപൻ ചോദിക്കുന്നു. തുടർന്ന് ശകുന്തള പിതാവിന്റെ കാൽക്കൽ വീണു നമസ്ക്കരിച്ചശേഷം സഖിമാരെ ആലിംഗനം ചെയ്യുന്നു. സഖിമാർ ഇപ്രകാരം പറയുന്നു. രാജാവിന് വല്ല ഓർമ്മകേട് വരികയാണെങ്കിൽ മുദ്രമോതിരം കാട്ടുക എന്ന് ഓർമ്മിപ്പിക്കുന്നു. തുടർന്ന് അവർ ഏവരോടും യാത്ര ചോദിച്ചശേഷം വൈകാതെ യാത്രതിരിക്കുന്നു. സഖിമാർ താതകാശ്യപനോടായി പിതാവേ, ശകുന്തളയില്ലാതെ തപോവനം ശൂന്യമായതുപോലെ തോന്നുകയാണ്. ഇതോടുകൂടി ആ അങ്കം അവസാനിക്കുന്നു.

## അഞ്ചാം അങ്കം

അഞ്ചാം അങ്കത്തിൽ തന്നെ രാജാവും വിദൂഷകനും തമ്മിൽ സംസാരിക്കുന്ന മട്ടിൽ രംഗത്ത് പ്രവേശിക്കുന്നു. വിദൂഷകൻ ചെവിയോർക്കുന്നു. എന്നിട്ട് ഒരു നല്ല പാട്ട് കേൾക്കുന്നു. സംഗീത ശാലയ്ക്കു നേരേ ചെവിയോർക്കുക. ഹംസപദികനൈത്തിയാരമ്മ വർണ്ണം സാധകം ചെയ്യുകയാണെന്ന് തോന്നുന്നു എന്ന് പറയുന്നു. രാജാവ് ചെവിയോർക്കുന്നു. അണിയറയിൽ നിന്നും പാട്ട് കേൾക്കുന്നു. രാജാവ് പാട്ടിനെ പ്രശംസിക്കുന്നു. രംഗം പ്രവഹിക്കുകയാണ് പാട്ടിൽ എന്ന് അദ്ദേഹം പറയുന്നു. പാട്ടിന്റെ താല്പര്യം അങ്ങേയ്ക്ക് മനസ്സിലായോ എന്ന് വിദൂഷകൻ ഹാസ്യരൂപേണ ചോദിക്കുന്നു. രാജാവ് പുഞ്ചിരിച്ചിട്ട് ഒരിക്കൽ ഇവളെ എനിക്ക് വലിയ ഹിതമായിരുന്നു. എന്നാലിപ്പോൾ വസുമതി ദേവിയെ ഊന്നി കുത്തുവാക്കുകൾ പറയുകയാണ് മാഢവ്യനോടായി താൻ പോയി ശകാരം കേമമായിരുന്നു എന്ന് അറിയിച്ചിട്ടു വരാനായി പറയുന്നു. വിദൂഷകൻ എഴുന്നേറ്റു പരിഹസിച്ചു കൊണ്ട് പോകുന്നു. കൗശലത്തിൽ സംഗതി ധരിപ്പിച്ചു വരാനായി അദ്ദേഹം പറഞ്ഞയക്കുന്നു. ഈ പാട്ട് കേട്ടിട്ട് എന്താണ്

തനിക്ക് മനസ്സിനു ബലമായ വല്ലായ്മ തോന്നുന്നത്. ഇഷ്ടജനവിരഹം പോലെ എന്ന് രാജാവ് വിചാരിക്കുന്നു. കാഞ്ചുകീയൻ നെടുവീർപ്പുമിട്ട് പ്രവേശിക്കുന്നു. മഹാരാജാവിനെ ധർമ്മകാര്യങ്ങളിൽ ഇടതാമസം വരുത്തുന്നതു ശരിയല്ല എങ്കിൽ കൂടിയും കണ്വശിക്ഷ്യന്മാർ വന്ന വിവരം ഉണർത്തിക്കണമല്ലോ. മഹാരാജാവിന്റെ അടുക്കൽ ചെന്ന് ഹിമവാന്റെ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്ന തപോവനത്തിൽ നിന്നും കാശ്യപമഹർഷിയുടെ നിർദ്ദേശ പ്രകാരം താപസിമാർ വന്നിരിക്കുന്നത് പറയുന്നു. അവരെ സ്വീകരിക്കുവാനായി വേണ്ട ഉപചാരങ്ങൾ മറ്റും ചെയ്യുവാൻ രാജാവ് പറയുന്നു. താപസ്വികളെ കാണാനായായി അദ്ദേഹം ഉചിതമായ സ്ഥല ത്തുചെന്നു കാത്തുനിൽക്കുന്നു. പരിചാരികരുടെ തോളിൽ ചാരിനിന്നിട്ട് വേത്ര വതീ എന്തിനായിരിക്കും കശ്യപൻ തപസ്വിനികളെ കൊട്ടാരത്തിലേക്ക് അയ ച്ചതെന്ന് അദ്ദേഹം ചോദിക്കുന്നു. തിരുമേനിയോട് സന്തോഷം അറിയിക്കാൻ വന്നതാവാം എന്ന് ദ്വാരപാലകൻ മറുപടി പറയുന്നു. ശകുന്തളയെ മുന്നിലായി നടത്തി ഗൗതമിയും കണ്വശിക്ഷ്യന്മാരും പിന്നിലായി പ്രവേശിക്കുന്നു. കാഞ്ചു കീയൻ രാജസന്നിധിയിലേക്ക് വഴി കാട്ടുന്നു. ശകുന്തള നിമിത്തസൂചകമായി നടിച്ചിട്ട് തന്റെ വലതു കണ്ണ് തുടിക്കുന്നതെന്തിനാണെന്ന് ചിന്തിക്കുന്നു. പുരോ ഹിതൻ ചൂണ്ടികാണിച്ചിട്ട് താപസൻമാരോടായി മുൻകൂട്ടി തന്നെ രാജാവ് എഴു ന്നേറ്റ് നിങ്ങളെ കാത്തു നിൽക്കുകയാണ്. രാജാവ് ശകുന്തളയെ അകലെനിന്ന് കണ്ടയുടനെ മുനിമാരുടെ നടുവിലായി തളിർ പോലെ വെള്ളിയക്കുള്ളിലെന്ന പോലെ ഗാത്രകാന്തിയോടെ ആരാണവൾ? മനസ്സേ നീ എന്തിനാണ് പിടയ്ക്കു ന്നത്? ആര്യപുത്രന്റെ ഉള്ളിൽ ഉണ്ടെന്നറിഞ്ഞിട്ട് ധൈര്യമില്ലാതാകുകയാണോ? മാറിൽ കൈവച്ചിട്ട് ശകുന്തള വിചാരിക്കുന്നു. ഋഷിമാർ രാജാവിനെ വണങ്ങു ന്നു. മഹർഷിമാരുടെ തപസിനു നിർവിഘ്നങ്ങളെക്കുറിച്ച് അദ്ദേഹം തിരക്കു ന്നു. തുടർന്ന് എന്താണ് കൽപ്പന എന്ന് അദ്ദേഹം ചോദിക്കുന്നു. ശാർങ്ഗരവൻ ഇപ്രകാരം പറയുന്നു. കാശ്യപന്റെ പുത്രിയെ അങ്ങ് വിവാഹം ചെയ്തതിൽ അദ്ദേഹം സന്തുഷ്ടനാണെന്ന് അറിയിക്കുന്നു എന്ന് പറയുന്നു. ആര്യപുത്രൻ എന്താണ് പറയുക എന്ന് ശകുന്തള ചിന്തിക്കുന്നു. എന്താണ് അങ്ങ് പ്രസംഗി ച്ചത് എന്ന് രാജാവ് ചോദിക്കുന്നു. ആ വാക്ക് ശകുന്തളയുടെ മനസ്സിൽ അഗ്നി കോരിയിടുന്നതുപോലെയായി. പിന്നെയും ഈ സ്ത്രീയെ താൻ വിവാഹം

ചെയ്തു എന്നോ എന്ന് രാജാവ് പറയുന്നു. എന്താണ് ഇല്ലാത്തത് ഉള്ളതായി സങ്കൽപ്പിച്ചു. ചോദ്യം ചെയ്യുന്നത് ഗൗതമി ശകുന്തളയുടെ മൂടുപടം മാറ്റാം എന്ന പറഞ്ഞിട്ട് ഭർത്താവ് നിന്നെ തിരിച്ചറിയട്ടെ എന്നാൽ രാജാവിന് ഒരു കൂലുക്കവും ഉണ്ടായില്ല പരിജനങ്ങൾ തങ്ങളിൽ തന്നെ സ്വകാര്യമായിട്ടു ഇത്ര രൂപഭംഗി ഉള്ള സ്ത്രീരത്നം വന്നു ചേർന്നാൽ നോക്കിനിൽക്കുമോ? തിരുമനസ്സിലേക്ക് ധർമ്മാ ശ്രയം കേമം തന്നെ എന്ന് തമ്മി പറയുന്നു. രാജാവ് മുനിമാരോടായി ഇങ്ങനെ പറ യുന്നു. താൻ ആലോചിച്ചു നോക്കിയിട്ടും ഈ സ്ത്രിയെ സ്വീകരിച്ചതായി തോന്നു ന്നില്ല പിന്നെ എപ്രകാരമാണ് ഗർഭലക്ഷണങ്ങൾ ഉള്ള ഇവളെ സ്വീകരിക്കേണ്ടു ന്നത്. ശകുന്തള ഇവയെല്ലാം കേട്ട് മനോവിഷമത്തിലാകുന്നു. ശാരദ്വതൻ ശാർങ്ങാ ഗരവനോടായി താൻ മതിയാക്കാനായി ആവശ്യപ്പെടുന്നു. ശകുന്തളയോടായി അദ്ദേഹം പറയേണ്ടുന്നത് പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അടയാളങ്ങൾ മറ്റും ഉണ്ടെ ങ്കിൽ കാണിച്ചാലും എന്ന് ആവശ്യപ്പെടുന്നു. അങ്ങനെയായിരുന്ന അനുരാഗം ഇത്ര മാത് മാറിയ നിലയിൽ ഓർമ്മിപ്പിച്ച് എന്താണ് ഫലം എന്ന് ശകുന്തള ചിന്തിക്കുന്നു. അന്ന് ആശ്രമത്തിൽ വച്ചുള്ള സത്യം ചെയ്ത് ഈ പാവമായ ഇവളെ അങ്ങ് ചതി ച്ചിട്ട് ഇപ്പോൾ ഇത്തരത്തിൽ ചൊല്ലി നിരസിക്കുന്നത് അങ്ങേയ്ക്ക് യുക്തം തന്നെ. രാജാവ് ചെവി പൊത്തിയിട്ട് ശാന്തം, പാപമാണിതെന്ന് പറയുന്നു. ഈ അഭി ജ്ഞാനം കൊണ്ട് അങ്ങേയ്ക്ക് സംശയം തീർക്കാം എന്ന് പറഞ്ഞ് ശകുന്തള തന്റെ മോതിരം വിരലിൽ തപ്പിയിട്ട് മോതിരം കാണുന്നില്ല എന്ന വിവരം മനസ്സിലാ ക്കുന്നു. വിഷാദത്തോടെ ഗൗതമിയുടെ മുഖത്തോക്ക് നോക്കുന്നു. ശചിതീർത്ഥത്തെ വന്ദിച്ച സമയം മോതിരം നിന്റെ വിരലിൽ നിന്നു പോയതാവാം. രാജാവ് മന്ദഹാസ ത്തോടുകൂടി ശകുന്തളയെ പരിഹസിക്കുന്നു. ശകുന്തള തന്റെ ദുർവിധിയെ ഓർത്ത് ദു:ഖിക്കുന്നു. അവൾ വേറേ ഒന്നു പറയാം എന്നു പറയുന്നു. ആറ്റു വഞ്ചിക്കെട്ടിലി രിക്കുമ്പോൾ താമരയിലയിൽ വച്ചിരുന്ന വെള്ളം ദീർഘപാംഗൻ എന്ന മാൻകുട്ടി ക്കുനേരെ നീട്ടിയപ്പോൾ അങ്ങയെ പരിചയമില്ലാത്തതിനാൽ അങ്ങയുടെ പക്കൽ നിന്നും ജലം വാങ്ങാതെ ഞാൻ നൽകിയപ്പോൾ അന്നു കുടിച്ചു. അന്ന് അങ്ങ് രണ്ടാളും വനവാസികളാണല്ലോ എന്ന് പരിഹസിച്ചിരുന്നു എന്നു പറയുന്നു. കാര്യം കാണാൻ ഇത്തരത്തിൽ കഥ കെട്ടിചമച്ചു പറയുന്നതാണെന് രാജാവ് പരിഹസി ക്കുന്നു. തപോവനത്തിൽ വളർന്ന ഇവൾ വഞ്ചനമാർഗ്ഗം അറിഞ്ഞിട്ടില്ല എന്ന് ഗൗതമി

വിശദീകരിക്കുന്നു. ശകുന്തള കോപത്തോടെ, എല്ലാവരും അങ്ങേപ്പോലെയാണ് പുല്ലുകൊണ്ട് മറഞ്ഞ കിണറുപോലെ ധർമ്മച്ചിട്ടയിട്ടു മൂടുംപോലോ എന്ന് ശകുന്തളയുടെ വാക്കുകൾ കേട്ട് രാജാവിൽ സന്ദേഹം ജനിപ്പിക്കുന്നു. അദ്ദേഹം ശകുന്തളയോടായി ദുഷ്യന്തനെ ചരിത്രം ഏവർക്കും പ്രസിദ്ധമാണ് എന്നാൽ ഇപ്രകാരം മാത്രം കേട്ടിട്ടില്ല. ശകുന്തള വസ്ത്രത്തിന്റെ തുമ്പിനാൽ മുഖം പൊത്തിക്കരയുന്നു. ശാർങ്ഗരവൻ കോപത്താൻ പറയുന്നു അത് കേട്ട് രാജാവ് സ്ത്രീയുടെ വാക്ക് കേട്ട് നമ്മെ ദുഷിക്കാതിരിക്കു എന്ന് പറയുന്നു. ശാർങ്ഗരവൻ രാജാവിനെ അസഹ്യഭാവത്തോടെ നോക്കുന്നു. ഗുരുവിന്റെ കൽപ്പന  തങ്ങൾ ചെയ്തു കഴിഞ്ഞിരിക്കുന്നു. ഗൗതമിയോട് നടക്കാനായി ആവശ്യപ്പെടുന്നു. ഇരുവരും ശകുന്തളയെ ഉപേക്ഷിക്കുന്നു. ശകുന്തള ഗൗതമിയുടെയും മുനികുമാരൻമാരുടെയും പിന്നാലെ പോകുന്നു. ശാർങ്ങഗരൻ കോപത്തോടെ തിരിഞ്ഞിട്ട് നീ സ്വാതന്ത്ര്യം കാണിക്കുന്നുവോ ദോഷം ചെയ്തിട്ട് എന്നു പറയുന്നു. ഇതുകേട്ട് ശകുന്തള പേടിച്ചുവിറയ്ക്കുന്നു. രാജാവ് താപസൻമാരോടായി എന്തിനാണ് ഇവളെ ചതിക്കുന്നതെന്ന് ചോദിക്കുന്നു. രാജാവ് മുമ്പ് ഉണ്ടായ കാര്യം മറന്നുവെങ്കിൽ അങ്ങ് അധർമ്മ ഭീരുവായത് എപ്രകാരമാണെന്ന് മുനിമാർ ചോദിക്കുന്നു. പുരോഹിതൻ ഒരു ഉപായം പറയുന്നു. ശകുന്തള പ്രസവിക്കുന്നതു വരെ എന്റെ ഭവനത്തിൽ നിൽക്കട്ടെ അങ്ങയുടെ ആദ്യ പുത്രൻ ചക്രവർത്തിയായിത്തീരും എന്ന് എനിക്ക് അനുഗ്രഹം കിട്ടിയിട്ടുണ്ട്. അതിനാൽ കണ്വപുത്രിക്ക് പിറക്കുന്ന ശിശുവിന് ആ ലക്ഷണങ്ങൾ  കണ്ടാൽ ഇവളെ സ്ഥതീകരിക്കാം എന്ന് .ശകുന്തള വിലപിച്ചുകൊണ്ട് ഭൂമിദേവി തനിക്ക് ഇടം നൽകണേ എന്ന് പറഞ്ഞ് ശകുന്തള പുരോഹിതന്റെ പിന്നാലെ പോകുന്നു. രാജാവ് ശകുന്തളയുടെ കാര്യം ആലോചിക്കുന്നു. അണിയറയിൽ നിന്നും ആശ്ചര്യം എന്ന് രാജാവ് കേൾക്കുന്നു. പുരോഹിതൻ പ്രവേശിച്ചിട്ട് അത്ഭുതമായതാണ് നടന്നതെന്ന് പറഞ്ഞിട്ട് കണ്വശിഷ്യൻ പിരിഞ്ഞ ഉടനെ തന്റെ നിജവിധി ദോഷം മേൽപ്പോട്ട് നോക്കി ചൊല്ലിക്കരഞ്ഞു. യുവതി വടിവാർന്നതും തേജസ്സ് ഉള്ള അപ്സരസ്ത്രീത്വമാർന്ന അവളെ എടുത്ത് മാനത്തുമേറി ഏവരും അതിൽ വിസ്മയിക്കുന്നു. രാജാവ് ശയ്യ ഗൃഹത്തിലേക്ക് പോകുന്നു. ദ്വാരപാലികയും ഒപ്പം പോകുന്നു.

## ആറാം അങ്കം

രാജസ്യാലനായ നഗരാധികാരിയും കൈ പിന്നോട്ടു കെട്ടിയ ആളിനേയും, രണ്ടു ശിപായിമാരും വേദിയിൽ പ്രവേശിക്കുന്നു. ശിപായിമാർ ആ വ്യക്തിയെ ഇടിച്ചുകൊണ്ട് രാജാവിന്റെ പേര് കൊത്തിയ മോതിരം നിനക്ക് എവിടുന്നാണ് കിട്ടിയത് എന്ന് ചോദിക്കുന്നു. ആ വ്യക്തിയാകട്ടെ ദയാഭാവത്തോടെ താൻ ഈ തൊഴിൽ ചെയ്യുന്ന ആളല്ല ശക്രാവതാരത്തിൽ താമസിക്കുന്ന ഒരു മുക്കുവനാണ് താൻ എന്ന് പറയുന്നു. ശിപായി വീണ്ടും അടിക്കാൻ ഓങ്ങുകയും നിന്റെ ജാതിയാണോ ചോദിച്ചത് എന്നും പറയുന്നു. അധികാരി അദ്ദേഹത്തെ തടഞ്ഞുകൊണ്ട് അവൻ മുഴുവനും പറയട്ടെ എന്നു പറയുന്നു. അദ്ദേഹം പറയാൻ തുടങ്ങുന്നു. താൻ ചൂണ്ടയിട്ടും, വലവീശിയും ഉപജീവനം നടത്തുന്നയാളാണ്. ഒരു ദിവസം കിട്ടിയ ചെമ്മീൻ അറുത്തു. അപ്പോൾ അതിന്റെ വയറ്റിൽ നിന്നും ഒരു മോതിരം കിട്ടുന്നു. എന്നിട്ടത് വിൽക്കാൻ പോകുമ്പോഴാണ് ഏമാൻമാർ എന്നെ പിടികൂടിയത്. ഇവൻ ഒരു മീൻകാരൻ ആണെന്നതിൽ യാതൊരു സംശയവും ഇല്ല. ഉടുമ്പുതീനിയുടെ നാറ്റം കൊണ്ട് അത് ഉറപ്പിക്കാം എന്നാൽ ഇവന്റെ കൈയ്യിൽ അകപ്പെട്ടതിനെപ്പറ്റി ആലോചിക്കേണ്ടതുണ്ട്. അരമനയിലേക്ക് പോകുന്നു. ശിപായിമാർ മുക്കുവനേയും കൂട്ടിക്കൊണ്ട് ഗോപുരത്തിനരികിൽ കാത്തു നിൽക്കുന്നു. അധികാരി രാജാവിനെ കണ്ട് അദ്ദേഹത്തിന്റെ കൽപ്പനയായി വരാം എന്നു പറഞ്ഞു നടക്കുന്നു. സൂചകൻ മുക്കുവനു നേരെ കൈമടക്കി വിരട്ടുന്നു. തന്നെ കാരണമില്ലാതെ കൊല്ലരുതേ എന്ന് മുക്കുവൻ യാചിക്കുന്നു. സൂചകൻ മുക്കുവനോടായി ഇതാ അധികാരി വരുന്നു. നീ കഴുകനോ, നായ്ക്കോ ഇരയായി തീരും. അധികാരി പ്രവേശിച്ചിട്ട് മുക്കവനെ വിട്ടയക്കൂ എന്ന് പറയുന്നു. ജാനുകൻ മുക്കുവനെ കെട്ടഴിച്ചു വിടുന്നു. മുക്കുവൻ തന്നെ മോചിപ്പതിനായി അധികാരിയെ വണങ്ങുന്നു. അധികാരി മുക്കുവന് പണം നൽകുന്നു. തിരുമനസ്സു നൽകിയാണെന്നും അറിയിക്കുന്നു. ജനുകൻ അധികാരിയോടായി ഈ സമ്മാനത്തിന്റെ മട്ടു കാണുമ്പോൾ പൊന്നു തമ്പുരാന്റെ വിലപിടിച്ച രത്നങ്ങളുള്ള തിരുവാഴിൽ വലിയ എന്തോ ഉണ്ടായിരുന്നതായി തോന്നുന്നല്ലോ. അധികാരിയും അതിനെ അനുകൂലിക്കുന്നു. അത് കണ്ടിട്ട് ഏതോ പ്രിയപ്പെട്ട ആളിനെ അദ്ദേഹത്തിന് ഓർമ്മയുണ്ടായി. ഇത്രേം പറഞ്ഞ് ജനുകൻ അസൂയയോടെ മുക്കുവനെ നോക്കുന്നു. മുക്കുവൻ തന്റെ പേരിൽ നല്ല മനസ്സുതോന്നിയതിൽ

തനിക്ക് ലഭിച്ചതിൽ ഒരു പങ്ക് അവർക്ക് നൽകുന്നു. അധികാരി അരയൻ ഒരു മര്യാദക്കാരനാണെന്ന് പറയുന്നു. താൻ നല്ലോരു ചങ്ങാതിയായിരിക്കുന്നു എന്നു പറയുന്നു. ഈ സഖ്യമുറപ്പിക്കാനായി നമുക്കൊന്നു കുടിക്കാം എന്നു പറഞ്ഞു ഏവരും അടുത്ത കടയിൽ കയറുന്നു. തുടർന്ന് ഏവരും പോകുന്നു.

## അങ്കാരംഭം

വേദിയിൽ സാനുമതി എന്ന അപ്സരസ്ത്രീ പ്രവേശിക്കുന്നു. തന്റെ അപ്സരസ്സ്തീർത്ഥത്തിലെ തവണ കഴിഞ്ഞിരിക്കുന്നു. ഇനി തീർത്ഥസ്നാനത്തിനായി മഹാജനങ്ങൾ വരുന്ന സമയമാണ്. തുടർന്ന് രാജർഷിയുടെ വർത്തമാനം എന്തെന്നറിയാൻ പോകുന്നു. മേനകയുടെ പുത്രിയായ ശകുന്തള എനിക്ക് സ്വന്തമായിരിക്കുന്നു. ചുറ്റും നോക്കിയിട്ട് എന്താണ് വസന്തകാലം ആരംഭിച്ചിട്ടും അരമനയിൽ ഉത്സവ മട്ട് കാണുന്നില്ലല്ലോ തുടർന്ന് കാര്യം അറിയുന്നതിനായി ഉദ്യാനപാലികമാരുടെ അടുക്കൽ ചെല്ലുന്നു. രംഗത്ത് മാവ് പൂത്തത് നോക്കിക്കൊണ്ട് രണ്ട് ഉദ്യാനപാലികമാർ പ്രവേശിക്കുന്നു. ഇരുവരും തമ്മിൽ സംസാരിക്കുന്നു. മധുകരിക സന്തോഷത്തോടെ അടുത്ത് ചെന്നിട്ട് വസന്തമാസം വന്നുവോ എന്ന് ചോദിക്കുന്നു. പരഭൃതിക മധുകരികയോടായി നിനക്ക് മദിച്ചു ചാടിക്കളിക്കേണ്ട കാലമായല്ലോ എന്ന് പറയുന്നു. മധുകരിക സഖിയോടായി തന്നെ തങ്ങ് കാമദേവന് അർച്ചിക്കാനായി മാംപൂ പറിക്കാം തനിക്കും അതിന്റെ പാതി ഫലം നൽകണമെന്ന് സഖിയും പറയുന്നു. മധകരിക സഖിയെ ചാരിനിന്ന് പൂ പറിക്കുന്നു. വിരിഞ്ഞിട്ടില്ലെങ്കിലും ഒടിച്ചെടുത്തതിന്റെ മണം നന്നായി അറിയുന്നു. കഞ്ചുകി കോപത്തോടെ പ്രവേശിച്ചിട്ടു രാജാവ് വസന്തോത്സവം നിഷേധിച്ചിരിക്കുന്ന സമയം നീ മാംപൂ പൊട്ടിക്കുവാൻ ശ്രമിക്കുവാണോ എന്ന് ചോദിക്കുന്നു. ഇരുവരും ഭയത്തോടെ തങ്ങൾ ഇത് അറിഞ്ഞിരുന്നില്ല എന്ന് പറയുന്നു. വസന്തകാലത്ത് പൂക്കുന്ന വൃക്ഷങ്ങളും അതിലെ പക്ഷികൾ കൂടി രാജശാസന ലംഘിക്കുന്നില്ല എന്നിട്ടും നിങ്ങളറിഞ്ഞില്ലന്നോ എന്ന് കഞ്ചുകി കോപത്താൽ പറയുന്നു. രാജസ്യാലനായ മിത്രവസു ഞങ്ങളെ അയച്ചിട്ട് കുറച്ചു ദിവസമായിട്ടേ ഉള്ളു. ഇവിടെ വന്നതിൽ ഉദ്യാന സൂക്ഷിപ്പുകാരായി അതിനാൽ പരിചയമില്ലാത്ത ഞങ്ങൾക്ക് ഈ വാർത്ത അറിയുവാൻ കഴിഞ്ഞില്ല എന്ന് പരഭൃതിക ഉണർത്തിക്കുന്നു. ഇനി ആവർത്തിക്കുവാൻ പാടില്ല എന്ന് കഞ്ചുകി താക്കീത് നൽകുന്നു. ഉദ്യാനപാലികമാർ കഞ്ചുകിയോടായി കൗതു

കത്തോടെ എന്തിനാണ് അദ്ദേഹം വസന്തോത്സവം നിഷേധിച്ചത് എന്ന് തിരക്കുന്നു. മഹാരാജാവ് ശകുന്തളയെ ഉപേക്ഷിക്കുന്ന വിവരം നിങ്ങളറിഞ്ഞില്ലല്ലോ കഞ്ചുകി ചോദിക്കുന്നു. തിരുവഴി കണ്ടെത്തിയതുവരെ രാജസ്യാലൻ വഴി അറിഞ്ഞതായി മറുപടി പറയുന്നു. കഞ്ചുകി പറയുന്നു. മുദ്രമോതിരം ദർശിച്ച മാത്രയിൽ ശകുന്തളയെ താൻ വിവാഹം ചെയ്തത് ഓർമ്മ ഉണ്ടായത്. തന്റെ ബുദ്ധിമോശത്താൽ അവളെ ഉപേക്ഷിച്ചതെന്ന് പശ്ചാതാപത്തിനാലാണ് അദ്ദേഹം ഉത്സവം നിഷേധിക്കാനിടയായത്. അണിയറയിൽ നിന്നു മഹാരാജാവ് വരുന്നതായി ഒരുക്കങ്ങൾ കേൾക്കുന്നു. കഞ്ചുകി ചെവിയോർത്തിട്ട് മഹാരാജാവ് വരികയാണ് അതിനാൽ സ്വന്തം പണികൾ ചെയ്യുവാനായി ഉദ്യാനപാലിമാരോട് ആവശ്യപ്പെടുന്നു. കഞ്ചുകി രാജാവിനെ നോക്കിയിട്ട് ഇത്രയൊക്കെ പശ്ചാതാപമുണ്ടായിട്ടും തിരുമേനിയിൽ കാഴ്ചയ്ക്ക് യാതൊരു കൗതുകക്കുറവും കാണുന്നില്ല. സാനുമതിയും രാജാവിനെ കണ്ടിട്ട് ശകുന്തള തന്നെ അപമാനിച്ചിട്ടും നിരസിച്ചിട്ടും ഇദ്ദേഹത്തിനെക്കുറിച്ച് ഓർത്ത് ക്ലേശിക്കുന്നത് യുക്തമാണ്. മഹാരാജാവ് മനോവിചാരത്താൽ ചുറ്റി നടക്കുന്നു. ഇതുകണ്ട സാനുമതി ഇതുതന്നെയാണ് ശകുന്തളയുടേയും അവസ്ഥ. ഇദ്ദേഹത്തെ ശകുന്തള എന്ന് വ്യാധി പിടികൂടിയല്ലോ എങ്ങനെയാണ് ചികിത്സിക്കുക എന്ന് വിദൂഷകൻ ചിന്തിക്കുന്നു. കഞ്ചുകി രാജാവിന്റെ പക്കൽ വന്നിട്ട് ഉദ്യാനത്തിൽ വന്ന് വിനോദിക്കാം എന്ന് പറയുന്നു. വേത്രവതിയോടായി രാജാവ് ഇപ്രകാരം പറയുന്നു. തന്റെ മന്ത്രി ആര്യപിശുനനോടായി അങ്ങുതന്നെ പൗരകാര്യങ്ങളിൽ വിചാരണ നടത്തി എഴുത്ത് വഴി തെര്യപ്പെടുത്തണം എന്ന് പറഞ്ഞതായി അറിയിക്കാൻ ആജ്ഞാപിക്കുന്നു. രാജാവ് ഏവരും പിരിഞ്ഞുപോകാനായി ആവശ്യപ്പെടുന്നു. രമണീയമായ ഉദ്യാനത്തിലേക്കായി വിദൂഷകൻ രാജാവിനെ വിളിക്കുന്നു. അദ്ദേഹം നെടുവീർപ്പ് വിട്ടിട്ട് തന്റെ പശ്ചാതാപത്തിൽ മുഴുകുന്നു. ഈ തടിക്കമ്പു കൊണ്ട് കാമബാണങ്ങളെ താൻ കുലയ്ക്കാം എന്ന് വിദൂഷകൻ പറയുന്നു. രാജാവ് ചിരിച്ചു ഈ ബ്രാഹ്മണ തേജസ്സ് നാം കണ്ടു തന്റെ സഖിയോട് സാമ്യമുള്ള ലതകളെ നോക്കി സമാധാനിക്കേണ്ടത് എവിടെയാണ് എന്ന് അദ്ദേഹം ചോദിക്കുന്നു. വിദൂഷകനും രാജാവും മാധവീ മണ്ഡപത്തിലേക്ക് പോകുന്നു. വിശ്വസ്ത പരിചാരികയായ ചതുരികയോട് ശകുന്തളയുടെ പടം കൊണ്ടുവരാനായി പറഞ്ഞിരുന്നു. ഇരുവരും അവിടേക്ക് പോകുന്നു. സാനുമതിയും ഇവരെ പിൻതുടരുന്നു. ശകുന്തളയോടായി അവളുടെ പതിയുടെ പല

വിധമായ അനുരാഗങ്ങൾ അവളെ അറിയിക്കണം എന്ന് സാനുമതി പറയുന്നു. രാജാവ് തോഴനോടായി ഇപ്പോൾ തനിക്ക് ശകുന്തളയുടെ പ്രഥമവൃത്താന്തമെല്ലാം ഓർമ്മ വരുന്നു. ഉപേക്ഷിക്കുന്ന സമയം അങ്ങ് എന്റെ പക്കൽ ഇല്ലാതെയായി പ്പോയി എന്നും മുന്നെ അങ്ങ് അവളെ പ്രശംസിക്കുകയുണ്ടായിരുന്നില്ല അങ്ങ് മറ ന്നതായിരിക്കാം എന്ന് പറയുന്നു. രാജാവ് വിചാരമഗ്നനായിട്ട് തന്നെ താങ്ങാനായി പറയുന്നു. അങ്ങേയ്ക്ക് അനുയോജ്യമായതല്ല എന്ന് വിദൂഷകൻ പറയുന്നു. തന്റെ പ്രിയതമയെ ഓർത്ത് വല്ലാതെ ശരണം കെടുന്നു എന്ന് രാജാവ് പറയുന്നു. രാജാവും വിദൂഷകനും ശകുന്തളയെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്നു. രാജാവ് തന്റെ മുദ്രമോതിരത്തെയും പഴിക്കുന്നു. അതുകേട്ട് വിദൂഷകൻ രാജാവിനോടായി ശകുന്തളയ്ക്ക് എന്ത് പ്രസക്തിയിലാണ് മുദ്രമോതിരം കൊടുക്കാൻ ഇടയായതെന്ന് ചോദിക്കുന്നു. കൊട്ടാരത്തിലേക്ക് പോകുവാൻ പുറപ്പെടുന്ന സമയം കരഞ്ഞു കൊണ്ട് എന്നാണ് തന്നെ കൊണ്ടുപോകുന്നത് എന്നു ചോദിച്ചു ആ നേരമാണ് ഈ മുദ്രമോതിരം താൻ നൽകിയത് എന്ന് രാജാവ് പറയുന്നു. എന്നാൽ അത് ചെമ്മീന്റെ വായിൽ അകപ്പെട്ടതിനെ ചൊല്ലി വിദൂഷകൻ ചോദിക്കുന്നു. ശചീ തീർത്ഥം വണങ്ങുന്ന നേരം ഗംഗയിൽ വീണതാവാം എന്നും പറഞ്ഞ് മോതി രത്തെ ശകാരിക്കുന്നു. ചതുരിക ശകുന്തളയുടെ ചിത്രവുമായി പ്രവേശിക്കുന്നു. ചിത്രം അദ്ദേഹത്തെ കാണിക്കുന്നു. ഇതിൽ മൂന്നുപേരുള്ളതും ഇതിൽ ആരാ ണെന്നും ചോദിക്കുന്നു. ചിത്രത്തിൽ നിന്നും ശരീരഭംഗിയുടെ അടിസ്ഥാനത്തിൽ വിദൂഷകൻ ശകുന്തളയെ കണ്ടുപിടിക്കുന്നു. ചിത്രത്തിലെ ശകുന്തളയുടെ വർണ്ണന ഇപ്രകാരമാണ്. തലമുടി കെട്ടഴിഞ്ഞതും, മുഖത്ത് വിയർപ്പുതുള്ളികൾ പൊടിച്ച തും, തോളുകൾ തളർന്നതും, ഭുജങ്ങൾ താഴ്ന്നതും, ചെറുതായി ക്ഷീണിച്ച ഭാവ ത്തിൽ ഇളംതളിരുകൾ ഉള്ള നനവുതട്ടി തിളങ്ങുന്ന തേന്മാവിൽ അരികിൽ ഉള്ളത് തത്രഭവതി ശകുന്തള മറ്റ് രണ്ട് പേർ സഖിമാരും ആണ് എന്ന് പറയുന്നു. ഈ ചിത്രം പൂർത്തീകരിക്കുവാനായി വസ്തുവകകൾ എടുത്തുവരാനായി ചതുരിക യോട് രാജാവ് ആവശ്യപ്പെടുന്നു. ഇനിയും സഖിക്ക് അലങ്കാരങ്ങളിൽ ചിലത് എഴുതാൻ മറന്നിരിക്കുന്നു എന്ന് രാജാവ് പറയുന്നു. ചെന്താരുപോലെ ശോഭി ക്കുന്ന കൈ മുഖത്തിന് നേരെ പിടിച്ച് ഭയപ്പെട്ടു നിൽക്കുന്നു. സൂക്ഷിച്ച് നോക്കി യിട്ട് ഇതാ പൂന്തേൻ കവരുന്ന കള്ളൻ ശ്രീമതിയുടെ മുഖത്തെ ആക്രമിക്കുക യാണ് എന്ന് വിദൂഷകൻ പറയുന്നു. രാജാവ് വണ്ടിനെ ശകാരിക്കുന്നു. തുടർന്ന്

രാജാവ് ദു:ഖിതനാവുന്നു. മാഢവ്യനോടായി തന്റെ ഈ ഇടവിടാതെയുള്ള വിരഹം എന്നാണ് മാറുക എന്ന് പറഞ്ഞ് കണ്ണുനീർ തൂകുന്നു. തുടർന്ന് ചതുരിക വേദിയിൽ പ്രവേശിച്ചിട്ട് താൻ രാജാവിന്റെ ആജ്ഞ അനുസരിച്ച് തൂലികപ്പെട്ടിയുമായി വരികയായിരുന്നു അപ്പോൾ വസുമതിദേവി അങ്ങേയ്ക്ക് കൊടുത്തുകൊള്ളാം എന്ന് പറഞ്ഞു. ദേവി ഇങ്ങോട്ടുവരും ഈ പടം അങ്ങ് സൂക്ഷിക്കുവാനായി തോഴരുടെ പക്കൽ രാജാവ് കൊടുക്കുന്നു. ദ്വാരപാലിക പ്രവേശിച്ചിട്ട് രാജാവിന് എഴുത്ത് നൽകുന്നു. സമുദ്രവ്യാപാരികളുടെ നായകനായ  ധനമിത്രൻ കപ്പൽച്ചേതത്തിൽ മരിച്ചുപോയി അദ്ദേഹത്തിന് പുത്രന്മാരില്ലാത്തതിനാൽ അദ്ദേഹത്തിന്റെ സ്വത്തെല്ലാം പണ്ടാരവകയ്ക്കു ചേരേണ്ടവയാണെന്ന് പറയുന്നു. ആരെങ്കിലും ഇപ്പോൾ ഗർഭം ധരിച്ചവരായിട്ടെങ്കിലും ഉണ്ടോ എന്ന് വിചാരണചെയ്യണം എന്ന് പറയുന്നു. അദ്ദേഹത്തിന്റെ ഭാര്യമാരിൽ അയോദ്ധ്യക്കാരൻ ചെട്ടിയാരുടെ മകൾക്ക് പുംസവനം നടന്നതായി കേൾവിയുണ്ട്. അപ്പോൾ സ്വത്തിനവകാശി ആ കുട്ടിയാണല്ലോ അമാത്യനോടായി പറയാൻ ആവശ്യപ്പെടുക. രാജാവ് നെടുവീർപ്പിട്ട് ഇങ്ങനെ തന്നെ തന്റെ സ്വത്തിനും അവകാശികളില്ലാതെ ആകുമോ പുരുവംശശ്രീയ്ക്കും ഇതുതന്നെ ഗതി. ചതുരിക വേത്രവതിയോടു സ്വകാര്യമായിട്ടാണ് ഈ സംഗതി കേട്ട് അദ്ദേഹത്തിന് പശ്ചാത്താപം ഇരട്ടിച്ചിരിക്കുകയാണ്. അതിനാൽ മാഢവ്യനെ മേഘമാളികയിൽ നിന്നും കൂട്ടികൊണ്ടുവരാൻ പറയുന്നു. സാനുമതി ഇവയെല്ലാം പ്രിയസഖിയോടായി പറഞ്ഞ് ആശ്വസിപ്പിക്കാം. അണിയറയിൽ നിന്നും മാഢവ്യന്റെ നിലവിളി കേൾക്കുന്നു. രാജാവ് സംഭ്രമത്തോടെ ചുറ്റി നടന്നിട്ട് അണിയറയിൽ പ്രവേശിക്കുന്നു. ആരോ ഒരാൾ എന്റെ കഴുത്ത് പിന്നിൽ നിന്നു പിറകോട്ട് തിരിക്കുന്നു. രാജാവ് അമ്പും വില്ലും എടുക്കുന്നു. രാജാവ് ചുറ്റി നോക്കി ഇവിടെ ആരേയും കാണുന്നില്ലല്ലോ എന്നു പറയുന്നു. അണിയറയിൽ നിന്ന് ഞാൻ അങ്ങയെ കാണുന്നു എന്നു കേൾക്കുന്ന രാജാവ് നിന്റെ തിരസ്കരണവിദ്യ എന്റെ അടുത്തു വേണ്ട എന്നു പറഞ്ഞ് അമ്പ് എയ്യുന്നു. തുടർന്ന് വേദിയിൽ മാതലിയും വിദൂഷകനും പ്രവേശിക്കുന്നു. മാതലിയെ കണ്ടയുടനെ അസ്ത്രം പിൻവലിച്ചിട്ട് ദേവേന്ദ്രന്റെ സാരഥിയായ മാതലിക്ക് സ്വാഗതം ചെയ്യുന്നു. ദേവേന്ദ്രന്റെ ആജ്ഞ പ്രകാരം കാലനേമിയുടെ സന്താനമായ ദുർജ്ജയനെ നേരിടാനായി രാജാവിനെ കൂട്ടിക്കൊണ്ടുപോകുവാനാണ് മാതലി വന്നത് എന്ന് അറിയിക്കുന്നു. ഉന്മേഷമില്ലാതെ നിൽക്കുന്നത്

കണ്ടുകൊണ്ട് വിദൂഷനോട് അപ്രകാരം ചെയ്തത് എന്നും ബോധിപ്പിക്കുന്നു. ഇരുവരും തേരിലേറി പോകുന്നു.

## ഏഴാം അങ്കം

പിന്നീട് രാജാവ് മാതലും അകാശ മാർഗ്ഗത്തിലൂടെ യാത്ര ചെയ്യുന്ന അവസരത്തിൽ രാജാവ് മാതലിയോടായി ഇപ്രകാരം പറയുന്നു. ദേവേന്ദ്രൻ തന്നെ സ്ഥിതീകരിച്ച് അദ്ദേഹത്തിന്റെ ആജ്ഞയായിട്ടാണ് പറയാൻ കഴിയുക മറിച്ച് ഒരു സഹായമായി പറയാൻ കഴിയില്ല. ഇരുവരും പല സംഭാഷണത്തിലൂടെ കടന്നു പോകുന്നു. അങ്ങ് ഇതാ നോക്കുക സ്വർഗ്ഗലോകത്തിൽ പ്രതിഷ്ഠ സിദ്ധിച്ചിട്ടുള്ളത് അങ്ങയുടെ സൗഭാഗ്യം ആണെ മാതലി രാജാവിനോടായി പറയുന്നു. യുദ്ധത്തിൽ തനിക്ക് ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല എന്ന് പറയുന്നു. ഇപ്പോൾ ഏത് വായുസ്കന്ധത്തിലാണ് എന്ന് അദ്ദേഹം മാതലിയോടായി ചോദിക്കുന്നുണ്ട്. കനകം ഉരുക്കി ഒഴിച്ചതുപോലെ ഉള്ള ഈ പർവ്വതം ഏതാണ് എന്ന് രാജാവ് ചോദിക്കുന്നു. ആ സ്ഥലം ഏതാണെന്ന് മാതലി വിശദീകരിക്കുന്നു. ഹേമകുടം എന്ന പർവ്വതമാണ് എന്നും തപസിദ്ധിമൂലം ലഭിക്കുന്ന ഉത്തമസ്ഥാനമാണ് കൂടാതെ കിമ്പുരഷന്മാരുടെ വാസസ്ഥലമാണെന്നും പറയുന്നു. അദ്ദേഹത്തെ വണങ്ങി പോകാം എന്നു പറഞ്ഞ് ഇരുവരും ഇറങ്ങുന്നു. മാരീചാശ്രമം ഏതു ദിക്കിലാണെന്ന് ചോദിക്കുന്നു. മാതലി മറുപടി ചൂണ്ടിക്കാണിക്കുന്നു. തുടർന്ന് കുതിരകളെ നിർത്തിയശേഷം താൻ നട്ടുവളർത്തിയ മന്ദാര വൃക്ഷങ്ങളുള്ള ആശ്രമത്തിൽ എത്തിയതായി അറിയിക്കുന്നു. ഇരുവരും അവിടെ ഇറങ്ങി മാതലി രാജാവിനോട് അശോക തറയിൽ ഇരിക്കാനായി ആവശ്യപ്പെടുന്നു. തുടർന്ന് അദ്ദേഹം അവിടെ നിൽക്കുമ്പോൾ അണിയറയിൽ നിന്നും അരുത് ഉണ്ണി ചാപല്യം കാണിക്കരുത് എന്ന് കോൾക്കുന്നു. ഇവിടെ വിനയം ഇല്ലാത്തതായി ആരും ഉണ്ടാവില്ല ഏതാണ് ഈ ബാലൻ? താപസിമാരെ വകവെക്കുന്നില്ലല്ലോ എന്ന് അണിയറയിൽ നിന്നുള്ള ശബ്ദത്തെ അടിസ്ഥാനമാക്കി രാജാവ് പറയുന്നു. തുടർന്ന് ബാലനും താപസിമാരും പ്രവേശിക്കുന്നു. ബാലനാകട്ടെ സിംഹക്കുട്ടിയുടെ പല്ല് എണ്ണട്ടെ എന്നും പറഞ്ഞ് അവയുടെ വാ പിടിക്കുന്നു. ഇതിനെ തപസിമാർ എതിർക്കുന്നു. സർവ്വദമനൻ എന്ന് മഹർഷിമാർ നിനക്ക് പേരിട്ടത് ശരിതന്നെ എന്നാൽ ഇവ നമ്മുടെ വളർത്തുമൃഗങ്ങളാണ് അവയെ വിടാനായി ആവശ്യപ്പെടുന്നു. രാജാവിന് ആ ബാലനെ കണ്ട് സ്വന്തം പുത്രൻ എന്ന സ്നേഹം

തോന്നുന്നു. അത് തനിക്ക് പുത്രനില്ലായ്മകൊണ്ടാവാം എന്ന് ചിന്തിക്കുന്നു. സിംഹക്കുട്ടിയെ വിട്ടയക്കൂ ഇല്ലെങ്കിൽ അതിന്റെ അമ്മ നിന്റെ നേരേ ചാടി വീണേക്കാം എന്ന് താപസിമാർ പറയുന്നു. അതിന് ബാലൻ അവരെ നോക്കി പുഞ്ചിരിച്ചിട്ട് ചുണ്ടു പിളർത്തി കാണിക്കുന്നു. തുടർന്ന് അവന് കളിക്കാൻ മറ്റൊന്നിനെ നൽകാം എന്നു താപസിമാർ പറയുന്നു. എന്നാൽ വാക്കു കൊണ്ട് തൃപ്തിപ്പെടുകയില്ല. പർണ്ണശാലയിൽ നിന്നും ചായം തേച്ചമൺ മയിലിനെ എടുത്തിട്ടു വരാനായി താപസിമാർ പറയുന്നു. ആ ബാലനെ കണ്ട് രാജാവിന് അവന്റെ കൈയ്യിൽ ചക്രവർത്തി ലക്ഷണം കാണുന്നുണ്ടെന്ന് പറയുന്നു. തനിക്ക് ആ ബാലനോട് എന്തെന്നില്ലാത്ത സ്നേഹമാണ് തോന്നുന്നത് എന്ന് രാജാവ് പറയുന്നു. താപസിമാർ ഇരുപുറവും തിരിഞ്ഞുനോക്കിയിട്ട് രാജാവിനെ കണ്ട് ഇതാ ഇങ്ങോട്ടേക്ക് വരാനായി ആവശ്യപ്പെടുന്നു. ഈ ബാലൻ ഞങ്ങളെ അനുസരിക്കുന്നില്ല എന്നു പറയുന്നു. അദ്ദേഹം ബാലനെ മഹർഷി ബാലൻ എന്ന് സംബോധന ചെയ്തപ്പോൾ ഇവൻ മഹർഷി ബാലനല്ല എന്നും, തുടർന്ന് ഇവന്റെ കുലം ഏതാണെന്ന് ചോദിക്കുന്നതിന് അവൻ പുരുവംശമാണെന്നും മറുപടി പറയുന്നു. മനുഷ്യർക്ക് കടന്നുവരാൻ കഴിയാത്ത സ്ഥലമാണ് ഇത്. അപ്സരസംബന്ധം കൊണ്ട് ഈ ബാലന്റെ മാതാവ് ഇവനെ ദേവഗുരു ആയ കാശ്യപന്റെ ആശ്രമത്തിൽ വച്ചാണ് പ്രസവിച്ചത് എന്ന് താപസിമാർ പറയുന്നു. താപസി മയിൽ ആടുന്ന ഭാവത്തിൽ പിടിച്ചുവന്നിട്ട് ശകുന്തലാസ്യം നോക്കുക എന്ന് ആവശ്യപ്പെടുന്നു. മാതൃവത്സലനായ പുത്രൻ ആകട്ടെ അർത്ഥം മാറിദ്ധരിച്ച് അമ്മ ഇവിടെ ഇല്ലല്ലേ എന്നും പറയുന്നു. രാജാവ് അപ്പോൾ ചിന്തിച്ചു ഇവന്റെ മാതാവിന്റെ പേര് ശകുന്തള എന്നാണോ അനേകം പേർക്ക് ഒരു പേര് വരാമല്ലോ എന്നും അദ്ദേഹം വിചാരിക്കുന്നു. ബാലന് ആ മയിലിനെ ഇഷ്ടമായതിനാൽ അവയെ മാതാവിനെ കാണിക്കാനായി ഓടുന്നു. അപ്പോഴാണ് താപസിമാർ പുത്രന്റെ കൈയ്യിലെ രക്ഷ കാണുന്നില്ല എന്ന് ശ്രദ്ധിക്കുന്നത്. സിംഹക്കുട്ടിയുമായുള്ള കളിയിൽ അഴിഞ്ഞതാവാം എന്നും പറഞ്ഞ് രാജാവ് അത് എടുക്കുന്നു. താപസിമാരെല്ലാം വിസ്മയിച്ചു. രാജാവിനോട് ഇപ്രകാം പറയുന്നു. അപരാജിത എന്ന് പേരുള്ള ഒരു ഔഷധിയാണിത്. മാരിചഭഗവൻ ഇവന്റെ ജാതകർമ്മ വേളയിൽ കെട്ടിയതാണ്. അച്ചനോ അമ്മയോ, താനോ അല്ലാതെ മറ്റാരു സ്പർശിച്ചാലും

അത് ഉടനെ സർപ്പമായി ആക്രമിക്കും എന്നു പറഞ്ഞു. ഇത്രയും കേട്ടയുടനെ രാജാവ് പുത്രനെ ആലിംഗനം ചെയ്യുന്നു. ആ ബാലൻ ആകട്ടെ തന്നെ വിടാനായി ആവശ്യപ്പെടുന്നു. തന്റെ അച്ഛൻ ദുഷ്യന്തനാണ് താനല്ല എന്നും പറയുന്നു. തുടർന്ന് അഴിച്ചിട്ട കേശത്താൽ ശകുന്തള പ്രവേശിക്കുന്നു. ശകുന്തളയെ കണ്ട് രാജാവ് അശ്ചര്യത്തോടെയും കരഞ്ഞുകൊണ്ട് കാൽക്കൽ വീഴുന്നു. തുടർന്ന് ശകുന്തള മുദ്രമോതിരം കണ്ടിട്ട് ഇത് ആ മോതിരം അല്ലേ എന്നും അങ്ങേയ്ക്ക് ഇത് എവിടെ നിന്നും ലഭിച്ചു എന്നും ചോദിക്കുന്നു. അത് ശകുന്തളയ്ക്കു തന്നെ ധരിപ്പിക്കാനായി രാജാവ് ശ്രമിക്കുമ്പോൾ തനിക്ക് ഇതിൽ വിശ്വാസമില്ല എന്നും അങ്ങ് തന്നെ വച്ചുകൊള്ളാൻ ആവശ്യപ്പെടുന്നു. മാതലി പ്രവേശിച്ചിട്ട് ഭാഗ്യവശാൽ പുത്രമുഖദർശനവും ധർമ്മപത്നിയുടെ യോഗവുമുണ്ടായതിൽ അഭിനന്ദിക്കുന്നു. മാതലി ഇരുവരേയും കൂട്ടി കാശ്യപഭഗവാന്റെ അടുത്തുപോകുന്നു. അദിദി ഇപ്രകാരം രാജാവിനെ വർണ്ണിക്കുന്നു. ആകൃതികൊണ്ട് തന്നെ അദ്ദേഹം മഹാനുഭാവനാണെന്ന് മനസ്സിലാക്കാം എന്ന് പറയുന്നു. തുടർന്ന് ദുഷ്യന്തൻ ഇരുവരേയും നമസ്ക്കരിക്കുന്നു. അദിതി ശകുന്തളയെ അനുഗ്രഹിക്കുന്നു. തുടർന്ന് മാരീചൻ അവർക്കുണ്ടായ കാര്യങ്ങൾ വ്യക്തമായി പറഞ്ഞുകൊടുക്കുന്നു. ദുർവ്വാസാവിന്റെ ശാപംമൂലം ആണെന്നും വ്യക്തമാക്കുന്നു. തുടർന്ന് മാരിചൻ ശിഷ്യനെ വിളിച്ച് കണ്വമഹർഷിയോടും ഈ വൃത്താന്തം അറിയിക്കാൻ പറയുന്നു. തുടർന്ന് ഇരുവരും പോകുന്നു. എഴാം അങ്കത്താൽ അഭിജ്ഞാന ശാകുന്തളം അവസാനിച്ചു.

# അധ്യായം – 4
# പഠനത്തിന്റെ കണ്ടെത്തലുകൾ

ബി.സി 500-ൽ ഭരതമുനിയാൽ രചിക്കപ്പെട്ട നാട്യകലയുടെ രംഗകലയുടേയും മണ്ഡലത്തിൽ പ്രവർത്തിക്കന്നവർക്കായിട്ടുള്ള ഒരു സർവ്വ വിജ്ഞാന കോശമാണ് നാട്യശാസ്ത്രം എന്ന ഗ്രന്ഥം. എന്നാൽ അഭിജ്ഞാനശാകുന്തളം രചിച്ചിട്ടുള്ളത് 4-ാം നൂറ്റാണ്ടിലാണ്. അതിനാൽ ഒന്ന് മറ്റൊന്നിനെ അടിസ്ഥാനപ്പെടുത്തിയിട്ടുണ്ടാവാം. എന്നിരുന്നാലും കാളിദാസൻ നാടക രൂപത്തിൽ എഴുതപ്പെട്ടിട്ടുള്ളതാണ് അഭിജ്ഞാന ശാകുന്തളം എന്ന രചന. ഭരതന്റെ നാട്യശാസ്ത്രത്തിലും നാടകങ്ങളെ അടിസ്ഥാനമാക്കി പത്തു രൂപകങ്ങളെ വിവരിക്കുന്നുണ്ട്. ഓരോ രൂപകങ്ങളിലും വ്യത്യസ്ത വിവരണങ്ങളാണ് കൊടുത്തിട്ടുള്ളത്. അവയിൽ നിന്നും കാളിദാസൻ അഭിജ്ഞാനശാകുന്തളം നാടകമായിട്ടാണ് പറയുന്നത്. ഭരതന്റെ വിവരണത്തിൽ നിന്നും എത് രൂപകമെന്ന് വ്യകതമാണ്. ഭരതമുനി ദസ രൂപകത്തിലെ നാടകത്തിൽ ഇപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. പ്രസിദ്ധമായ കഥാ സാരവും, ധീരോദാത്ത ഗുണം ഉള്ള പ്രശസ്ത രാജവംശത്തിൽ ഉള്ളവനാവണം പ്രധാന കഥാപാത്രം എന്ന് പറഞ്ഞിരിക്കുന്നു. അത് അഭിജ്ഞാനശാകുന്തളത്തിൽ നമുക്ക് അംഗീകരിക്കാൻ കഴിയുന്നതാണ്. വിവിധ രസങ്ങളും ചേഷ്ടകളും സുഖ ദുഃഖങ്ങളും നിറഞ്ഞതാണ് അഭിജ്ഞാനശാകുന്തളം. ഇവ നാടകത്തിന്റെ ഒരു ഗുണമായി ഭരതൻ പ്രസ്താവിക്കുന്നുണ്ട്. പ്രധാനമായി നാടകത്തിൽ ഭരതൻ ആവശ്യപ്പെടുന്നത് കുറഞ്ഞത് 5 അങ്കങ്ങളാണ്. പത്തിൽ കൂടാനും പാടില്ല എന്നും, അതിന്റെ അടിസ്ഥാനത്തിൽ കാളിദാസന്റെ അഭിജ്ഞാന ശാകുന്തളത്തിൽ 7 അങ്കങ്ങളാണ് അടങ്ങിയിരിക്കുന്നത്. കൂടാതെ ഓരോ അങ്കത്തിലും അധിക ദൈർഘ്യം ഉള്ള കാര്യങ്ങൾ അല്ല വിവരിക്കുന്നത്. ഒരു ദിവസത്തെയോ മറ്റും ആണ് വർണ്ണിച്ചിരിക്കുന്നത്. നാട്യശാസ്ത്രംഅടിസ്ഥാനമാക്കി പറഞ്ഞിട്ടുള്ളപോലെ ആരംഭത്തിൽ മധ്യമന്മാരോ ഉത്തമന്മാരോ പ്രവേശിച്ച് കഥാപാത്രത്തെ വിവരിക്കുന്നുണ്ട്. അഭിജ്ഞാനശാകുന്തളത്തിലും ഭരതമുനിയും നാട്യശാസ്ത്രത്തിലെ 20-ാം അധ്യായമായ ദശരൂപകത്തിന്റെ അടിസ്ഥാനത്തിൽ കാളിദാസന്റെ അഭിജ്ഞാനശാകുന്തളം നാടകമാണ് എന്ന് വ്യക്തമാണ്. നാടകത്തിന്റെ എല്ലാ ഗുണങ്ങളും അഭിജ്ഞാന ശാകുന്തളത്തിലടങ്ങിയിട്ടുണ്ട്. എന്തുകൊണ്ട് മറ്റു രൂപങ്ങളായില്ല എന്നും വ്യക്തമാക്കാം. നാടകവുമായി ഏറെ സാദൃശ്യം ഉളവാക്കുന്നതാണ് പ്രകരണം. എന്നാൽ പ്രകരണത്തിൽ പറഞ്ഞതുപോലെ ഇതിവൃത്തവും നായകനും കവി സൃഷ്ടിക്ക

എന്നും വിശദീകരിച്ചിട്ടുണ്ട്. ഇവയെല്ലാം ഏറെ അഭിജ്ഞാനശാകുന്തളത്തെ താരതമ്യപ്പെടുത്താൻ കഴിയുന്നവയാണ്. എന്നിരുന്നാൽ കൂടി അങ്കത്തിൽ പ്രസ്താവിച്ചിട്ടുള്ള വസ്തുതയായ സാത്വകി, കൈസികി, അരഭടി എന്ന മൂന്ന് വൃത്തികൾ പാടില്ല എന്നത് അഭിജ്ഞാനശാകുന്തളവുമായി സാദൃശ്യം ചെലുത്തുന്നില്ല. കൂടാതെ ദേവന്മാരുടെ വാസസ്ഥലങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നില്ല, അങ്കത്തിൽ അഭിജ്ഞാനശാകുന്തളത്തിൽ അത് കാണാൻ സാധിക്കുന്നുണ്ട്. വ്യയോഗത്തിലാകെ ഒരങ്കം മാത്രം ഉണ്ടാവൂ എന്നും ഒരു ദിവസത്തെ സംഭവമാണ് കഥാസാരമാക്കേണ്ടത് എന്നും പറയുന്നുണ്ട് അവ അഭിജ്ഞാന ശാകുന്തളവുമായി കൂട്ടിച്ചേർക്കാൻ കഴിയുന്നതല്ല. ഭാണത്തിലാകട്ടെ ഒരു വ്യക്തി മാത്രമാണ് അഭിനയിക്കേണ്ടത് എന്ന് പറയുന്നു. അതിനാൽ അഭിജ്ഞാനശാകുന്തളം ഭാണവുമായി യാതൊരു ബന്ധവുമില്ല എന്ന് മനസ്സിലാക്കാം. ദേവാസുരയുദ്ധവും മൂന്നങ്കവും അടങ്ങിയതാവണം സമവകാരം എന്നും പറയുന്നു. അതിനാൽ അഭിജ്ഞാനശാകുന്നതളത്തിനും ഇവയുമായും ബന്ധമില്ലെന്ന് വ്യക്തമാക്കാം. മഹർഷി, സിദ്ധൻ മുതലായവരോട് ഹാസ്യരൂപേണയുള്ള സംഭാഷണങ്ങളടങ്ങിയതാവണം പ്രഹസനം. അഭിജ്ഞാനശാകുന്തളത്തിൽ അത്തരത്തിൽ ഒന്നും തന്നെ വിശദീകരിക്കുന്നില്ല. അതിനാൽ പ്രഹസനം അല്ല എന്ന് വ്യക്തമാക്കാം. ഡീമത്തിലും ഭരതൻ പറഞ്ഞിരിക്കുന്നത് പ്രസിദ്ധമായ ഇതിവൃത്തവും ധീരോദാത്ത നയകനും ആയിരിക്കണം എന്നാണ്. ഇവ അഭിജ്ഞാന ശാകുന്തളത്തെ സ്വാധീനിക്കുന്നുണ്ട് എങ്കിലും നാല് അങ്കമേ പാടുള്ളു എന്ന് പറയുന്നുണ്ട്. അതിനാൽ ഡിമം എന്ന രൂപകമല്ല അഭിജ്ഞാന ശാകുന്തളത്തിൽ എന്ന് വ്യക്തമാക്കാം. ഈഹാമൃഗത്തിൽ നായകൻ ദിവ്യനായിരിക്കണം എന്നും ദിവ്യാസ്ത്ര കാരണത്താലുള്ള യുദ്ധം എന്നിവയും പറയുന്നു. അതിനാൽ ഈഹാമൃഗം അഭിജ്ഞാനശാകുന്തളവുമായി ബന്ധമില്ല. ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ ദശരൂപകങ്ങളുടെ അടിസ്ഥാനത്തിൽ കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം നാടകം എന്ന രൂപകമാണെന്ന് ഈ പഠനത്തിലൂടെ വ്യക്തമാണ്.

# ഉപസംഹാരം

ഭരതമുനിയുടെ നാട്യശാസ്ത്രം എന്ന ഗ്രന്ഥം സാഹിത്യങ്ങളുടെയും കലയുടേയും ഒരു പ്രധാനമായ ഗ്രന്ഥമാണ്. അതിൽ ഇരുപതാം അദ്ധ്യായ ത്തിൽ ദശരൂപകത്തിൽ പത്ത് തരം നാടകങ്ങളെ വിശദീകരിക്കുന്നു. അവയുടെ അടിസ്ഥാനത്തിൽ കാളിദാസൻ എഴുതപ്പെട്ട അഭിജ്ഞാനശാകുന്തളം എന്ന രചന ഭരതമുനിയുടെ നാട്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ നാടകമായി ട്ടാണ് പറയുന്നത്. നിരവധി കരണങ്ങളാണ് നാടകത്തിൽ അടങ്ങിയിട്ടുള്ളത്. അഭിജ്ഞാന ശാകുന്തളം അത്തരത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. എന്നാൽ ദശ രൂപകത്തിലെ അങ്കത്തിലും പല സാദൃശ്യം ഉണ്ടെങ്കിലും പൂർണ്ണമായും അങ്ക മായി കണക്കാക്കാൻ കഴിയില്ല. കൂടുതലും നാടകവുമായിട്ടാണ് അഭിജ്ഞാന ശാകുന്തളം സംയോജിപ്പിച്ചിരിക്കുന്നത്. ദശരൂപകത്തിൽ അവ പത്തും വ്യത്യസ്ത മാത്രകയിലും എല്ലാം തന്നെ വ്യത്യസ്തമായിട്ടാണ്. വിവിധ രൂപക ങ്ങളും പലതരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. അതിനാൽ നാട്യശാസ്ത്ര പ്രകാരം ദശരൂപകത്തിന്റെ അടിസ്ഥാനത്തിൽ കാളിദാസ അഭിജ്ഞാന ശാകു ന്തളം നാടകം ആണ് എന്ന് ഈ പഠനത്തിൽ നിന്നും വ്യക്തമാണ്

## ഗ്രന്ഥസൂചിക


- പരിഭാഷ : കെ. പി. നാരായണപിഷാരോടി, നാട്യശാസ്ത്രം, കേരള സാഹിത്യ അക്കാഡമി
- വിവർത്തനം : എ. ആർ രാജരാജവർമ്മ, വിജ്ഞാനശാകുന്തളം, ഇ ബുക്ക്
- https://www.britannica.com/topic/Abhijnanashakuntala
- https://jncollegeonline.co.in/attendence/classnotes/files/1621494160.pdf
- https://classicalartsuniverse.com/wp-content/uploads/2016/02/The-Recognition-of-Sakuntala-Download-in-PDF.pdf


*****